# മാസപ്പിറവി

## മൻഹജും മസ്അലയും

അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

# മാസപ്പിറവി

## മൻഹജും മസ്അലയും

അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

അൽഹുദാ സലഫി ചാരിറ്റബിൾ ട്രസ്റ്റ്, കായക്കൊടി

**Masappiravi : Manhajum Mas'alayum** *(Malayalam)*
*Author : Abu Tariq Zubair Mohamed*

*Published by*

**AL HUDA SALAFI CHARITABLE TRUST**

*Kayakkodi, Calicut, Kerala, India, Pin 673 508*

*Copyright ©* Al Huda Salafi Charitable Trust, 2022/1444 H
Kayakkodi, Calicut, Kerala, India, Pin 673 508

*First Edition* 2023/1444 H

*All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the copyright owner.*

*Typeset by* *zeear.em*
*Cover Design* *mazin.ab*

بِسْــمِ اللهِ الرَّحْمَٰنِ الرَّحِيمِ

إِنَّ الْحَمْدَ لِلهِ، نَحْمَدُهُ وَنَسْتَعِينُهُ وَنَسْتَغْفِرُهُ، وَنَعُوذُ بِاللهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَنْ لَا إِلَهَ إِلَّا اللهُ، وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ﴿١٠٢﴾﴾ (آلُ عِمْرَانَ)

﴿يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا ﴿١﴾﴾ (النِّسَاءُ)

﴿يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا ﴿٧٠﴾ يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا ﴿٧١﴾﴾ (الْأَحْزَابُ)

أَمَّا بَعْدُ؛ فَإِنَّ أَصْدَقَ الْحَدِيثِ كَلَامُ اللهِ، وَخَيْرَ الْهَدْيِ هَدْيُ مُحَمَّدٍ ﷺ، وَشَرَّ الْأُمُورِ مُحْدَثَاتُهَا، وَكُلَّ مُحْدَثَةٍ بِدْعَةٌ، وَكُلَّ بِدْعَةٍ ضَلَالَةٌ، وَكُلَّ ضَلَالَةٍ فِي النَّارِ.

**എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് നോമ്പും പെരുന്നാളും തീരുമാനിക്കേണ്ടത്? കാഴ്ചയെയാണോ കണക്കിനെയാണോ? കാഴ്ചയെ അടിസ്ഥാനപ്പെടുത്തിയാണ് തീരുമാനിക്കുന്നതെങ്കിൽ ആർക്കാണ് പിറവി കണ്ട സാക്ഷ്യം പരിശോധിച്ച് തീരുമാനം പ്രഖ്യാപിക്കാൻ അധികാരമുള്ളത്? ഇക്കാര്യത്തിൽ കേരളീയ മുസ്‌ലിം സമൂഹത്തിൽ വലിയ ആശയക്കുഴപ്പവും ഭി**

ന്നതയും മുമ്പു മുതലേ നിലനിന്നു പോരുന്നുണ്ട്. വർഷാവർഷ ങ്ങളായി നടത്തിവരുന്ന ചർച്ചകളും സംവാദങ്ങളും ഭിന്നതയുടെ ആഴം കൂട്ടാനും, സമൂഹത്തിൽ ഛിദ്രതയും ധ്രുവീകരണവും വർ ദ്ധിപ്പിക്കാനും മാത്രമേ ഉതകുന്നുള്ളു.

ഇത് ലാഘവത്തോടെ കാണേണ്ട ഒരു പ്രശ്നമല്ല. കാരണം, മുസ്‌ലിം ഐക്യത്തെയാണ് ഇത് സാരമായി ബാധിക്കുന്നത്. അതിനാൽ അഹ്‌ലുസ്സുന്നഃ വൽ ജമാഅഃയുടെ മാർഗ്ഗവും രീതിയും അനുസരിച്ച് ഈ പ്രശ്നത്തിൽ ശർഇന്റെ ശരിയായ വി ധിയെന്ത് എന്ന് പരിശോധിക്കുകയാണിവിടെ. നിഷ്പക്ഷരും സത്യാന്വേഷികളുമായ മുസ്‌ലിം ബഹുജനങ്ങൾക്ക് അല്ലാഹു വിന്റെ വേണ്ടുകയാൽ ഇതിൽനിന്ന് വിഷയം ശരിയാംവണ്ണം ഗ്ര ഹിക്കാൻ സാധിക്കും. ഇത് വിവിധ വിഭാഗങ്ങൾക്കും കക്ഷികൾ ക്കും വേണ്ടി സംസാരിക്കുന്ന വക്താക്കൾക്കും പ്രസംഗർക്കും അവരുടെ നിലപാട് പുനഃപരിശോധിക്കാൻ സഹായകമാകും. സമുദായത്തിന്റെ ഐക്യവും പുരോഗതിയും ആഗ്രഹിക്കുന്ന, സമൂഹത്തിൽ സ്വാധീനശക്തിയുള്ള വ്യക്തികൾക്ക് ഈ വിഷ യത്തിൽ ശരിയായ നിലപാട് സ്വീകരിക്കാനും അവരുടെ പരിശ്രമ ങ്ങൾക്ക് വെളിച്ചം കണ്ടെത്താനും ഉപകരിക്കും. നമ്മുടെ സദുദ്യ മങ്ങൾ അല്ലാഹു സഫലമാക്കട്ടെ, ആമീൻ.

ഒരു വിഷയത്തിൽ ശർഇന്റെ വിധി കണ്ടെത്താൻ ഇസ്‌ലാ മിൽ നിയതമായ ഒരു മാർഗ്ഗവും രീതിയുമുണ്ട്. നബി ﷺ യും സ്വ ഹാബത്തും നമുക്ക് കൈമാറിയിട്ടുള്ള കുറ്റമറ്റ രീതിയത്രെ അത്. ഏതൊരു മുസ്‌ലിമും ജീവിതത്തിൽ പിന്തുടരേണ്ട മൻഹജിന്റെ ഭാഗമാണത്. അതിൽ പിഴച്ചാൽ ആ പിഴവ് അവന്റെ ഇസ്‌ലാ മിക ജീവിതത്തെ സമൂലമായി തന്നെ ബാധിക്കും. ആയതിനാൽ ഒരു മുസ്‌ലിം തന്റെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരു ന്ന സകലമാന പ്രശ്നങ്ങൾക്കും ശർഇന്റെ വിധി കണ്ടെത്തേണ്ട രീതി എങ്ങനെയാണെന്ന് ആദ്യമായി പരിശോധിക്കാം.

## ഒന്ന്: ഇസ്‌ലാമിന്റെ സ്രോതസ്സുകൾ

മതപരമായ അറിവും ദീനും സ്വീകരിക്കാനുള്ള സ്രോതസ്സ് വഹ്‌യ് മാത്രമാണ്. അതിൽനിന്ന് ലഭിക്കുന്ന അറിവ് പരമവും ആത്യന്തികവുമായിരിക്കും. അതിനാൽ ഇസ്‌ലാമിന്റെ മുഖ്യധാരയെ പ്രതിനിധാനം ചെയ്യുന്ന അഹ്‌ലുസ്സുന്നഃ വൽ ജമാഅഃ വഹ്‌യിൽനിന്ന് മാത്രമേ അറിവും ദീനും സ്വീകരിക്കുകയുള്ളു. ദീൻ കാര്യത്തിൽ മറ്റു സ്രോതസ്സുകളെ അവർ പൂർണ്ണമായും നിരാകരിക്കും. അപ്രകാരമാണ് അല്ലാഹു കൽപിച്ചിരിക്കുന്നതും.

﴿اتَّبِعُوا مَا أُنزِلَ إِلَيْكُم مِّن رَّبِّكُمْ وَلَا تَتَّبِعُوا مِن دُونِهِ أَوْلِيَاءَ ۗ قَلِيلًا مَّا تَذَكَّرُونَ ﴿٣﴾﴾ (الْأَعْرَافُ)

[നിങ്ങളുടെ റബ്ബിങ്കൽനിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു ഔലിയാക്കളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ചു മാത്രമല്ലേ നിങ്ങൾ ഓർക്കുന്നുള്ളു.] (അഅ്റാഫ്: 3)

രണ്ട് രൂപത്തിലാണ് അല്ലാഹു വഹ്‌യ് അവതരിപ്പിച്ചിരിക്കുന്നത്. ഗ്രന്ഥരൂപത്തിലായി ഖുർആനും അതിന്റെ പ്രായോഗിക വിശദീകരണമായി നബിചര്യയും. നബി ﷺ പറയുന്നു:

عَنْ أَبِي هُرَيْرَةَ رضي الله عنه، قَالَ: قَالَ رَسُولُ اللهِ ﷺ: «إِنِّي قَدْ تَرَكْتُ فِيكُمْ شَيْئَيْنِ لَنْ تَضِلُّوا بَعْدَهُمَا: كِتَابَ اللهِ وَسُنَّتِي، وَلَنْ يَتَفَرَّقَا حَتَّى يَرِدَا عَلَيَّ الْحَوْضَ» [الْحَاكِمُ فِي مُسْتَدْرَكِهِ، وَصَحَّحَهُ الْأَلْبَانِي]

അബൂ ഹുറയ്റഃ رضي الله عنه നിവേദനം. നബി ﷺ പറയുന്നു: «രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങളിൽ വിട്ടേച്ചു പോകുന്നു. അവയ്ക്കു ശേഷം നിങ്ങൾ ഒരിക്കലും പിഴച്ചുപോവുകയില്ല: അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ ചര്യയും. ഹൗളിനരികിൽവെച്ച് എന്നോ

ടൊപ്പം അവ വന്നുചേരുന്നതുവരെ രണ്ടും തമ്മിൽ ഒരിക്കലും വേർപിരിയുകയില്ല.» (ഹാകിം മുസ്തദ്റകിൽ ഉദ്ധരിച്ചത്)

ഖുർആനും സുന്നത്തുമാണ് വഹ്യിന്റെ രണ്ടു രൂപങ്ങൾ. അവ രണ്ടും തത്തുല്യമായ പ്രമാണങ്ങളാണ്. അവയെ ഒരു ഏകകമായി കാണണം. അവയ്ക്കിടയിൽ വിവേചനം പാടില്ല. മതപരമായ കാര്യങ്ങൾ അന്വേഷിക്കേണ്ടത് അവ രണ്ടിലും ഒരുമിച്ചാണ്. മറ്റു സ്രോതസ്സുകൾ തേടിപ്പോകരുത്. ഏതെങ്കിലും ഒരു വിഷയത്തിൽ മുസ്ലിംകൾക്കിടയിൽ ഭിന്നതയുണ്ടായാൽ അക്കാര്യം വഹ്യിന്റെ രണ്ടു രൂപങ്ങളായ ഖുർആനിലേക്കും സുന്നത്തിലേക്കുമാണ് മടക്കേണ്ടത്. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ وَأُولِي الْأَمْرِ مِنكُمْ ۖ فَإِن تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ إِن كُنتُمْ تُؤْمِنُونَ بِاللَّهِ وَالْيَوْمِ الْآخِرِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴿٥٩﴾﴾ (النِّسَاءُ)

[വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക; നിങ്ങൾ റസൂലിനെയും നിങ്ങളിലെ കൈകാര്യകർത്താക്കളെയും അനുസരിക്കുക. വല്ല കാര്യത്തിലും നിങ്ങൾ ഭിന്നിക്കുകയാണെങ്കിൽ അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കൂ. നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് കൂടുതൽ ഉത്തമവും നല്ല പര്യവസാനമുളവാക്കുന്നതും.] (നിസാഅ്: 59)

## രണ്ട്: യുക്തിക്ക് പ്രമാണരേഖകളെക്കാൾ മുൻഗണന നൽകരുത്

മനുഷ്യാസ്തിത്വത്തിനു നൽകപ്പെട്ട ഏറ്റവും വലിയ വരദാനമാണ് ബുദ്ധി; അവന്റെ ഏറ്റവും വലിയ കെടുതിയും അതു തന്നെ. ബുദ്ധിക്ക് പരിധികളും പരിമിതികളുമുണ്ട്. ശരിയായ പ്ര

യോഗ രീതികളും, പ്രയോഗിക്കാൻ പാടുള്ളതും പാടില്ലാത്തതുമായ മേഖലകളുമുണ്ട്. മനുഷ്യനെ ഭൂലോകത്തേക്ക് മാറ്റിപ്പാർപ്പിച്ചപ്പോൾ അല്ലാഹു പറഞ്ഞത് നിങ്ങൾക്കു വേണ്ട മാർഗ്ഗദർശനം സമയാസമയങ്ങളിൽ ഞാൻ തന്നെ ഇറക്കിത്തരും, നിങ്ങൾ അത് പിന്തുടരുകയേ വേണ്ടൂ, എങ്കിൽ നിങ്ങൾക്ക് ഭയക്കാനൊന്നുമില്ല, നിങ്ങൾ ദുഃഖിക്കേണ്ടി വരികയുമില്ല എന്നാണ്. അല്ലാഹു പറയുന്നു:

﴿قُلْنَا اهْبِطُوا مِنْهَا جَمِيعًا ۖ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَن تَبِعَ هُدَاىَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿٣٨﴾﴾ (الْبَقَرَةُ)

[നിങ്ങൾ എല്ലാവരും അവിടെ നിന്ന് ഇറങ്ങിക്കൊള്ളുക. എന്റെ അടുക്കൽനിന്നുള്ള മാർഗ്ഗദർശനം നിങ്ങൾക്ക് വന്നുകിട്ടുമ്പോൾ എന്റെ ആ മാർഗ്ഗദർശനം പിന്തുടരുന്നവർക്ക് ഭയപ്പെടാനൊന്നുമില്ല; അവർ ദുഃഖിക്കേണ്ടി വരികയുമില്ല.] (ബഖറഃ: 38)

മതവും മാർഗ്ഗദർശനവും ആവിഷ്കരിക്കേണ്ട ബാധ്യത അല്ലാഹു മനുഷ്യനെ ഏൽപിച്ചിട്ടില്ല. അതിനു പര്യാപ്തമായ ബുദ്ധി മനുഷ്യനു നൽകിയിട്ടുമില്ല. അതിന് അവൻ മുതിർന്നാൽ അതിന്റെ ഫലം സർവ്വനാശമായിരിക്കും. അല്ലാഹു പറയുന്നു:

﴿وَلَوِ اتَّبَعَ الْحَقُّ أَهْوَاءَهُمْ لَفَسَدَتِ السَّمَاوَاتُ وَالْأَرْضُ وَمَن فِيهِنَّ ۚ بَلْ أَتَيْنَاهُم بِذِكْرِهِمْ فَهُمْ عَن ذِكْرِهِم مُّعْرِضُونَ ﴿٧١﴾﴾ (الْمُؤْمِنُونَ)

[സത്യം അവരുടെ അഭീഷ്ടങ്ങളെയായിരുന്നു പിന്തുടർന്നിരുന്നത് എങ്കിൽ ആകാശഭൂമികളും അവയിലുള്ളവയുമെല്ലാം കുഴപ്പത്തിലായിട്ടുണ്ടാകുമായിരുന്നു. മറിച്ച്, അവർക്കുള്ള സന്ദേശം നാം തന്നെ എത്തിച്ചു കൊടുത്തിരിക്കുന്നു. എന്നിട്ടും അവർ അവർക്കുള്ള സന്ദേശത്തിൽ നിന്ന് തിരിഞ്ഞു കളയുകയാണല്ലോ!] (മുഅ്മിനൂൻ: 71)

ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാതെ മിക്കപ്പോഴും അതിസാഹസത്തിനു മുതിരുകയാണു മനുഷ്യൻ. അവൻ വിനയപൂർവ്വം അല്ലാഹു അവതരിപ്പിച്ച സന്ദേശം സ്വീകരിച്ച് അതിനു കീഴ്പ്പെടേണ്ടതിനു പകരം, സ്വന്തം ബുദ്ധിയിലും യുക്തിയിലും അഭിരമിക്കുകയും തന്നെ ഏൽപിച്ചിട്ടില്ലാത്ത കാര്യത്തിൽ ഇടപെടുകയും ചെയ്യുന്നു. അതിനാൽ അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ آمَنُوا لَا تُقَدِّمُوا بَيْنَ يَدَيِ اللَّهِ وَرَسُولِهِ ۖ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ سَمِيعٌ عَلِيمٌ ۝١﴾ (الْحُجُرَاتُ)

[വിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും മറികടക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.] (ഹുജുറാത്: 1)

എന്നല്ല, ഇവ്വിഷയകമായി വന്ന പ്രമാണരേഖകൾ പരിശോധിച്ചാൽ നിശിതവും നിഷ്കൃഷ്ടവുമായ നിർദ്ദേശങ്ങളാണ് അല്ലാഹു നൽകിയിട്ടുള്ളതെന്ന് കാണാം. അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരാണിനോ പെണ്ണിനോ അല്ലാഹു വരച്ച ആ ചുവപ്പുരേഖ മറികടക്കാൻ പാടുള്ളതല്ല. അല്ലാഹു പറയുന്നു:

﴿وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا ۝٣٦﴾ (الْأَحْزَابُ)

[അല്ലാഹുവും അവന്റെ റസൂലും ഏതൊരു വിഷയം തീർപ്പാക്കിയാലും വിശ്വാസിയായ പുരുഷന്നോ സ്ത്രീക്കോ തങ്ങളുടെ കാര്യത്തിൽ മറ്റൊന്ന് തെരഞ്ഞെടുക്കാൻ പാടില്ല. ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നുവോ അവൻ വ്യക്തമായും പിഴച്ചുപോയതു തന്നെ.] (അഹ്സാബ്: 36)

മുസ്ലിം എപ്പോഴും വിനീതനായ വിശ്വാസിയായി വർത്തി

ക്കണം. അവർക്കിടയിൽ ഉയർന്നുവരുന്ന ഭൗതികമോ മതപരമോ ആയ കാര്യങ്ങളിൽ തീർപ്പുകൽപ്പിക്കാനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ അത് നിരാകരിക്കാനോ, അതിനെ മറികടന്ന് ബുദ്ധിയുടെയും യുക്തിയുടെയും വിധി തേടിപ്പോകുവാനോ അവർക്കനുവാദമില്ല. അല്ലാഹു പറയുന്നു:

﴿إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا سَمِعْنَا وَأَطَعْنَا ۚ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٥١﴾﴾ (النُّورُ)

[തങ്ങൾക്കിടയിൽ തീർപ്പുകൽപ്പിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ വിശ്വാസികളുടെ പ്രതികരണം, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണു വിജയികൾ.] (നൂർ: 51)

മതവിശ്വാസങ്ങളെയും ശാസനകളെയും തങ്ങളുടെ ബുദ്ധിയും യുക്തിയും ഉപയോഗിച്ച് വിമർശനാത്മകമായി വിലയിരുത്തുക, എന്നിട്ട് ചിലതു സ്വീകരിക്കുക, ചിലത് ത്യജിക്കുക എന്നത് വിശ്വാസികളുടെ മാർഗ്ഗമല്ല. ഇബ്ലീസിന്റെ അനുയായികളാണ് ബുദ്ധിയിലും കഴിവിലും അഹങ്കരിക്കുകയും അഭീഷ്ടങ്ങളിൽ അഭിരമിക്കുകയും ചെയ്യുന്നവർ. അവരാണ് അല്ലാഹുവിന്റെ ശാസനകളെ ത്യാജ്യഗ്രാഹ്യ ബുദ്ധിയോടെ സമീപിക്കുന്നവർ. അല്ലാഹു അവതരിപ്പിച്ച പ്രമാണവാക്യങ്ങൾ മുഖവിലക്കെടുക്കുകയും, അതിൽ വിശ്വാസമർപ്പിച്ച്, അതിനു സർവഥാ കീഴ്പ്പെടുകയും ചെയ്യുക എന്നതാണ് വിനീത ദാസന്മാരുടെ രീതി. സച്ചരിതരായ സലഫുകൾ ഒരിക്കലും മതശാസനകളെ യുക്തിയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയോ വിമർശനാത്മകമായി സമീപിക്കുകയോ ചെയ്തിട്ടില്ല. മറിച്ച്, വിശ്വാസത്തോടും വിനയത്തോടും കൂടി അവയെ പരിഗ്രഹിക്കുക മാത്രമേ ചെയ്തിട്ടുള്ളു. അവരാണ് നമ്മുടെ മാതൃക. അവരെ പിൻപ

റ്റി അവരുടെ പിറകിൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുക, അല്ലാഹു വിന്റെ തിരുമുഖം കാണുക എന്നതായിരിക്കണം നമ്മുടെ അഭി ലാഷം. അവർ മതശാസനകളെ എങ്ങനെ വിലയിരുത്തി എന്ന തിനുള്ള ഒരു ഉദാഹരണം താഴെ കൊടുക്കാം:

عن علي ﷺ قال: «لو كان الدين بالرأي لكان أسفل الخف أولى بالمسح من أعلاه، وقد رأيت رسول الله ﷺ يمسح على ظاهر خفيه» [أبو داود في سُننهِ وصحّحه الألباني]

അലി ﷺ പറയുന്നു: «ദീൻ യുക്തിയുടെ അടിസ്ഥാനത്തിലായി രുന്നുവെങ്കിൽ ബൂട്ടിന്റെ താഴ്ഭാഗമായിരുന്നു മുകൾ ഭാഗത്തെ ക്കാൾ തടവാൻ തരപ്പെട്ടത്. എന്നാൽ നബി ﷺ തന്റെ ഇരുബൂ ട്ടുകളുടെയും മുകൾ ഭാഗം തടവുന്നതായിട്ടാണ് ഞാൻ കണ്ട ത്.» (അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)

## മൂന്ന്: പ്രമാണരേഖകൾ വ്യാഖ്യാനിക്കേണ്ടത് സലഫുകളുടെ ഗ്രാഹ്യമനുസരിച്ചു മാത്രം

അല്ലാഹു ഇറക്കിയ മാർഗ്ഗദർശനം പൂർണ്ണ മനസ്സോടെ പിന്തു ടരുകയും, പ്രമാണവാക്യങ്ങളെ വിശ്വാസത്തോടും വിനയത്തോ ടും കൂടി അംഗീകരിക്കുകയും, അവക്ക് സർവഥാ കീഴ്പ്പെടുക യും ചെയ്യുക എന്നതാണ് അഹ്ലുസ്സുന്നഃയുടെ രീതി. എന്നാൽ പ്രമാണങ്ങളിലുള്ളത് മൂലവാക്യങ്ങളാണ്. അവയെ എങ്ങനെ വായിക്കണം, എങ്ങനെ മനസ്സിലാക്കണം, എങ്ങനെ വ്യാഖ്യാ നിക്കണം, എങ്ങനെ പ്രയോഗവത്ക്കരിക്കണം എന്നത് മൗലിക പ്രാധാന്യമുള്ള വിഷയമാണ്. പ്രമാണരേഖകളെ ശരിയാം വിധം ഗ്രഹിക്കാനും വ്യാഖ്യാനിക്കാനും കഴിയാതെ പോയാൽ അത് സൃഷ്ടിക്കുന്ന വിപത്ത് അതീവ ഗുരുതരമായിരിക്കും. പ്രമാണ ങ്ങളുടെ അക്ഷരങ്ങളല്ലാതെ, അവയുടെ ആശയങ്ങൾ ലഭിക്കാ തെ പോകും. നബി ﷺ പറയുന്ന ഒരു വചനം ശ്രദ്ധിക്കുക:

عَنْ عُقْبَةَ بْنِ عَامِرٍ الْجُهَنِيِّ قَالَ سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: «هَلَاكُ أُمَّتِي فِي الْكِتَابِ وَاللَّبَنِ» قَالُوا: يَا رَسُولَ اللهِ، مَا الْكِتَابُ وَاللَّبَنُ؟ قَالَ: «يَتَعَلَّمُونَ الْقُرْآنَ فَيَتَأَوَّلُونَهُ عَلَى غَيْرِ مَا أَنْزَلَ اللهُ عَزَّ وَجَلَّ، وَيُحِبُّونَ اللَّبَنَ فَيَدَعُونَ الْجَمَاعَاتِ وَالْجُمَعَ وَيَبْدُونَ» [أَحْمَدُ فِي مُسْنَدِهِ وَصَحَّحَهُ الْأَلْبَانِي]

ഉഖ്ബതു ബിൻ ആമിർ അൽ ജുഹനി ؓ നിവേദനം. നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: «ഗ്രന്ഥത്തിലും ക്ഷീരത്തിലുമായിരിക്കും എന്റെ സമുദായത്തിന്റെ നാശം.» അവർ ചോദിച്ചു: "ഗ്രന്ഥവും ക്ഷീരവും എന്നു പറഞ്ഞതിന്റെ വിവക്ഷയെന്താണ്?" അവിടുന്ന് പറഞ്ഞു: «അവർ ഖുർആൻ പഠിക്കും. എന്നിട്ട് അല്ലാഹു അവതരിപ്പിച്ച വിവക്ഷ പ്രകാരമല്ലാതെ അവരതിനെ വ്യാഖ്യാനിക്കും. അവർ പാലിൽ അനുരക്തരാകും. അങ്ങനെ ജുമുഅഃകളും ജമാഅത്തുകളും ഉപേക്ഷിച്ച് മരുഭൂമികളിൽ അലയും.» (അഹ്മദ് മുസ്നദിൽ ഉദ്ധരിച്ചത്)

മേൽ ഹദീസ് സ്വതഃസ്പഷ്ടമാണ്. അതിൽ പറഞ്ഞ തെറ്റായ പ്രവണത ഈ സമൂഹത്തെ എവിടെ കൊണ്ടെത്തിക്കും എന്നതിന്റെ നേർക്കാഴ്ചയാണ് ആധുനിക മുസ്ലിം സമൂഹങ്ങളിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. അത്തരമൊരു വിപത്തിൽ നിന്ന് രക്ഷനേടാനുള്ള മാർഗ്ഗം അല്ലാഹു തന്നെ അറിയിച്ചിട്ടുണ്ട്. ഈ സന്ദേശം അല്ലാഹുവാണ് ഇറക്കിയത്. അതിന്റെ ശരിയായ വിവക്ഷ അവൻ തന്നെ അറിയിച്ചു തരും. അവൻ നിയോഗിച്ച ദൂതൻ മുഹമ്മദ് ﷺ ക്ക് അത് ഇറക്കിക്കൊടുക്കും. അവിടുന്ന് അത് തന്റെ അനുചരന്മാർക്ക് കൈമാറും. അവർ അതുപ്രകാരം പ്രമാണവാക്യങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും തങ്ങളുടെ ജീവിതത്തിൽ പ്രയോഗവത്ക്കരിക്കുകയും ചെയ്യും. അതിന് നബി ﷺ മേൽനോട്ടം വഹിക്കും. വല്ല പിശകും സംഭവിച്ചാൽ ഉടനെ തന്നെ വഹ്യിലൂടെ അത് തിരുത്തും. അതിനാൽ അവിടുത്തെ അനുചരന്മാർ പ്രമാണരേഖ

കൾ മനസ്സിലാക്കിയ പ്രകാരമേ പിന്നീടുള്ളവർ അവയെ ഗ്രഹിക്കാനും വ്യാഖ്യാനിക്കാനും പാടുള്ളു.

നമ്മുടെ ആത്യന്തിക ലക്ഷ്യമെന്ത്? അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക, അവൻ ഒരുക്കിവെച്ചിരിക്കുന്ന സ്വർഗ്ഗീയാരാമങ്ങളിൽ പ്രവേശിക്കുക, അതിൽ എന്നെന്നും ശാശ്വതരായി വസിക്കുക, അവന്റെ തിരുമുഖം കാണുക, ജീവിതത്തിലെ അതിമഹത്തായ ഈ വിജയസൗഭാഗ്യം കരസ്ഥമാക്കുക. അതിനുള്ള വഴി ഇനി ഒന്നേയുള്ളു. മുഹാജിറുകളും അൻസ്വാറുകളുമായി ഇസ്‌ലാമിലേക്ക് ആദ്യം കടന്നുവന്ന സ്വഹാബികളെ പരിപൂർണ്ണമായും അന്യൂനമായും പിന്തുടരുക തന്നെ. അല്ലാഹു പറയുന്നത് കാണുക:

﴿وَالسَّابِقُونَ الْأَوَّلُونَ مِنَ الْمُهَاجِرِينَ وَالْأَنْصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَٰلِكَ الْفَوْزُ الْعَظِيمُ ﴿١٠٠﴾﴾ (التَّوْبَة)

[മുഹാജിറുകളും അൻസാറുകളുമായി ഇസ്‌ലാമിലേക്ക് ആദ്യം കടന്നുവന്നവരും, കുറ്റമറ്റവിധം അവരെ പരിപൂർണ്ണമായി പിന്തുടർന്നവരുമാരോ അവരെ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെയും തൃപ്തിപ്പെട്ടിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകുന്ന സ്വർഗ്ഗീയാരാമങ്ങളാണ് അവർക്കായി അവൻ ഒരുക്കിവെച്ചിരിക്കുന്നത്. അവരതിൽ എന്നെന്നും ശാശ്വതരായി വസിക്കും. അതു തന്നെയാണ് ഏറ്റവും മഹത്തായ വിജയം.] (തൗബഃ: 100)

അവർ വിശ്വസിച്ചതും പ്രവർത്തിച്ചതും അതേപടി സ്വീകരിക്കുകയും, അവരുടേതിന് തത്തുല്യമായ വിശ്വാസാചാരങ്ങൾ ഉൾക്കൊള്ളുകയും ചെയ്തവരേ സന്മാർഗ്ഗം പ്രാപിക്കുകയുള്ളു. പ്രമാണരേഖകൾ അഭീഷ്ടങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കുകയും അവരുടേതിൽനിന്ന് വ്യത്യസ്തമായ വിശ്വാസാചാരങ്ങൾ അനു

വർത്തിക്കുകയും ചെയ്തവർ അവർ പോകുന്ന സ്വർഗ്ഗത്തിലായി രിക്കില്ല പോകുക. മറിച്ച്, സ്വന്തം ബുദ്ധിയിലും യുക്തിയിലും അഭീഷ്ടങ്ങളിലും വഞ്ചിതരായ ഇബ്ലീസിന്റെയും ഫിർഔനിന്റെ യും ഖവാരിജുകളുടെയും പിന്നിലാണ് അവരുടെ സ്ഥാനം അട യാളപ്പെടുത്തപ്പെടുക. അല്ലാഹു പറയുന്നത് കാണുക:

﴿فَإِنْ آمَنُوا بِمِثْلِ مَا آمَنتُم بِهِ فَقَدِ اهْتَدَوا ۖ وَّإِن تَوَلَّوْا فَإِنَّمَا هُمْ فِي شِقَاقٍ ۖ فَسَيَكْفِيكَهُمُ اللَّهُ ۚ وَهُوَ السَّمِيعُ الْعَلِيمُ ﴿١٣٧﴾﴾ (الْبَقَرَةُ)

[നിങ്ങൾ വിശ്വസിച്ചതിനു തത്തുല്യമായത് അവർ വിശ്വസിക്കു ന്നുവെങ്കിൽ അവരും നേർമാർഗ്ഗത്തിലായി. മറിച്ച്, അവരതിൽ നിന്ന് പിന്തിരിയുകയാണെങ്കിൽ എതിർ ചേരിയിൽ മാത്രമാണ വർ നിലകൊള്ളുന്നത്. അവരുടെ കാര്യത്തിൽ നിനക്ക് അല്ലാ ഹു മതി. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകു ന്നു.] (ബഖറഃ: 137)

ജനങ്ങൾ പല തരക്കാരാണ്. ഞങ്ങൾക്ക് ഖുർആൻ മതി, നബിചര്യ വേണ്ട എന്നു പറയുന്നവർ. ഞങ്ങൾ ഖുർആനും സു ന്നത്തും അംഗീകരിക്കാം, പക്ഷെ സ്വഹാബത്തിന്റെ ഗ്രാഹ്യം ഉൾ ക്കൊള്ളാനാവില്ലെന്നു പറയുന്നവർ. ഞങ്ങൾക്ക് ബുദ്ധിയുണ്ട്, ഞങ്ങൾ അതനുസരിച്ച് പ്രമാണവാക്യങ്ങളെ സ്വന്തമായി വായി ച്ചു കൊള്ളാം എന്നു പറയുന്നവർ. ഇത്തരക്കാരെല്ലാം അവരുടെ വഴി അവർ സ്വയം നിർണ്ണയിച്ചു. നാം പോകാൻ ആഗ്രഹിക്കുന്ന ത് മുഹമ്മദ് നബി ﷺ യിലൂടെ അല്ലാഹു വാഗ്ദാനം ചെയ്ത സ്വർ ഗ്ഗത്തിലേക്കാണെങ്കിൽ മുഹമ്മദ് നബി ﷺ യും അനുചരന്മാരും പോയ അതേ വഴി തന്നെ നാമും പിന്തുടരേണ്ടതുണ്ട്. അവിടു ന്ന് പറയുന്നത് കാണുക:

عَنْ عَوْفِ بْنِ مَالِكٍ قَالَ: قَالَ رَسُولُ اللهِ ﷺ: «افْتَرَقَتْ الْيَهُودُ عَلَى إِحْدَى وَسَبْعِينَ فِرْقَةً، فَوَاحِدَةٌ فِي الْجَنَّةِ، وَسَبْعُونَ فِي النَّارِ، وَافْتَرَقَتْ النَّصَارَى عَلَى

ثِنْتَيْنِ وَسَبْعِينَ فِرْقَةً، فَإِحْدَى وَسَبْعُونَ فِي النَّارِ، وَوَاحِدَةٌ فِي الْجَنَّةِ، وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ! لَتَفْتَرِقَنَّ أُمَّتِي عَلَى ثَلَاثٍ وَسَبْعِينَ فِرْقَةً، وَاحِدَةٌ فِي الْجَنَّةِ، وَثِنْتَانِ وَسَبْعُونَ فِي النَّارِ» قِيلَ: يَا رَسُولَ اللهِ مَنْ هُمْ؟ قَالَ: «الْجَمَاعَةُ» وَفِي رِوَايَةٍ: «مَا أَنَا عَلَيْهِ وَأَصْحَابِي» [ابْنُ مَاجَه فِي سُنَنِهِ وَصَحَّحَهُ الْأَلْبَانِي]

ഔഫ് ബിൻ മാലിക് ﵁ നിവേദനം. നബി ﷺ പറയുന്നു: «ജൂതർ എഴുപത്തിയൊന്ന് കക്ഷികളായി പിരിഞ്ഞു. അതിലൊന്ന് സ്വർഗ്ഗത്തിലും എഴുപതും നരകത്തിലുമായിരിക്കും.

ക്രൈസ്തവർ എഴുപത്തി രണ്ട് കക്ഷികളായി വേർപിരിഞ്ഞു. അതിൽ എഴുപത്തിയൊന്ന് കക്ഷികളും നരകത്തിലും ഒന്ന് സ്വർഗ്ഗത്തിലുമായിരിക്കും.

മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെ സത്യം! എന്റെ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി പിരിയുക തന്നെ ചെയ്യും. ഒരു കക്ഷി സ്വർഗ്ഗത്തിലും എഴുപത്തി രണ്ടെണ്ണം നരകത്തിലുമായിരിക്കും.»

അപ്പോൾ ചോദിക്കപ്പെടുകയുണ്ടായി: "അല്ലാഹുവിന്റെ ദൂതരേ, ആരാണവർ?"

അവിടുന്ന് പറഞ്ഞു: «അൽ ജമാഅഃയാണത്»

മറ്റൊരു റിപ്പോർട്ടിലുള്ളത്, «ഞാനും എന്റെ അനുചരന്മാരും ഏതൊരു മാർഗ്ഗത്തിലാണോ അതിൽ നിലകൊള്ളുന്നവർ.» (ഇബ്നു മാജഃ സുനനിൽ ഉദ്ധരിച്ചത്)

അല്ലാഹുവിനെ റബ്ബായും മുഹമ്മദ് ﷺ യെ നബിയായും ഖുർആനും സുന്നത്തും പ്രമാണമായും അംഗീകരിക്കുന്ന മുസ്‌ലിംകൾ തന്നെ എങ്ങനെയാണ് ഇത്രയധികം കക്ഷികളായി വേർപിരിയുന്നത്? ഒരു നിമിഷം നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ട കാ

ര്യമാണത്. കാരണം മറ്റൊന്നുമല്ല. പ്രമാണവാക്യങ്ങളെ തന്നിഷ്ടമനുസരിച്ച് വ്യാഖ്യാനിക്കുന്നതു കൊണ്ടു തന്നെ. ഖുർആനും സുന്നത്തും തന്നിഷ്ടവുമായി ആർക്കും മുന്നോട്ടു പോകാനാവില്ല. അവർക്ക് വിജയം വരിക്കാനും സാധ്യമല്ല. പ്രമാണവാക്യങ്ങൾ വായിക്കാനും മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും പ്രയോഗവത്ക്കരിക്കാനും സ്വഹാബത്തിന്റെ ഗ്രാഹ്യം അനിവാര്യമാണ്. അവരുടേതിൽനിന്ന് ഭിന്നമായ ധാരണ പ്രമാണരേഖകൾക്ക് ചാർത്തിയാൽ അത് അവയെ അക്ഷരത്തിൽ മാത്രം സ്വീകരിക്കലും ആശയങ്ങളിൽ തിരസ്കരിക്കലുമായിത്തീരും. അത്തരം ദുർവ്യാഖ്യാനങ്ങൾ നമ്മെ നാശത്തിൽ മാത്രമേ എത്തിക്കുകയുള്ളു. ഇതു തന്നെയാണ് മൻഹജിന്റെ ആധാരശിലയും. ഇക്കാര്യം തന്നെയാണ് നടേ ഉദ്ധരിച്ച ഉഖ്ബത്തു ബിൻ ആമിർ ﵁ ന്റെ ഹദീസിൽ പറഞ്ഞിട്ടുള്ളതും.

അല്ലാഹു മാനവരാശിക്കു നൽകിയ മതമാണ് ഇസ്ലാം. അവന്റെ ദൂതൻ കാണിച്ചു തന്ന ചര്യയാണ് ഇസ്ലാമിന്റെ മാർഗ്ഗം. ആ മാർഗ്ഗം നിലകൊള്ളുന്ന സവിശേഷമായ ആധാരം സ്വഹബാത്തിന്റെ ഗ്രാഹ്യമാണ്. അതിനെ മറികടന്ന് തനതായ ഇസ്ലാം ദീൻ അനുവർത്തിക്കുക അസാധ്യമാണ്. മൻഹജിന്റെ സുപ്രധാനമായ ഈ ആധാരത്തെ കുറിച്ച് മഹാന്മാരായ ഇമാമുകളും പണ്ഡിതന്മാരും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇമാം അഹ്മദ് ﵀ യുടെ ഒരു വിശദീകരണം മാത്രം കാണുക:

أصول السنة عندنا التمسك بما كان عليه أصحاب محمد ﷺ والاقتداء بهم.

[أحمد في أصول السنة]

"സുന്നത്തിന്റെ ആധാരം എന്നത് നമ്മുടെ അടുക്കൽ മുഹമ്മദ് നബി ﷺ യുടെ അനുചരന്മാർ ഏതൊന്നിലായിരുന്നുവോ അത് മുറുകെ പിടിക്കലും അവരെ പിന്തുടരലുമാണ്." (അഹ്മദ് ഉസ്വൂലുസ്സുന്നഃയിൽ രേഖപ്പെടുത്തിയത്)

## നാല്: പണ്ഡിതന്മാരോട് ചോദിക്കുക

അറിവും ദീനും സ്വീകരിക്കേണ്ടത് വഹ്‌യിൽനിന്ന് മാത്രമാണ്. അല്ലാഹുവാണ് മതവിശ്വാസങ്ങളും നിയമ സംഹിതകളും തീരുമാനിക്കുന്നത്. അതിൽ മനുഷ്യബുദ്ധിക്കും യുക്തിക്കും യാതൊരു പങ്കുമില്ല. പ്രമാണരേഖകളിൽ നിന്ന് മതപരമായ കാര്യങ്ങൾ മനസ്സിലാക്കിയെടുക്കുമ്പോൾ അബദ്ധം പിണയാതിരിക്കാനും അഭീഷ്ടങ്ങളിൽ വീണുപോകാതിരിക്കാനും വേണ്ടി അവയെ സ്വഹാബത്ത് മനസ്സിലാക്കിയ പോലെ തന്നെ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും വേണം. ഇതാണ് അഹ്‌ലുസ്സുന്നഃയുടെ മൻഹജ്.

ഇസ്‌ലാമിൽ മതപരമായ അറിവ് കരസ്ഥമാക്കാനുള്ള വഴി യോഗ്യരായ പണ്ഡിതന്മാർ അത് ചൊല്ലിക്കൊടുക്കുകയും, മര്യാദകൾ പാലിച്ച് ശിഷ്യന്മാർ അത് ഗുരുമുഖത്തു നിന്ന് കേട്ടു പഠിക്കുകയും ചെയ്യുക (التَّلْقِينُ وَالتَّلَقِّي) എന്നുള്ളതാണ്. കാരണം മതപരമായ അറിവുകൾ സ്വയം നിർമ്മിക്കാവുന്നവയല്ല. അത് അല്ലാഹു അവതരിപ്പിച്ചതും, അവന്റെ ദൂതൻ ജനങ്ങൾക്ക് സത്യസന്ധമായി എത്തിച്ചുകൊടുത്തതുമായ ആത്യന്തിക യാഥാർത്ഥ്യങ്ങളാണ്. ഓരോ തലമുറയിലെയും സത്യസന്ധരും നീതിമാന്മാരും യോഗ്യരുമായ പണ്ഡിതന്മാർ അടുത്ത തലമുറക്ക് അത് വിനിമയം ചെയ്ത് കൊടുക്കുകയാണ് വേണ്ടത്. നമുക്ക് അറിയാത്ത കാര്യങ്ങൾ യോഗ്യരായ പണ്ഡിതന്മാരോട് ചോദിക്കണം. അല്ലാതെ, സ്വയം കണ്ടെത്താൻ ശ്രമിക്കുകയോ അയോഗ്യരെ സമീപിക്കുകയോ അല്ല വേണ്ടത്. ഇക്കാര്യം അല്ലാഹു തന്നെ ഖുർആനിൽ ഒന്നിലധികം സന്ദർഭങ്ങളിൽ എടുത്തു പറഞ്ഞിട്ടുള്ളതാണ്. താഴെ കൊടുക്കുന്ന സൂക്തങ്ങൾ കാണുക:

﴿وَمَا أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِي إِلَيْهِمْ فَاسْأَلُوا أَهْلَ الذِّكْرِ إِن كُنتُمْ لَا تَعْلَمُونَ ﴿٤٣﴾﴾ (النَّحل)

[നിനക്ക് മുമ്പ് പുരുഷന്മാരെയല്ലാതെ നാം വഹ്യ് നൽകി ദൂതന്മാരായി നിയോഗിച്ചിട്ടില്ല. നിങ്ങൾക്കറിയില്ലെങ്കിൽ, അറിവുള്ളവരോട് നിങ്ങൾ ചോദിക്കുകയാണ് വേണ്ടത്.] (നഹ്ൽ: 43)

﴿وَمَا أَرْسَلْنَا قَبْلَكَ إِلَّا رِجَالًا نُوحِي إِلَيْهِمْ فَاسْأَلُوا أَهْلَ الذِّكْرِ إِنْ كُنْتُمْ لَا تَعْلَمُونَ ۝٧﴾ (الأَنْبِيَاءُ)

[താങ്കൾക്ക് മുമ്പ് പുരുഷന്മാരെയല്ലാതെ നാം വഹ്യ് നൽകി ദൂതന്മാരായി നിയോഗിച്ചിട്ടില്ല. നിങ്ങൾക്കറിയില്ലെങ്കിൽ അറിവുള്ളവരോട് ചോദിക്കുകയാണ് ചെയ്യേണ്ടത്.] (അൻബിയാഅ്: 7)

അറിയാത്ത കാര്യങ്ങൾ അറിവുള്ള യോഗ്യരും സത്യസന്ധരുമായ പണ്ഡിതന്മാരോട് ചോദിച്ചു പഠിക്കാനാണ് അല്ലാഹു കൽപിക്കുന്നത്. എന്നാൽ അറിവിന്റെ നിർമ്മാണം (Constructivism), അറിവിന്റെ സ്വകീയമായ സമ്പാദനം (Autodidacticism), ശ്രമ-പുനഃശ്രമ പഠന സിദ്ധാന്തം (Trial and Error Theory) പോലുള്ള ആധുനിക ഭൗതിക പഠന രീതികൾ മതവിജ്ഞാനത്തിന്റെ സമ്പാദനത്തിൽ പ്രയോഗിച്ചു നോക്കാവുന്ന സങ്കേതങ്ങളല്ല. അവ പ്രയുക്തമാകുന്നത് ഭൗതിക നാഗരിക വിഷയങ്ങളിലും തൊഴിൽ മേഖലകളിലുമൊക്കെയാണ്.

കൂടാതെ ഉത്തരാധുനിക കാലത്ത് നടന്നുകൊണ്ടിരിക്കുന്ന വിവരങ്ങളുടെ വേലിയേറ്റം കടുത്ത പ്രതിസന്ധികളാണ് സൃഷ്ടിക്കുന്നത്. ഈ വേലിയേറ്റത്തിൽ ഏതാണ് ആധികാരികം, ഏതാണ് വ്യാജം എന്നു വേർതിരിക്കാനോ, അവയിൽനിന്ന് ലഭ്യമാകുന്ന പ്രാഥമിക വിവരങ്ങളെ (Primary Information) ഉപകാരപ്രദമായ അറിവും ജ്ഞാനവുമാക്കി സംസ്കരിച്ചെടുക്കാനോ, അത് മനുഷ്യന്റെ അന്തഃരംഗത്ത് പ്രവർത്തിക്കുന്ന ഒരു വിവേകമായി ഉയർത്തിക്കൊണ്ടുവരാനോ വാട്സാപ് യൂനിവേഴ്സിറ്റിയും ഗൂഗിളും ചാറ്റ് ജി.പി.ടിയുമൊന്നും മതിയാവില്ല എന്ന തിരിച്ചറിവ് നമുക്കാവശ്യമാണ്.

## ഗൗരവതരമായ വിഷയങ്ങൾ കൈകാര്യകർത്താക്കളിലേക്ക് മടക്കുക

നാം വിധി തേടുന്ന പ്രശ്നങ്ങൾ എല്ലാം ഒരേ സ്വഭാവത്തിലുള്ളവയായിരിക്കില്ല. ചിലത് വിശ്വാസവും ആരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങളായിരിക്കും. മറ്റു ചിലത് വൈയക്തികമോ കുടുംബപരമോ സാമൂഹികമോ ആയ കാര്യങ്ങളായിരിക്കും. എന്നാൽ ചിലത് സമുദായത്തെ മൊത്തം ബാധിക്കുന്ന ഗൗരവതരമായ നൂതന പ്രശ്നങ്ങളായിരിക്കും. സമൂഹത്തെ മൊത്തമായി ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ അധികാരികളായ കൈകാര്യകർത്താക്കളിലേക്ക് തന്നെ മടക്കണം. സംഘടനാ നേതാക്കളെയോ, അതുപോലുള്ള സ്വയം പ്രഖ്യാപിത കൈകാര്യകർത്താക്കളെയോ അല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ഖുർആനിലും സുന്നത്തിലും أُولُو الْأَمْرِ (കൈകാര്യകർത്താക്കൾ) എന്നു പറഞ്ഞാൽ മുസ്ലിംകളെ ഭരിക്കാൻ വ്യവസ്ഥാപിതവും നിയമാനസൃതവുമായ വിധത്തിൽ അധികാരത്തിലേറിയ വ്യക്തികളെയാണ് ഉദ്ദേശിക്കുന്നത്. ഞങ്ങളും കൈകാര്യകർത്താക്കളാണെന്ന് ഭാവിക്കുന്ന സംഘടനാ നേതാക്കൾക്ക് അതിനുള്ള അധികാരാവകാശങ്ങൾ അല്ലാഹു നൽകിയിട്ടില്ല.

ഗൗരവതരമായ പ്രശ്നങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാനും യഥാസമയം ഉചിതമായ നടപടി കൈക്കൊള്ളാനും ശരിയായ വിധിവിലക്കുകൾ നിർദ്ധാരണം ചെയ്തെടുക്കാനും അവകാശപ്പെട്ടവരും കഴിവുള്ളവരും യഥാർത്ഥ കൈകാര്യകർത്താക്കളായ ഭരണാധികാരികളാണ്. അല്ലാഹു പറയുന്നു:

﴿وَإِذَا جَاءَهُمْ أَمْرٌ مِّنَ الْأَمْنِ أَوِ الْخَوْفِ أَذَاعُوا بِهِ ۖ وَلَوْ رَدُّوهُ إِلَى الرَّسُولِ وَإِلَىٰ أُولِي الْأَمْرِ مِنْهُمْ لَعَلِمَهُ الَّذِينَ يَسْتَنبِطُونَهُ مِنْهُمْ ۗ وَلَوْلَا فَضْلُ اللَّهِ عَلَيْكُمْ وَرَحْمَتُهُ لَاتَّبَعْتُمُ الشَّيْطَانَ إِلَّا قَلِيلًا ﴿٨٣﴾﴾ (النِّسَاءُ)

[സമാധാനവുമായോ (യുദ്ധ) ഭീതിയുമായോ ബന്ധപ്പെട്ട വല്ല വാർത്തയും അവർക്കെത്തിയാൽ അവർ അത് പ്രചരിപ്പിക്കുക യായി. റസൂലിനും അവരിലെ കൈകാര്യകർത്താക്കൾക്കും അത് വിട്ടിരുന്നുവെങ്കിൽ അവരുടെ കൂട്ടത്തിൽനിന്നും വസ്തുതകൾ നിർദ്ധാരണം ചെയ്യാൻ കഴിവുള്ളവർ അതിന്റെ യാഥാർത്ഥ്യം മന സ്സിലാക്കിയെടുക്കുമായിരുന്നു. നിങ്ങളുടെ മേൽ അല്ലാഹുവി ന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ അൽപം ചിലരൊഴികെ നിങ്ങളെല്ലാവരും പിശാചിനെ പിൻപറ്റിപ്പോകു മായിരുന്നു.] (നിസാഅ്: 83)

## മുതിർന്നവരോട് ചോദിക്കുക

മതപരമായ അറിവും ദീനും നാം ചോദിക്കേണ്ടതും സ്വീകരി ക്കേണ്ടതും സുന്നത്ത് അവലംബിക്കുന്ന യോഗ്യരും പരിണത പ്രജ്ഞരുമായ പണ്ഡിതന്മാരോടാണ്. തന്നിഷ്ടങ്ങൾ പിന്തുടരു കയും ദീനിൽ അപനിർമ്മിതികളുണ്ടാക്കുകയും ചെയ്യുന്ന അൽ പന്മാരോട് ചോദിക്കുകയോ അവരിൽനിന്ന് അറിവ് സ്വീകരി ക്കുകയോ ചെയ്യാവതല്ല.

عن ابن عباس ﵄ أن رسول الله ﷺ قال: البركة مع أكابركم. (أخرجه الحاكم في مستدركه وقال صحيح على شرط مسلم، وصححه الألباني)

ഇബ്നു അബ്ബാസ് ﵄ നിവേദനം. നബി ﷺ പറയുന്നു: «നിങ്ങ ളിലെ മുതിർന്ന പണ്ഡിതന്മാരോടൊപ്പമേ ഐശ്വര്യമുണ്ടായിരി ക്കൂ.» (ഹാകിം മുസ്തദ്റകിൽ ഉദ്ധരിച്ചത്)

നബി ﷺ യുടെ മാർഗ്ഗം യഥാവിധം പിന്തുടരുന്ന യോഗ്യരും പരിണതപ്രജ്ഞരുമായ പണ്ഡിതന്മാരാണ് ഈ ദീനിന്റെ ശരി യായ വാഹകർ. അവരാണ് നബി ﷺ യുടെ അനന്തരാവകാശി കൾ. നുബുവ്വത്തിന്റെ പൈതൃകം അവരുടെ കൈകളിലാണുള്ള ത്. അവരോടൊപ്പം നിൽക്കുകയും അവരുടെ മേൽനോട്ടത്തി ലും നിയന്ത്രണത്തിലും ജീവിക്കുകയും ചെയ്യുക എന്നത് ഒരു

വല്ലാത്ത സുരക്ഷിതത്വമാണ്. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي الدَّرْدَاءَ رضي الله عنه عَنِ النَّبِيِّ ﷺ قَالَ: «إِنَّ العُلَمَاءَ وَرَثَةُ الأَنْبِيَاءِ، إِنَّ الأَنْبِيَاءَ لَمْ يُوَرِّثُوا دِينَارًا وَلَا دِرْهَمًا، إِنَّمَا وَرَّثُوا العِلْمَ، فَمَنْ أَخَذَ بِهِ أَخَذَ بِحَظٍّ وَافِرٍ» [ابْنُ مَاجَه فِي سُنَنِهِ وَصَحَّحَهُ الْأَلْبَانِي]

അബുദ്ദർദാഅ് رضي الله عنه നിവേദനം. നബി ﷺ പറയുന്നു: «നിശ്ചയമായും പണ്ഡിതന്മാരാണ് നബിമാരുടെ അനന്തരവന്മാർ. തീർച്ചയായും നബിമാർ ഒരു സ്വർണ്ണ നാണയമോ വെള്ളിക്കാശോ അനന്തരം നൽകിയിട്ടില്ല. അറിവ് മാത്രമാണ് അവർ അനന്തരം നൽകിയത്. ആർ അത് സ്വീകരിച്ചുവോ അവൻ സമൃദ്ധമായ ഒരു വിഹിതം തന്നെയാണ് കൈപ്പറ്റിയിരിക്കുന്നത്.» (ഇബ്ന മാജഃ സുനനിൽ ഉദ്ധരിച്ചത്)

മേലാടയണിഞ്ഞു നടക്കുന്ന സകലമാന കപടനാട്യക്കാരും പണ്ഡിതവേഷധാരികളും നബിമാരുടെ അനന്തരവന്മാരായി രംഗത്തുവരികയും പ്രബുദ്ധരെന്ന് അവകാശപ്പെടുന്ന മലയാളികൾ പോലും അത് വകവെച്ചു കൊടുക്കുകയും ചെയ്യുന്നു എന്നതാണ് ഇവിടുത്തെ ദുരന്തം. കള്ളനാണയങ്ങൾ വേറെ, വെള്ളിനക്ഷത്രങ്ങൾ വേറെ.

## അൽപന്മാരോട് ചോദിക്കരുത്

നബിചര്യയോട് പ്രതിബദ്ധത പുലർത്താത്ത, തന്നിഷ്ടങ്ങളും നൂതനവാദങ്ങളും പിന്തുടരുന്ന അൽപന്മാരോട് ദീനിനെ കുറിച്ച് ചോദിക്കുകയോ അവരിൽനിന്ന് അറിവ് സ്വീകരിക്കുകയോ ചെയ്യരുത്. അത് നാശമാണ്, മഹാനാശം. ഈ വകതിരിവില്ലായ്മ കേരളീയ മുസ്ലിം സമൂഹത്തിലുണ്ടാക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെ കുറിച്ച് പറയേണ്ടതില്ലല്ലോ. ഏവരും അതിനെ കുറിച്ച് അസ്വസ്ഥരാണ്. പക്ഷെ, കക്ഷി താൽപര്യത്തിനപ്പുറം മറ്റൊന്നും ചിന്തിക്കാനോ പ്രവർത്തിക്കാനോ കഴി

യാത്ത അവസ്ഥയിലാണെല്ലാവരും. താഴെ കൊടുക്കുന്ന ചില വചനങ്ങൾ കൂടി ശ്രദ്ധിക്കുക:

«إن من أشراط الساعة أن يلتمس العلم عند الأصاغر» [اللالكائي في شرح أصول اعتقاد أهل السنة والجماعة وابن المبارك في الزهد عن أبي أمية الجمحي، وصححه الألباني]

നബി ﷺ പറയുന്നു: «അൽപന്മാരിൽനിന്ന് അറിവു തേടുക എന്നത് അന്ത്യനാളിന്റെ അടയാളങ്ങളിൽപെട്ടതാണ്.» (ലാലകാഈ ശർഹു ഉസ്വൂലി ഇഅ്തിഖാദി അഹ്ലിസ്സുന്നത്തി വൽ ജമാഅഃയിലും ഇബ്നുൽ മുബാറക് സുഹ്ദിലും ഉദ്ധരിച്ചത്)

قَالَ ابْنُ مَسْعُودٍ رضي الله عنه: «لَا يَزَالُ النَّاسُ بِخَيْرٍ مَا أَخَذُوا الْعِلْمَ عَنْ أَكَابِرِهِمْ وَعَنْ أُمَنَائِهِمْ وَعُلَمَائِهِمْ، فَإِذَا أَخَذُوهُ مِنْ أَصَاغِرِهِمْ وَشِرَارِهِمْ هَلَكُوا» [الْبَيْهَقِيُّ فِي الْمَدْخَلِ إِلَى السُّنَنِ الْكُبْرَى]

ഇബ്നു മസ്ഊദ് رضي الله عنه പറയുന്നു: «ജനങ്ങൾ അവരിലെ മുതിർന്നവരും വിശ്വസ്തരും പരിണതപ്രജ്ഞരുമായപണ്ഡിതന്മാരിൽ നിന്ന് അറിവ് സ്വീകരിക്കുന്ന കാലത്തോളം അവർ നന്മയിലായിരിക്കും. അവരിലെ അൽപന്മാരിൽനിന്നും ദുഷ്ടന്മാരിൽനിന്നും അത് സ്വീകരിക്കാൻ തുടങ്ങിയാൽ അവർ നശിച്ചതു തന്നെ.» (ബൈഹഖി അൽ മദ്ഖലിൽ ഉദ്ധരിച്ചത്)

ഇത്രയൊക്കെ പറഞ്ഞാലും ആരാണീ അൽപന്മാർ എന്ന് വീണ്ടും ചോദിക്കുന്ന വല്ലാത്തൊരു സ്ഥിതിവിശേഷമാണിവിടെ. എന്നല്ല, ഈ ഹദീസ് കേൾക്കുമ്പോൾ അൽപന്മാർ തന്നെ മുന്നിൽ വന്ന് മൂക്കത്തു വിരൽ വെച്ച് അതിൽ അത്ഭുതം കൂറുകയും, ഇതൊന്നും തങ്ങളെ സ്പർശിക്കാനുള്ളതല്ല, അയൽപക്കത്ത് വന്ന് തിരിച്ചുപോകാനുള്ളതല്ലേ എന്ന മട്ടിൽ മൂടുംതട്ടി തിരിഞ്ഞു നടക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് വേണ്ടി രണ്ടു

ഹദീസുകൾ കൂടി ഉദ്ധരിക്കാം. ഉരുട്ടിക്കാണിച്ചിട്ടും തിരിയാത്തവർക്ക് തലക്കൊരു മുട്ടും കൂടി. എന്നാലെങ്കിലും ഉണർന്നെങ്കിലോ?

عن أبي ذرّ ﵁ عن النبي ﷺ قال: «إنكم اليوم في زمان كثير علماؤه، قليل خطباؤه، من ترك عشر ما يعرف فقد هوى، ويأتي من بعد؛ زمانٌ كثيرٌ خطباؤه، قليل علماؤه، من استمسك بعشر ما يعرف فقد نجا» [الهروي في ذم الكلام، وأورده الألباني في الصحيحة]

അബൂ ദർ ﵁ നിവേദനം. നബി ﷺ പറയുന്നു: «ഇന്ന് നിങ്ങൾ ജീവിക്കുന്നത് പണ്ഡിതന്മാർ കൂടുതലും പ്രസംഗകർ കുറവുമുള്ള ഒരു കാലത്താണ്. തനിക്കറിയുന്നതിന്റെ പത്തിലൊരംശം ഒരാൾ ഉപേക്ഷിച്ചാൽ അവൻ നാശത്തിൽ പതിച്ചതു തന്നെ. പിറകെ, ധാരാളം പ്രസംഗകരും കുറച്ചു മാത്രം പണ്ഡിതന്മാരുമുള്ള ഒരു കാലം വരാനിരിക്കുന്നു. അന്ന് ആരെങ്കിലും അവനറിയുന്നതിന്റെ പത്തിലൊരംശമെങ്കിലും മുറുകെ പിടിച്ചാൽ അവൻ രക്ഷപ്പെട്ടതു തന്നെ.» (ഹർവി ദമ്മുൽ കലാമിൽ ഉദ്ധരിച്ചത്)

ഇതല്ലെങ്കിൽ ഏതാണാവോ ആ കാലം! പ്രസംഗിക്കാൻ വീർപ്പുമുട്ടുന്ന, പ്രസംഗം ജീവിതാഭിലാഷമായി കൊണ്ടുനടക്കുന്ന കള്ളനാണയങ്ങളാണെവിടെയും - ഭൂലോകത്തെന്നല്ല സൈബർ ലോകത്തും. അവരുടെ തള്ളുകളാണ് ഇക്കാലത്തെ 'വിശുദ്ധ ദഅ്വത്ത്'! റുവൈബിളഃമാർ വാഴും കാലത്തെ കുറിച്ച് നബി ﷺ പറഞ്ഞത് നാം ഇന്ന് അനുഭവിക്കുകയാണ്.

عن أبي هريرة ﵁ قال، قال رسول الله ﷺ: «سيأتي على الناس سنوات خدَّاعات، يُصدَّق فيها الكاذب، ويُكذَّب فيها الصادق، ويؤتمن فيها الخائن، ويُخوَّن فيها الأمين، وينطق فيها الرويبضة» قيل: وما الرويبضة؟ قال: «الرجل التافه يتكلم في أمر العامة» [ابن ماجه في سننه وصححه الألباني]

അബൂ ഹുറയ്റഃ ﷺ നിവേദനം. നബി ﷺ പറയുന്നു:

«ജനങ്ങൾക്ക് വരാനിരിക്കുന്നു, ആരെയും ചതിയിൽപെടുത്തി കളയുന്ന കുറച്ചു വർഷങ്ങൾ!

അന്ന് കള്ളൻ സത്യപ്പെടുത്തപ്പെടും,
അന്ന് സത്യവാൻ കളവാക്കപ്പെടും,
അന്ന് വഞ്ചകനെ വിശ്വസിക്കും,
അന്ന് വിശ്വസ്തനെ വഞ്ചകനാക്കും,
അന്ന് റുവൈബിളമാർ സംസാരിക്കും.»

നബി ﷺ യോട് ചോദിക്കപ്പെടുകയുണ്ടായി: "എന്താണീ റുവൈബിളഃ?"

അവിടുന്ന് പറഞ്ഞു: «പൊതുകാര്യത്തിൽ സംസാരിക്കുന്ന ഭോഷൻ.» (ഇബ്നു മാജഃ സുനനിൽ ഉദ്ധരിച്ചത്)

ഗുരുതരമായ പൊതുവിഷയങ്ങളിൽ വലിയ വായിൽ സംസാരിക്കുന്ന കാൽക്കാശിനു കൊള്ളാത്ത അന്തസ്സാരശ്ശൂന്യരും ഏമാളികളുമായ റുവൈബിളഃമാരുടെ കൈയിലാണിന്ന് കടിഞ്ഞാൺ. അതു തന്നെയാണ് മുസ്‌ലിം സമുദായത്തിന്റെ ശാപവും.

## അൽപന്മാർ ജനങ്ങളിൽ ഏറ്റവും നികൃഷ്ടർ

ജനങ്ങളിലെ നികൃഷ്ടരാണ് أَصَاغِرُ കൾ അഥവാ അൽപന്മാർ. അവർ തന്നിഷ്ടങ്ങളുടെയും അപനിർമ്മിതികളുടെയും ആളുകളായിരിക്കും. അവരെ കുറിച്ചുള്ള താക്കീതുകൾ നിരവധിയാണ്. പക്ഷെ, വിശ്വാസി സമൂഹം ഇനിയെങ്കിലും കണ്ണ് തുറക്കുമോ?

قَالَ عَلِيٌّ رَضِيَ اللهُ عَنْهُ: سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: «يَأْتِي فِي آخِرِ الزَّمَانِ قَوْمٌ، حُدَثَاءُ الأَسْنَانِ، سُفَهَاءُ الأَحْلاَمِ، يَقُولُونَ مِنْ خَيْرِ قَوْلِ البَرِيَّةِ، يَمْرُقُونَ مِنَ الإِسْلاَمِ كَمَا يَمْرُقُ السَّهْمُ مِنَ الرَّمِيَّةِ، لاَ يُجَاوِزُ إِيمَانُهُمْ حَنَاجِرَهُمْ..» [الْبُخَارِيُّ فِي صَحِيحِهِ]

അലി ﷺ നിവേദനം. നബി ﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: «അവസാന കാലത്ത് ഒരു പറ്റം ആളുകൾ വരാനിരിക്കുന്നു - വയസ്സ് കുറഞ്ഞ ചെറുപ്പക്കാർ, വിവേകശൂന്യരായ വിഡ്ഢികൾ. മനുഷ്യർ പറയുന്നതിൽ ഏറ്റവും ഉദാത്തമായ വാക്കുകളായിരിക്കും അവർ സംസാരിക്കുക. അസ്ത്രം ഉരുവിനെ തുളച്ച് പുറത്ത് പോകുന്ന പോലെ അവർ ഇസ്‌ലാമിൽനിന്ന് പുറത്തേക്ക് പോകും. അവരുടെ വിശ്വാസം അവരുടെ തൊണ്ടക്കുഴിക്കപ്പുറം കടന്നുപോവില്ല..» (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

قال ابن المبارك: الأصاغر من أهل البدع. [شرح أصول اعتقاد أهل السنة والجماعة للالكائي]

ഇബ്നുൽ മുബാറക് ﷺ പറയുന്നു: അൽപന്മാർ (الْأَصَاغِرُ) ബിദ്അത്തുകാരിൽപെട്ടവരായിരിക്കും.(ലാലകാഈ | ശർഹു ഉസ്വൂലി ഇഅ്തിഖാദി അഹ്‌ലിസ്സുന്നത്തി വൽ ജമാഅഃ)

അതിനാൽ ഏറ്റവും പ്രസക്തമായ കാര്യം നാം സ്വീകരിക്കുന്ന അറിവ് കേവല വിവരങ്ങളല്ല. മറിച്ച്, അവയാണ് നമ്മുടെ വീക്ഷണങ്ങളെയും വിശ്വാസങ്ങളെയും രൂപീകരിക്കുന്നത്. ആ അറിവുകൾ തന്നെയാണ് നമ്മുടെ ദീൻ. അത് സ്വീകരിക്കുന്ന സ്രോതസ്സും, അത് നമുക്ക് വിനിമയം ചെയ്തുതരുന്ന കൈകളും മലിനമായാൽ നമുക്ക് നഷ്ടപ്പെടുന്നത് നമ്മുടെ ദീനായിരിക്കും. നാളെ അല്ലാഹുവിനെ ഏതൊരു ദീനുമായി നാം അഭിമുഖീകരിക്കേണ്ടി വരുമോ ആ ദീൻ കളങ്കിതമാണെങ്കിൽ എല്ലാം കൈവിട്ട നഷ്ടകാരികളിൽ നാം അകപ്പെട്ടു പോകും. അങ്ങനെ ജീവിതത്തിൽ തോറ്റുപോകാതിരിക്കാനാണ് കാലേക്കൂട്ടി ഈക്കാര്യം ഇമാമുകളും പണ്ഡിതന്മാരും നമ്മെ ഉണർത്തിയിട്ടുള്ളത്. താബിഈവര്യന്മാരിൽ അഗ്രേസരനായ ഇബ്നു സീരീൻ ﷺ പറയുന്നത് കാണുക:

عَنْ مُحَمَّدِ بْنِ سِيرِينَ قَالَ: إِنَّ هَذَا الْعِلْمَ دِينٌ فَانْظُرُوا عَمَّنْ تَأْخُذُونَ دِينَكُمْ.
[مُسْلِمٌ فِي صَحِيحِهِ]

മുഹമ്മദ് ബിൻ സീരീൻ ﵀ പറയുന്നു: "തീർച്ചയായും ഈ അറിവ് ദീനാണ്. അതിനാൽ ആരിൽനിന്നാണ് നിങ്ങളുടെ ദീൻ നിങ്ങൾ സ്വീകരിക്കുന്നത് എന്നത് നിങ്ങൾ ശരിക്കും നോക്കിക്കൊള്ളണം." (മുസ്ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

## അഞ്ച്: അല്ലാഹുവിന്റെ കൽപനകൾക്ക് സർവഥാ കീഴ്പ്പെടുക

വഹ്യിന്റെ സ്രോതസ്സിൽനിന്ന് എടുക്കുകയും യോഗ്യരും സത്യസന്ധരുമായ പണ്ഡിതന്മാരുടെ കൈകളിലൂടെ മാത്രം വിനിമയം ചെയ്യപ്പെട്ട് തങ്ങൾക്ക് ലഭിക്കുകയും ചെയ്യുന്ന യാതൊരറിവും പൂർണ്ണ മനസ്സോടെ സ്വീകരിച്ച് സൂക്ഷ്മതയോടെ ജീവതത്തിലേക്ക് പകർത്തുകയാണ് വേണ്ടത്. അങ്ങനെ നബി ﷺ യും അനുചരന്മാരും വരച്ചു കാണിച്ച അതേ വഴിയിൽ മുന്നേറണം. പ്രമാണരേഖകളിലും അവയുടെ വ്യാഖ്യാനങ്ങളിലും ഏതെങ്കിലും തരത്തിലുള്ള മാറ്റത്തിരുത്തലുകളോ ഭേദഗതികളോ വരുത്തിയാൽ അത് മതത്തിന്റെ വിശുദ്ധി കെടുത്താനും മുസ്ലിംകളുടെ ഐക്യം തകർക്കാനും മാത്രമേ ഉപകരിക്കുകയുള്ളൂ. മതശാസനകളിൽ വെള്ളം ചേർക്കാതെ, വന്നുകിട്ടിയ അതേപടി അവ സ്വീകരിക്കുകയും അവയുടെ താൽപര്യങ്ങൾക്ക് സർവഥാ കീഴ്പ്പെടുകയും ചെയ്യുക. അതു മാത്രമേ ഒരു മുസ്ലിമിനു നിർവ്വാഹമുള്ളൂ. മറിച്ചുള്ള യാതൊരു വ്യതിയാനവും ശിർക്ക് പോലുള്ള വലിയ കുഴപ്പങ്ങളിലേക്കും വേദനാജനകമായ ശിക്ഷകളിലേക്കുമാണ് മനുഷ്യനെ കൊണ്ടെത്തിക്കുക. അല്ലാഹു നൽകുന്ന താക്കീത് ശ്രദ്ധാപൂർവ്വം വായിക്കുക:

﴿فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَنْ تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾﴾ (النُّور)

[അതിനാൽ അവിടുത്തെ കൽപനയിൽനിന്ന് വ്യതിചലിക്കുന്ന വർ തങ്ങൾക്ക് വല്ല ഫിത്നഃയും വന്നു ഭവിക്കുന്നതോ, വേദ നാജനകമായ ശിക്ഷ ബാധിക്കുന്നതോ സൂക്ഷിച്ചു കൊള്ളട്ടെ.] (നൂർ: 63)

നബി ﷺ കാണിച്ചു തന്ന മാർഗ്ഗത്തിൽ ഉറച്ചുനിന്ന്, അവി ടുന്ന് കൊണ്ടുവന്ന മതശാസനകൾക്ക് പൂർണ്ണമായി കീഴ്പ്പെ ടാതെ ഒരാളും വിശ്വാസിയായിത്തീരുകയില്ല. ഈ സർവാർപ്പ ണത്തിൽനിന്നാണ് ഇസ്ലാം അതിന്റെ പേരു തന്നെ സ്വീകരി ച്ചിരിക്കുന്നത്. ഒരാൾ കാണിക്കുന്ന അർപ്പണ മനോഭാവത്തി ന്റെ ദാർഢ്യത്തിനും പൂർണ്ണതക്കും അനുസരിച്ചാണ് അല്ലാഹു വിങ്കൽ അദ്ദേഹത്തിന് മാന്യതയും അടുപ്പവും കൈവരുന്നത്. അല്ലാഹു പറയുന്നത് കാണുക:

﴿فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنْفُسِهِمْ حَرَجًا مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿٦٥﴾﴾ (النِّسَاءُ)

[നിന്റെ റബ്ബു തന്നെ സത്യം! അവർക്കിടയിൽ ഭിന്നിപ്പുണ്ടായ കാ ര്യത്തിൽ താങ്കളെ അവർ വിധികർത്താവാക്കുകയും, എന്നിട്ട് താങ്കൾ വിധിച്ചതിൽ അവരുടെ മനസ്സിൽ യാതൊരു വിഷമവും തോന്നാതിരിക്കുകയും, അതിന് സർവഥാ കീഴ്പ്പെടുകയും ചെ യ്യുന്നതുവരെ അവർ വിശ്വാസികളാകുകയില്ല.] (നിസാഅ്: 65)

നബി ﷺ കൊണ്ടു വന്ന കാര്യങ്ങൾ എന്തു തന്നെയായാ ലും അതിന്റെ യുക്തിയന്വേഷിക്കാതെ, അതിന്റെ ഉപയുക്തത യെ കുറിച്ചാലോചിക്കാതെ, അതിന്റെ നേട്ടകോട്ടങ്ങളെ കുറി ച്ചൊട്ടും ചിന്തിക്കാതെ, അതിന്റെ പ്രയോഗക്ഷമതയെ കുറിച്ച് ആകുലപ്പെടാതെ നബി ﷺ പറഞ്ഞു എന്ന ഒറ്റക്കാരണത്താൽ അത് അതേപടി സ്വീകരിക്കുക എന്നതായിരുന്നു അനുചരന്മാരു ടെ രീതി. ഒരു കാര്യം നബി ﷺ അറിയിച്ചു കഴിഞ്ഞാൽ ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു, അത് അംഗീകരിച്ചിരിക്കുന്നു,

അത് സത്യപ്പെടുത്തിയിരിക്കുന്നു, അത് ശിരസാവഹിച്ചിരിക്കുന്നു, അതിന് സർവഥാ കീഴ്പ്പെട്ടിരിക്കുന്നു എന്ന് മാത്രമായിരുന്നു അവർ പ്രതികരിച്ചിരുന്നത്. അഹം വെടിഞ്ഞുള്ള ഈ അർപ്പണത്തിന്റെയും വിധേയത്വത്തിന്റെയും മികവും ഗുണനിലവാരവുമാണ് അവരെ മാലോകരിൽ ഉത്തമരാക്കിയത്. അതു തന്നെയാണ് മാനവരാശിക്കു വേണ്ടി കൊണ്ടുവരപ്പെട്ടവരിൽ ഏറ്റവും ശ്രേഷ്ഠർ എന്നുള്ള അല്ലാഹുവിന്റെ സാക്ഷ്യപത്രം നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കിയതും. അല്ലാഹുവിന്റെ കൽപനകൾക്ക് അവർ സർവഥാ കീഴ്പ്പെട്ടിരുന്നതിന്റെ ഒരു മഹനീയ മാതൃക, അത് ഒരാളുടെയെങ്കിലും കണ്ണ് തുറപ്പിച്ചെങ്കിലോ എന്ന പ്രതീക്ഷയോടെ ഇവിടെ ഉദ്ധരിക്കട്ടെ:

﴿لِلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ ۗ وَإِن تُبْدُوا مَا فِي أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ اللَّهُ ۖ فَيَغْفِرُ لِمَن يَشَاءُ وَيُعَذِّبُ مَن يَشَاءُ ۗ وَاللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿٢٨٤﴾﴾ (الْبَقَرَةُ)

[ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം അല്ലാഹുവിന്റേതാണ്. നിങ്ങൾ നിങ്ങളുടെ മനസ്സിലുള്ളത് വെളിവാക്കിയാലും മറച്ചുവെച്ചാലും അല്ലാഹു അത് വിചാരണക്ക് വിധേയമാക്കുക തന്നെ ചെയ്യും. അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും അവനുദ്ദേശിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു എല്ലാറ്റിനും കഴിവുറ്റവനാകുന്നു.] (ബഖറഃ: 284)

മേൽ സൂക്തം നബി ﷺ ക്ക് അവതരിച്ചപ്പോൾ സ്വഹാബികൾക്കുണ്ടായ ആശങ്കയും, അതിനോടനുബന്ധിച്ച് സമർപ്പണത്തിന്റെയും വിധേയത്വത്തിന്റെയും അനിതരമായ ഒരു പാഠം അവിടുന്ന് അവരെ പഠിപ്പിച്ചതും ഇമാം മുസ്‌ലിം رحمه الله തന്റെ സ്വഹീഹിൽ ഉദ്ധരിച്ചിട്ടുണ്ട്. അത് ഇപ്രകാരം വായിക്കാം:

عَنْ أَبِي هُرَيْرَةَ قَالَ: لَمَّا نَزَلَتْ عَلَى رَسُولِ اللهِ ﷺ ﴿لِلَّهِ مَا فِي السَّمَاوَاتِ وَمَا فِي

الْأَرْضِ وَإِنْ تُبْدُوا مَا فِي أَنْفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُمْ بِهِ اللهُ فَيَغْفِرُ لِمَنْ يَشَاءُ وَيُعَذِّبُ مَنْ يَشَاءُ وَاللهُ عَلَى كُلِّ شَيْءٍ قَدِيرٌ ﴿٢٨٤﴾ (الْبَقَرَةُ)، قَالَ: فَاشْتَدَّ ذَلِكَ عَلَى أَصْحَابِ رَسُولِ اللهِ ﷺ، فَأَتَوْا رَسُولَ اللهِ ﷺ ثُمَّ بَرَكُوا عَلَى الرُّكَبِ، فَقَالُوا: أَيْ رَسُولَ اللهِ، كُلِّفْنَا مِنَ الْأَعْمَالِ مَا نُطِيقُ، الصَّلَاةَ وَالصِّيَامَ وَالْجِهَادَ وَالصَّدَقَةَ، وَقَدِ أُنْزِلَتْ عَلَيْكَ هَذِهِ الْآيَةُ وَلَا نُطِيقُهَا، قَالَ رَسُولُ اللهِ ﷺ: «أَتُرِيدُونَ أَنْ تَقُولُوا كَمَا قَالَ أَهْلُ الْكِتَابَيْنِ مِنْ قَبْلِكُمْ سَمِعْنَا وَعَصَيْنَا؟ بَلْ قُولُوا: سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ»، قَالُوا: سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ، فَلَمَّا اقْتَرَأَهَا الْقَوْمُ، ذَلَّتْ بِهَا أَلْسِنَتُهُمْ، فَأَنْزَلَ اللهُ فِي إِثْرِهَا: ﴿آمَنَ الرَّسُولُ بِمَا أُنْزِلَ إِلَيْهِ مِنْ رَبِّهِ وَالْمُؤْمِنُونَ كُلٌّ آمَنَ بِاللهِ وَمَلَائِكَتِهِ وَكُتُبِهِ وَرُسُلِهِ لَا نُفَرِّقُ بَيْنَ أَحَدٍ مِنْ رُسُلِهِ وَقَالُوا سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ ﴿٢٨٥﴾﴾ (الْبَقَرَةُ)، فَلَمَّا فَعَلُوا ذَلِكَ نَسَخَهَا اللهُ تَعَالَى، فَأَنْزَلَ اللهُ عَزَّ وَجَلَّ: ﴿لَا يُكَلِّفُ اللهُ نَفْسًا إِلَّا وُسْعَهَا لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا ﴿٢٨٦﴾﴾ (الْبَقَرَةُ) «قَالَ: نَعَمْ» ﴿رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا ﴿٢٨٦﴾﴾ (الْبَقَرَةُ) «قَالَ: نَعَمْ» ﴿رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ ﴿٢٨٦﴾﴾ (الْبَقَرَةُ) «قَالَ: نَعَمْ» ﴿وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنْتَ مَوْلَانَا فَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ ﴿٢٨٦﴾﴾ (الْبَقَرَةُ) «قَالَ: نَعَمْ».

[مُسْلِمٌ فِي صَحِيحِهِ]

**അബൂ ഹുറയ്റഃ رضي الله عنه പറയുന്നു: [ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം അല്ലാഹുവിന്റേതാണ്. നിങ്ങൾ നിങ്ങളുടെ മനസ്സിലുള്ളത് വെളിവാക്കിയാലും മറച്ചുവെച്ചാലും അത് അല്ലാഹു വിചാരണക്ക് വിധേയമാക്കുക തന്നെ ചെയ്യും. അവൻ ഉദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും അവനുദ്ദേശിക്കു**

ന്നവരെ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു എല്ലാറ്റിനും കഴിവുറ്റവനാകുന്നു.] (ബഖറഃ: 284) എന്ന സൂക്തം അല്ലാഹുവിന്റെ ദൂതന് അവതരിച്ചപ്പോൾ അത് അവിടുത്തെ അനുചരന്മാർക്ക് കഠിനതരമായി തോന്നി. അവർ നബി ﷺ യുടെ അടുക്കൽ ചെന്ന് മുട്ടുകുത്തിനിന്നു കൊണ്ട് പറഞ്ഞു:

"അല്ലാഹുവിന്റെ ദൂതരേ, കർമ്മങ്ങളിൽനിന്ന് ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളായിരുന്നു ഇതുവരെ ഞങ്ങളെ വഹിപ്പിച്ചിരുന്നത് - നമസ്കാരം, നോമ്പ്, ജിഹാദ്, സ്വദഖഃ മുതലായവ. എന്നാൽ താങ്കൾക്ക് അവതരിപ്പിക്കപ്പെട്ട ഈ സൂക്തം, അത് ഞങ്ങൾക്ക് വഹിക്കാൻ കഴിയുന്ന കാര്യമല്ല."

അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു: «നിങ്ങൾക്ക് മുമ്പുള്ള ഗ്രന്ഥം നൽകപ്പെട്ട രണ്ടു വിഭാഗക്കാരും പറഞ്ഞ പോലെ, 'ഞങ്ങൾ കേട്ടിരിക്കുന്നു, ധിക്കരിച്ചിരിക്കുന്നു' എന്നു പറയാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?

മറിച്ച് നിങ്ങൾ പറയേണ്ടത്, 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു; ഞങ്ങളുടെ റബ്ബേ, നീ ഞങ്ങളോട് പൊറുക്കേണമേ; നിന്നിലേക്കാകുന്നു മടക്കം' എന്നാണ്.»

അവർ പറഞ്ഞു: "ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, നീ ഞങ്ങളോട് പൊറുക്കേണമേ; നിന്നിലേക്കാകുന്നു മടക്കം."

അങ്ങനെ അവർ അപ്രകാരം ചൊല്ലുകയും അത് അവരുടെ നാവുകളിൽ വഴങ്ങുകയും ചെയ്തതിനെ തുടർന്ന് അല്ലാഹു അവതരിപ്പിച്ചു: [റസൂൽ തന്റെ റബ്ബിങ്കൽനിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ വിശ്വസിച്ചിരിക്കുന്നു; സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും ഗ്രന്ഥങ്ങളിലും ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ഒരാൾക്കിടയിലും ഞങ്ങൾ വിവേചനം കാണിക്കുകയില്ല.

അവർ ഇപ്രകാരം പറയുകയും ചെയ്തു: ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, ഞങ്ങളോട് നീ പൊറുക്കേണമേ; നിന്നിലേക്കാകുന്നു മടക്കം.]

അവർ അങ്ങനെ ചെയ്തപ്പോൾ അല്ലാഹു അത് ദുർബ്ബലപ്പെടുത്തുകയും അനന്തരം ഇപ്രകാരം അവതരിപ്പിക്കുകയും ചെയ്തു:

[ഒരാത്മാവിനെയും അതിന്റെ കഴിവിൽപെടാത്തതൊന്നും അല്ലാഹു വഹിപ്പിക്കുകയില്ല. അത് സമ്പാദിച്ചത് അതിനുണ്ടായിരിക്കും. അതു ചെയ്തുവെച്ചത് (തിന്മ) അതിനു പ്രതികൂലമായും ഭവിക്കും. ഞങ്ങളുടെ റബ്ബേ, ഞങ്ങൾ മറന്നുപോയതിന്റെയോ, അബദ്ധവശാൽ ചെയ്തുപോയതിന്റെയോ പേരിൽ ഞങ്ങളെ നീ പിടികൂടരുതേ.]

അല്ലാഹു പറഞ്ഞു: [അതെ]

അവർ പറഞ്ഞു: "ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് മുമ്പുള്ളവരുടെമേൽ നീ ചുമത്തിയ പോലെ ഞങ്ങളുടെമേൽ നീ ദുർവ്വഹമായ ഭാരങ്ങൾ ചുമത്തരുതേ."

അല്ലാഹു പറഞ്ഞു: [അതെ]

"ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് സാധ്യമല്ലാത്ത യാതൊന്നും ഞങ്ങളെ നീ വഹിപ്പിക്കരുതേ."

അവൻ പറഞ്ഞു: [അതെ]

"ഞങ്ങൾക്ക് മാപ്പുനൽകുകയും, ഞങ്ങളോട് പൊറുക്കുകയും കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ സംരക്ഷകൻ. ആകയാൽ അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ നീ സഹായിക്കേണമേ."

അവൻ പറഞ്ഞു: [അതെ] (മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

ചുരുക്കത്തിൽ, കാരുണ്യവാനായ അല്ലാഹു മനുഷ്യനെ ദുർവ്വഹമായ ഭാരങ്ങളേതുമേ വഹിപ്പിക്കാതെ, അവന്ന വേണ്ട മാർഗ്ഗദർശനങ്ങൾ യഥാസമയം അവതരിപ്പിച്ചു കൊടുത്ത് തന്റെ ലക്ഷ്യസ്ഥാനത്തേക്ക് നയിക്കുകയാണ് ചെയ്യുന്നത്. തന്റെ ആത്യന്തിക നന്മക്ക് ഉതകുന്ന മാർഗ്ഗദർശനങ്ങൾ സന്മനസ്സോടെ സ്വീകരിച്ച് അതിന് സർവഥാ കീഴ്പ്പെടുകയേ വേണ്ടൂ. പ്രഗത്ഭ താബിഈവര്യനായ ഇമാം മുഹമ്മദ് ബിൻ ശിഹാബ് അസ്സുഹ്രി ﵀ ഈ വർണ്ണരാജിയിൽ മനുഷ്യന്റെ യഥാസ്ഥാനം കൃത്യമായി അടയാളപ്പെടുത്തുന്നത് കാണുക:

وَقَالَ الزُّهْرِيُّ: مِنَ اللهِ الرِّسَالَةُ، وَعَلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ البَلاَغُ، وَعَلَيْنَا التَّسْلِيمُ. [الْبُخَارِيُّ فِي صَحِيحِهِ]

ഇമാം ബുഖാരി ﵀ ഇബ്ന ശിഹാബ് അസ്സുഹ്രി ﵀ പറഞ്ഞതായി ഇപ്രകാരം ഉദ്ധരിക്കുന്നു: "മാർഗ്ഗദർശനം അല്ലാഹുവിൽ നിന്നാണ് ലഭിക്കേണ്ടത്. റസൂലിന്റെ ബാധ്യത അത് എത്തിച്ചു കൊടുക്കുക എന്നതാണ്. നമ്മുടെ കടമ അതിന്ന സർവഥാ കീഴ്പ്പെടുക എന്നതും." (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

## ആറ്: ഇസ്ലാം മതത്തിൽ തർക്കങ്ങളും സംവാദങ്ങളുമില്ല

ഇസ്ലാം വിശ്വാസത്തിന്റെ, അർപ്പണത്തിന്റെ, വിനയത്തിന്റെ, വിധേയത്വത്തിന്റെ മതമാണ്. അഹംഭാവവും ചോദ്യംചെയ്യലും വിസമ്മതവും ഇസ്ലാമിന് തീർത്തും അന്യമാണ്. ഒരു സത്യം സംശയരഹിതമായി തന്റെ മുന്നിലെത്തിക്കഴിഞ്ഞാൽ അതിനെ ആദ്യമാത്രയിൽ തന്നെ പരിഗ്രഹിക്കുക എന്നതാണ് നല്ലവനായ ഒരു മനുഷ്യന് ചെയ്യാനുള്ളത്.

സത്യം കൺമുന്നിൽ വന്നുനിൽക്കുമ്പോൾ അഹന്ത സടകുടഞ്ഞെഴുന്നേൽക്കുകയും, സത്യത്തിന്റെ വിളി ചെവിക്കൊള്ളാ

തെ അതിനു വഴങ്ങാതിരിക്കുകയും, തന്റെ വിസമ്മതത്തിന് യുക്തിയുടെ മറുന്യായം ചമക്കുകയും, കുതർക്കങ്ങളിലും സംവാദങ്ങളിലും ഏർപ്പെടുകയും, അങ്ങനെ അഭീഷ്ടങ്ങൾക്കൊപ്പം നാശത്തിലേക്ക് ഒഴുകിപ്പോകുകയും ചെയ്യുക എന്നത് ഇബ്‌ലീസിന്റെ വഴിയാണ്. എല്ലാറ്റിനും മീതെ തന്റെ ബുദ്ധിയെയും യുക്തിയെയും അഭീഷ്ടത്തെയും സ്ഥാപിക്കുന്നവൻ അല്ലാഹുവിന്റെ വിനീത ദാസൻ എന്ന ശ്രേഷ്ഠപദവി ഉപേക്ഷിച്ച് അഹങ്കാരിയായ ഒരു മൂർത്തിയായി സ്വയം പ്രതിഷ്ഠിക്കാനാണ് ശ്രമിക്കുന്നത്.

വക്രീകരിക്കപ്പെട്ട ഇത്തരം മനസ്സിന്റെ ഉടമകൾ ദീനിനകത്തും പുറത്തും ഒരു പോലെ കളിക്കുന്നു. മതസംഹിതകളെയും വിശ്വാസി സമൂഹങ്ങളെയും വളരെയേറെ ദുഷിപ്പിക്കുന്നു. അവരുടെ കലുഷിത മനോഭാവം ദീനിനകത്ത് പ്രവർത്തിക്കുന്നത് സംവാദ വൈദഗ്ധ്യം ഉപയോഗിച്ച് പ്രമാണ രേഖകൾ ദുർവ്യാഖ്യാനം ചെയ്യുന്നിടത്താണ്. ഇത്തരം തർക്കങ്ങൾക്കും സംവാദങ്ങൾക്കും ദീനിൽ സ്ഥാനമില്ല. സത്യം മുന്നിൽ വന്നാൽ അത് സ്വീകരിക്കുക, സത്യപ്പെടുത്തുക, കീഴ്പ്പെടുക. അല്ലാതെ അർപ്പണത്തിന്റെ മതമായ ഇസ്‌ലാമിൽ തർക്കത്തിനും സംവാദത്തിനും ഇടമില്ല തന്നെ.

അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആൻ സൂക്ഷ്മാലുക്കൾക്ക് സന്മാർഗ്ഗദീപം തെളിയിച്ചുകൊടുക്കുമ്പോൾ തന്നെ അധർമ്മചാരികളെ വഴികേടിൽ വിഹരിക്കാൻ വിടുന്നു. അല്ലാഹു വാഗ്ദാനം ചെയ്യുന്ന സാന്മാർഗ്ഗിക ദർശനങ്ങളും വെളിച്ചങ്ങളും ഇരു വിഭാഗങ്ങളെയും അവരർഹിക്കുന്ന ദിശയിലേക്ക് നയിക്കാവുന്ന വിധത്തിലാണ് അതിൽ ക്രമീകരിച്ചിരിക്കുന്നത്. വ്യാഖ്യാനങ്ങൾക്കു വഴങ്ങാത്ത സ്വതഃസ്പഷ്ടവും ആശയഭദ്രവുമായ സൂക്തികളാണ് ഖുർആനിൽ ഏറെയുമുള്ളത്. അവയാണ് ഖുർആനിലെ അടിസ്ഥാന വചനങ്ങൾ. അതേ സമയം ബഹുമുഖമായ വ്യാഖ്യാന സാധ്യതകളിലേക്ക് തുറന്നിരിക്കുന്ന സം

ശയാസ്പദമായ വചനങ്ങൾ അതിൽ വേറെയുണ്ട്.

ഒരു വിശ്വാസി അടിസ്ഥാന വചനങ്ങളെ അവലംബമാക്കുകയും സംശയാസ്പദമായ വചനങ്ങളെ അടിസ്ഥാന വചനങ്ങളിലേക്ക് മടക്കുകയും, അങ്ങനെ ഖുർആനിന്റെ ആശയപരമായ ജൈവികപ്പൊരുത്തം (Organic Unity) ആസ്വദിക്കുകയുമാണ് ചെയ്യുക. എന്നാൽ വക്രീകരിക്കപ്പെട്ട മനസ്സിന്റെ ഉടമകൾ അടിസ്ഥാന വചനങ്ങൾ അവഗണിക്കുകയും സംശയാസ്പദമായ വചനങ്ങൾ തേടിപ്പോകുകയും ചെയ്യുന്നു. തർക്കങ്ങളും സംവാദങ്ങളും നടത്തി തങ്ങളുടെ അഭീഷ്ടങ്ങൾ ഖുർആനിലേക്ക് ഒളിച്ചുകടത്താനുള്ള ഒരു പഴുതായി അവരതിനെ ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുക. അവർ തേടുന്നത് സാഫല്യമല്ലല്ലോ, കുഴപ്പമല്ലേ. ഇത്തരം ദൂഷിതമനോഭാവവും പേറി നടക്കുന്ന വക്രീകരിക്കപ്പെട്ട ഹൃദയത്തിന്റെ ഉടമകളെ കരുതിയിരിക്കണമെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നു.

﴿هُوَ الَّذِى أَنزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُّحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ ۖ فَأَمَّا الَّذِينَ فِي قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ وَابْتِغَاءَ تَأْوِيلِهِ ۗ وَمَا يَعْلَمُ تَأْوِيلَهُ إِلَّا اللَّهُ ۗ وَالرَّاسِخُونَ فِي الْعِلْمِ يَقُولُونَ آمَنَّا بِهِ كُلٌّ مِّنْ عِندِ رَبِّنَا ۗ وَمَا يَذَّكَّرُ إِلَّا أُولُو الْأَلْبَابِ ۝٧﴾ (آلُ عِمْرَانَ)

[അവനാണ് താങ്കൾക്ക് ഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നത്. അതിൽ ഖണ്ഡിതമായ വചനങ്ങളുണ്ട് - അവയാണ് ഗ്രന്ഥത്തിന്റെ അടിസ്ഥാനം; അതിൽ മറ്റു ചില സംശയാസ്ദപമായ വചനങ്ങളുമുണ്ട്. ഹൃദയങ്ങളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിച്ചും ദുർവ്യാഖ്യാനം നടത്താൻ ആഗ്രഹിച്ചും സംശയാസ്പദമായ വചനങ്ങൾ പിന്തുടരുന്നു. അവയുടെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിനല്ലാതെ അറിയുകയില്ല. എന്നാൽ പരിണതപ്രജ്ഞർ പറയുക ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു,

എല്ലാം ഞങ്ങളുടെ റബ്ബിൽനിന്നുള്ളതാകുന്നു എന്നാണ്. ബുദ്ധിശാലികളല്ലാതെ കാര്യങ്ങൾ ഉൾക്കൊള്ളുകയില്ല.] (ആലു ഇംറാൻ: 7)

വഹ്‌യിന്റെ പ്രഥമ അഭിസംബോധിത സമൂഹമായ, പ്രാമാണികതയും ആധികാരികതയുമുണ്ടെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തിയ സ്വഹാബാ സമൂഹത്തിന്റെ ഗ്രാഹ്യം മാറ്റിവെച്ച്, അവരവരുടെ യുക്തിക്കും അഭീഷ്ടത്തിനുമനുസരിച്ച് ഖുർആനിക വചനങ്ങൾ ദുർവ്യാഖ്യാനിക്കുന്ന തെറ്റായ പ്രവണത മുസ്‌ലിം സമുദായത്തിൽ തുടങ്ങി വെച്ചത് ഖവാരിജുകളാണ്. അത് ഇസ്‌ലാമിന്റെ അലകും പിടിയും മാറ്റിമറിക്കും. അക്രമോത്സുകത കൊണ്ടും രക്തരൂഷിതമായ കലാപങ്ങൾ കൊണ്ടും സമാധാനത്തിന്റെ മതമായ ഇസ്‌ലാമിനെ അവർ ശവപ്പറമ്പാക്കി മാറ്റും. ഈ മാരകമായ പ്രവണതയെ കുറിച്ച് ജാഗ്രത വേണം. കാരണം അത് സമൂഹത്തിന്റെ ആന്തരഘടനയിലേക്ക് ആഴ്ന്നിറങ്ങും. വീടുകളുടെ അകത്തളങ്ങളിലേക്ക് കടന്നുകേറും. അന്തപ്പുരങ്ങളിലിരിക്കുന്ന സ്ത്രീകളെയും കുട്ടികളെയും വരെ സ്വാധീനിക്കും. അതു കൊണ്ടാണ് നബി ﷺ സ്വന്തം വീട്ടിൽ ആയിശഃ رضي الله عنها യോടൊപ്പം അവരുടെ മുറിയിൽ സ്വകാര്യനിമിഷങ്ങൾ ചെലവഴിക്കുമ്പോൾ പോലും അതിനെ കുറിച്ച് താക്കീത് ചെയ്തത്. ഇബ്നു അബീ മുലൈകഃ رحمه الله പറയുന്നത് കാണുക:

عن عبد الله بن أبي مليكة، عن عائشة رضي الله عنها قالت: تلا رسول الله ﷺ هذه الآية: ﴿هُوَ الَّذِي أَنْزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ﴾ إلى قوله: ﴿وَمَا يَذَّكَّرُ إِلَّا أُولُو الْأَلْبَابِ ۝٧﴾ [آل عمران] فقال: «يا عائشة! إذا رأيتم الذين يجادلون فيه فهم الذين عناهم الله فاحذروهم» [ابْنُ مَاجَه فِي سُنَنِهِ وَصَحَّحَهُ الْأَلْبَانِيُّ]

അബ്ദുല്ലാ ബിൻ അബീ മുലൈകഃ رحمه الله നിവേദനം. ആയിശഃ رضي الله عنها

പറയുന്നു: [അവനാണ് താങ്കൾക്ക് ഗ്രന്ഥം ഇറക്കിത്തന്നത്. അതിൽ ഖണ്ഡിതമായ വചനങ്ങളുണ്ട് - അവയാണ് ഗ്രന്ഥത്തിന്റെ അടിസ്ഥാനം; മറ്റു ചിലത് സംശയാസ്ദപമായ വചനങ്ങളായിട്ടുമുണ്ട്.] എന്ന സൂക്തം [ബുദ്ധിശാലികളല്ലാതെ കാര്യങ്ങൾ ഉൾക്കൊള്ളുകയില്ല.] എന്നതുവരെ ഒരിക്കൽ നബി ﷺ പാരായണം ചെയ്തു. എന്നിട്ട് അവിടുന്ന് തുടർന്നു: «ആയിശഃ, അതിൽ തർക്കിക്കുന്നവരെ നിങ്ങൾ കണ്ടാൽ (ഓർക്കുക) അവരെയാണ് അല്ലാഹു ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. അവരെ നിങ്ങൾ സൂക്ഷിക്കണം.» (ഇബ്നു മാജഃ സുനനിൽ ഉദ്ധരിച്ചത്)

വിരുദ്ധ ദിശകളിലേക്ക് നയിക്കുന്ന രണ്ടു വഴികൾ. ഒന്ന് ഇസ്‌ലാമിന്റേത്, മറ്റൊന്ന് പിശാചിന്റേത്. ഒന്ന് വിനയത്തിന്റേത്, മറ്റൊന്ന് അഹങ്കാരത്തിന്റേത്. വിനയമുള്ളവർ വിശ്വസിക്കുകയും അർപ്പിക്കുകയും ചെയ്യുന്നു. അഹങ്കാരികൾ തർക്കിക്കുകയും വിസമ്മതിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നത് കാണുക:

﴿إِنَّ الَّذِينَ يُجَادِلُونَ فِي آيَاتِ اللَّهِ بِغَيْرِ سُلْطَانٍ أَتَاهُمْ إِنْ فِي صُدُورِهِمْ إِلَّا كِبْرٌ مَا هُمْ بِبَالِغِيهِ فَاسْتَعِذْ بِاللَّهِ إِنَّهُ هُوَ السَّمِيعُ الْبَصِيرُ ﴿٥٦﴾﴾ (غافر)

[നിശ്ചയമായും, തങ്ങൾക്കു വന്നുകിട്ടിയ യാതൊരു ആധികാരിക ലക്ഷ്യവുമില്ലാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ കുറിച്ച് തർക്കിക്കുന്നവരാരോ അവരുടെ ഹൃദയങ്ങളിൽ, തങ്ങൾക്ക് എത്താനാവാത്ത അഹംഭാവമല്ലാതൊന്നുമില്ല. ആയതിനാൽ നീ അല്ലാഹുവിനോടു രക്ഷതേടുക; തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.] (ഗാഫിർ: 56)

താർക്കികന്മാർ സൂക്ഷിക്കട്ടെ. തർക്കം ഒരു കഴിവോ മികവോ അല്ല. അത് ഒരു ദുരന്തമാണ്. അത് മനുഷ്യബുദ്ധിയിൽ ഒളിഞ്ഞുകിടക്കുന്ന അഹങ്കാരത്തെയും നിഷേധത്തെയും ജ്വലിപ്പിക്കാനേ ഉപകരിക്കൂ. വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെ

യും വഴിയിൽ എത്തിപ്പെട്ടതിനു ശേഷവും തർക്കം അവരെ വഴി കേടിലേക്ക് തള്ളിവിടുമെന്ന് അവർ ഓർമ്മ വെക്കുന്നത് നന്നു. പ്രശസ്തമായ ഒരു നബിവചനം കാണുക:

عَنْ أَبِي أُمَامَةَ قَالَ: قَالَ رَسُولُ اللَّهِ ﷺ: «مَا ضَلَّ قَوْمٌ بَعْدَ هُدًى كَانُوا عَلَيْهِ إِلَّا أُوتُوا الْجَدَلَ» [أَحْمَدُ فِي مُسْنَدِهِ وَصَحَّحَهُ الْأَلْبَانِي]

അബൂ ഉമാമഃ رضي الله عنه നിവേദനം. നബി ﷺ പറയുന്നു: «സന്മാർഗ്ഗം പ്രാപിച്ച് അതിൽ നിലക്കൊണ്ടിരുന്ന ഒരു ജനതയും അവർക്ക് തർക്കം നൽകപ്പെട്ടു കൊണ്ടല്ലാതെ പിഴച്ചുപോയിട്ടില്ല.» (അഹ്മദ് മുസ്നദിൽ ഉദ്ധരിച്ചത്)

മിക്കപ്പോഴും ഒരു സത്യത്തെ റദ്ദുചെയ്യാനോ, അല്ലെങ്കിൽ ഒരു അസത്യം സ്ഥാപിക്കാനോ വേണ്ടിയാണ് പലരും തർക്കത്തിലേർപ്പെടാറുള്ളത്. എന്നാൽ ഒരു സത്യമോ ന്യായമോ സ്ഥാപിക്കാൻ വേണ്ടിയുള്ള തർക്കം പോലും വർജ്ജിക്കുകയാണ് വേണ്ടത്. കാരണം തർക്കത്തിൽ ഏർപ്പെട്ടു കഴിഞ്ഞാൽ ഞാൻ എന്ന ഭാവമായിരിക്കും മികച്ചു നിൽക്കുക. പിന്നീട് തന്റെ ഈഗോയെ തൃപ്തിപ്പെടുത്താൻ അവൻ ഏത് അന്യായമായ മാർഗ്ഗവും അവലംബിക്കും. എന്നാൽ സത്യദീൻ പ്രചരിപ്പിക്കാനുള്ള അനുവദനീയവും നിർദ്ദോഷകരവുമായ ഒരു മാർഗ്ഗമായിട്ടാണ് ഇന്ന് പലരും തർക്കത്തെ കാണുന്നത്. ഇത് ഒരു തെറ്റിദ്ധാരണ മാത്രമാണ്. കാര്യം അങ്ങനെയല്ല. തർക്കവും സംവാദവും ഒരു വിശ്വാസിക്ക് യോജിച്ച നടപടിയേ അല്ല. അത് മറ്റുള്ളവരെ നേർവഴിയിലേക്ക് നയിക്കാൻ സഹായകമാവില്ലെന്നു മാത്രമല്ല, താൻ കൂടി അറിയാതെ വഴികേടിലേക്ക് വ്യതിചലിച്ച് പോകാൻ കാരണമായിത്തീരുകയും ചെയ്യും. നബി ﷺ പറയുന്നത് കാണുക:

عَنْ أَبِي أُمَامَةَ، قَالَ: قَالَ رَسُولُ اللَّهِ ﷺ: «أَنَا زَعِيمٌ بِبَيْتٍ فِي رَبَضِ الْجَنَّةِ لِمَنْ تَرَكَ الْمِرَاءَ وَإِنْ كَانَ مُحِقًّا، وَبِبَيْتٍ فِي وَسَطِ الْجَنَّةِ لِمَنْ تَرَكَ الْكَذِبَ وَإِنْ كَانَ

مَازِحًا، وَبِبَيْتٍ فِي أَعْلَى الْجَنَّةِ لِمَنْ حَسَّنَ خُلُقَهُ. [أَبُو دَاوُدَ فِي سُنَنِهِ وَحَسَّنَهُ الْأَلْبَانِيُّ]

**അബൂ ഉമാമഃ ﷺ നിവേദനം. നബി ﷺ പറയുന്നു: «സത്യം തന്റെ പക്ഷത്താണെങ്കിലും തർക്കം ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തോട് ചേർന്ന് ഒരു കൊട്ടാരം നൽകാമെന്നതിനും, തമാശയിൽ പോലും കളവ് വെടിയുന്നവന് സ്വർഗ്ഗമധ്യത്തിൽ ഒരു കൊട്ടാരം നൽകാമെന്നതിനും, സ്വഭാവം ഉദാത്തവൽക്കരിച്ചവന് സ്വർഗ്ഗത്തിന്റെ ഉയർന്ന ഭാഗത്ത് ഒരു കൊട്ടാരം നൽകാമെന്നതിനും ഞാൻ ഉത്തരവാദിയാണ്.» (അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്)**

സംവാദം വിശ്വാസത്തിനേൽപിക്കുന്ന ആഘാതം ഇത്രമേൽ മാരകമാണെന്നതിനാൽ സച്ചരിതരായ സലഫുകൾ അതിന്റെ വഴി പൂർണ്ണമായി കൊട്ടിയടക്കുകയാണ് ചെയ്തിരുന്നത്. പ്രസിദ്ധ താബിഈവര്യനായ ഇബ്നു സീരീൻ ﵀ തർക്കത്തിനു കോപ്പുകൂട്ടിവരുന്നവരുമായി ഒരക്ഷരം പോലും സംസാരിക്കാനോ, അവരിൽനിന്ന് എന്തെങ്കിലും കേൾക്കാനോ സമ്മതിക്കുമായിരുന്നില്ല.

أما علمت أن محمد بن سيرين في فضله لم يجب رجلا من أهل البدع في مسألة واحدة، ولا سمع منه آية من كتاب الله عز وجل، فقيل له، فقال: أخاف أن يحرفها فيقع في قلبي شيء. [البربهاري في شرح السنة]

**നിനക്ക് അറിയില്ലേ, ഏറിയ മികവുകളുള്ള മുഹമ്മദ് ബിൻ സീരീൻ ﵀ ബിദ്അത്തുകാരിൽപെട്ട ഒരാൾക്ക് ഒരു മസ്അലഃയിൽ പോലും ഉത്തരം നൽകാൻ തയ്യാറായില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്നുള്ള ഒരു സൂക്തം പോലും അയാളിൽനിന്ന് കേൾക്കാനും സമ്മതിച്ചില്ല. അങ്ങനെ അതിനെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമാണ്: "അയാൾ അതിൽ വല്ല കൃത്യവിലോപവും കാണിച്ചാൽ അതിൽനിന്ന് വല്ലതും എന്റെ ഹൃദയത്തിൽ സ്ഥാനം പിടിക്കുമോ എന്ന് ഞാൻ ഭയ**

പ്പെടുന്നു." (ബർബഹാരി | ശർഹുസ്സുന്നഃ)

മറ്റൊരിക്കൽ മുഹമ്മദ് ബിൻ സീരീൻ ﵀ തന്നോട് തർക്കിക്കാൻ ഒരുമ്പെട്ടുവന്ന ഒരാളോട് പ്രതികരിച്ചത് ഇപ്രകാരമാണ്:

وقال مهدي بن ميمون سمعت محمد بن سيرين وما رآه رجل ففطن له فقال: إني أعلم ما يريد، إني لو أردت أن أماريك كنت عالماً بأبواب المراء. وفي رواية قال: أنا أعلم بالمراء منك، ولكني لا أماريك. [ابن رجب في بيان فضل علم السلف على علم الخلف]

മഹ്ദി ബിൻ മൈമൂൻ ﵀ പറയുന്നു: "മുഹമ്മദ് ബിൻ സീരീൻ ﵀ ഒരു വ്യക്തിയെ കണ്ട മാത്രയിൽ തന്നെ അയാളെ തിരിച്ചറിയുകയും ഇപ്രകാരം പ്രതികരിക്കുകയും ചെയ്തു: അയാൾ ഉദ്ദേശിക്കുന്നത് എന്താണെന്ന് എനിക്കറിയാം!

നിന്നോട് എനിക്ക് തർക്കിക്കണമെന്നുണ്ടെങ്കിൽ തർക്കത്തിന്റെ എല്ലാ വഴികളും നന്നായി അറിയുന്നവൻ തന്നെയാണു ഞാൻ. മറ്റൊരു റിപ്പോർട്ടിലുള്ളത്, നിന്നെക്കാൾ തർക്കിക്കാൻ നന്നായി അറിയുന്നവനാണു ഞാൻ. പക്ഷെ, നിന്നോടു ഞാൻ തർക്കത്തിലേർപ്പെടാനില്ല എന്നാണ്." (ഇബ്നു റജബ് | ബയാനു ഫള്ലി ഇൽമിസ്സലഫ് അലാ ഇൽമിൽ ഖലഫ്)

സച്ചരിതരായ മുൻഗാമികൾ തർക്കത്തിനു മുതിരാതിരുന്നത് അതിനുള്ള വിവരമോ വൈദഗ്ധ്യമോ ഇല്ലാത്തതു കൊണ്ടായിരുന്നില്ല. മറിച്ച്, അത് ഒരു വിശ്വാസിയുടെ മാർഗ്ഗമല്ലെന്ന അറിവും സൂക്ഷ്മതയും കൊണ്ടു മാത്രമാണ്.

فما سكت من سكت من كثرة الخصام والجدال من سلف الأمة جهلا ولا عجزاً، ولكن سكتوا عن علم وخشية لِلّه. [ابن رجب في بيان فضل علم السلف على علم الخلف]

ഈ സമുദായത്തിലെ മുൻഗാമികൾ ഏറിയ തർക്കങ്ങളിൽനിന്നും സംവാദങ്ങളിൽനിന്നും മാറി മൗനം പാലിക്കാനുണ്ടായ കാരണം അതിനുള്ള വിവരവും കഴിവും ഇല്ലാത്തതു കൊണ്ടായിരുന്നില്ല. അവർ മൗനം പാലിച്ചത് അവർ വഹിച്ചിരുന്ന അറിവും അല്ലാഹുവിനെ കുറിച്ചുള്ള ഭയവും കാരണമായിരുന്നു. (ഇബ്നു റജബ്| ബയാനു ഫള്‌ലി ഇൽമിസ്സലഫ് അലാ ഇൽമിൽ ഖലഫ്)

## ഏഴ്: കക്ഷിത്വവും ഭിന്നതയും വെടിഞ്ഞ് മുസ്‌ലിം ഐക്യം കാത്ത് സൂക്ഷിക്കുക

മുഹമ്മദ് നബി ﷺ യെ അല്ലാഹു അന്ത്യനാൾ വരെയുള്ള മനുഷ്യ-ജിന്ന് വർഗ്ഗങ്ങളിലേക്ക് മൊത്തമായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. അവരാണ് അവിടുത്തെ പ്രബോധിത സമൂഹം (قَوْمُهُ/أُمَّةُ الدَّعْوَةِ). അവരിൽനിന്ന് അവിടുത്തെ പ്രബോധനം സ്വീകരിച്ചവർ നബി ﷺ യുടെ സമുദായവും (أُمَّةُ الْإِجَابَةِ). സത്യപ്രബോധനം സ്വീകരിച്ച സമുദായം ഒറ്റ കക്ഷിയായി നിലക്കൊള്ളുകയും അവരെ ഒറ്റ വിഭാഗമായി കണക്കാക്കുകയും ചെയ്യണം. അവരെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുകയും കക്ഷികളായി വേർപിരിക്കുകയും ചെയ്യുക എന്നത് കടുത്ത പാതകമാണ്.

വിശാലമായ മാനവികൈക്യത്തിനു പുറമെ, സാമുദായികൈക്യത്തെ കുറിച്ചുള്ള ഇസ്‌ലാമിന്റെ വിഭാവനയാണിത്. ഇതിനു യാതൊരു ഭംഗവും വരുത്താതെ മുസ്‌ലിം ഐക്യം യാഥാർത്ഥ്യമാക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഒരു മുസ്‌ലിമിന്റെ കടമായാണ്. അതിനു സഹായകമാകുന്ന സമീപനങ്ങളും നടപടികളുമാണ് ഇസ്‌ലാമിലുള്ളത്. അല്ലാഹു പറയുന്നു:

﴿وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا ۚ وَاذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ إِخْوَانًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ النَّارِ فَأَنقَذَكُم مِّنْهَا ۗ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَهْتَدُونَ ﴿١٠٣﴾﴾

(آلُ عِمْرَانَ)

[നിങ്ങളൊന്നടങ്കം അല്ലാഹുവിൻറെ പാശം മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന അനുഗ്രഹം നിങ്ങൾ ഓർക്കുക. നിങ്ങൾ പരസ്പരം ബദ്ധ വൈരികളായിരുന്നപ്പോൾ അവൻ നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കി; അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു; അതിൽനിന്ന് അവൻ നിങ്ങളെ രക്ഷപ്പെടുത്തി. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കാൻ വേണ്ടിയാണ് ഇപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നത്.] (ആലു ഇംറാൻ: 103)

വിഘടിച്ചു നിൽക്കുന്ന കക്ഷികളെ ഒന്നിപ്പിക്കുന്ന മതമാണ് ഇസ്ലാം. ഭിന്നിപ്പും ഛിദ്രതയും നിരാകരിച്ച് ഐക്യവും രഞ്ജിപ്പും സ്ഥാപിക്കാനാവശ്യമായ പ്രായോഗിക നടപടികളാണ് അതിലുള്ളത്. ഭിന്നതയും കക്ഷിത്വവുമായി ഒരളവിലും ഇസ്ലാം രാജിയാകുന്നില്ല. അല്ലാഹു പറയുന്നത് കാണുക:

﴿إِنَّ الَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا لَسْتَ مِنْهُمْ فِي شَيْءٍ إِنَّمَا أَمْرُهُمْ إِلَى اللَّهِ ثُمَّ يُنَبِّئُهُمْ بِمَا كَانُوا يَفْعَلُونَ ﴿١٥٩﴾﴾ (الْأَنْعَامُ)

[തീർച്ചയായും ദീനിൽ ഭിന്നിപ്പുണ്ടാക്കി കക്ഷിതിരിഞ്ഞവരാരോ, അവരുമായി താങ്കൾക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിലേക്ക് മാത്രം. വഴിയെ അവരുടെ ചെയ്തികളെ കുറിച്ച് അവൻ അവരെ അറിയിക്കുക തന്നെ ചെയ്യും.] (അൻആം: 159)

ഇസ്ലാമിന് സവിശേഷമായ ഒരു സാമൂഹ്യ ഘടനയുണ്ട്. ആ ഘടനയുടെ ആവിഷ്കാരമാണ് മുസ്ലിം എന്ന നാമകരണം. ആ നാമത്തിലൂടെ വ്യവഹരിക്കപ്പെടുന്നത്, ആ നാമത്തിലൂടെ അഭിസംബോധന ചെയ്യപ്പെടുന്നത് ഇഴയടുപ്പവും കെട്ടുറപ്പുമുള്ള ഒരൊറ്റ സമുദായത്തെയാണ്. പരസ്പരം ഭിന്നിച്ചും

കലഹിച്ചും പോരടിക്കുന്ന കുറേ കക്ഷികൾ എന്നത് മുസ്‌ലിം എന്ന നാമം ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന അശയങ്ങളുടെ വ്യക്തമായ നിരാസമാണ്. മുസ്‌ലിംകൾ ഒറ്റക്കക്ഷിയായി നിലക്കൊള്ളുക എന്നത് മതത്തിൽ ഏറെ പ്രാധാന്യമുള്ള കാര്യമാണ്. അത് നാനാഭാഗങ്ങളിൽനിന്നുമുള്ള കടന്നു കേറ്റങ്ങളെ ചെറുത്ത് അവർക്ക് പരിരക്ഷ നൽകുന്ന നടപടിയാണ്. നബി ﷺ പറയുന്നത് കാണുക:

عن جبير بن مطعم عن أبيه قال: قام رسول الله ﷺ بالخيف من منى، فقال: «نضر الله امرأ سمع مقالتي فبلغها، فرب حامل فقه غير فقيه، ورب حامل فقه إلى من هو أفقه منه، ثلاث لا يغل عليهن قلب مؤمن، إخلاص العمل لله، والنصيحة لولاة المسلمين، ولزوم جماعتهم، فإن دعوتهم تحيط من ورائهم» [ابن ماجه في سننه وصححه الألباني]

ജുബൈർ ബിൻ മുത്ഇം رضي الله عنه നിവേദനം, അദ്ദേഹം പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ മിനായിലെ ഖൈഫിൽ വെച്ച് ഞങ്ങളെ അഭിമുഖീകരിച്ചു കൊണ്ട് പറഞ്ഞു: «എന്റെ വചനം കേൾക്കുകയും അത് എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ അല്ലാഹു പ്രസന്നനാക്കട്ടെ. മതിയായ ഗ്രാഹ്യതയില്ലാത്ത എത്രപേർ അറിവിന്റെ വാഹകരാവാറുണ്ട്! തന്നെക്കാൾ ഗ്രാഹ്യതയുള്ളവർക്ക് അറിവ് വഹിച്ച് കൊണ്ടുകൊടുക്കുന്ന എത്ര പേരുണ്ട്! മൂന്നു കാര്യങ്ങളുള്ളപ്പോൾ ഒരു വിശ്വാസിയുടെ ഹൃദയത്തിൽ പക സ്ഥാനംപിടിക്കുകയില്ല: കർമ്മം അല്ലാഹുവിന്ന് വേണ്ടി മാത്രമാക്കിത്തീർക്കുക, മുസ്‌ലിം ഭരണാധികാരികളോട് ഗുണകാംക്ഷ പുലർത്തുക, അവരുടെ ഐക്യത്തോടൊപ്പം നിലകൊള്ളുക. മുസ്‌ലിം എന്ന പൊതുസംബോധനം തീർച്ചയായും അവർക്ക് ചുറ്റുമുള്ള ഒരു സംരക്ഷണവലയം തന്നെയാണ്.»] (ഇബ്നു മാജഃ സുനനിൽ ഉദ്ധരിച്ചത്)

മുസ്ലിം ഐക്യം ചില സുമനസ്സുകളുടെ ഭാവനയിൽ ഉറങ്ങിക്കിടക്കുന്ന കേവലമൊരു സ്വപ്നമോ അഭിലാഷമോ ആയിരുന്നാൽ പോരാ. അതിനെ സംഭവലോകത്ത് പുലരുന്ന ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുക തന്നെ വേണം. ഐക്യം സാധ്യമാകണമെങ്കിൽ അതിനാവശ്യമായ താത്ത്വികമായ അടിത്തറകളും പ്രായോഗികമായ നടപടിക്രമങ്ങളും സജ്ജമാക്കുകയാണ് ആദ്യം വേണ്ടത്. മുസ്ലിം ഐക്യത്തിന്റെ താത്ത്വികമായ അടിത്തറയെ കുറിച്ചുള്ള അന്വേഷണം സ്വാഭാവികമായും ചെന്നെത്തുക താഴെ കൊടുക്കുന്ന നബിവചനത്തിലാണ്:

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ ﷺ قَالَ: «إِنَّ اللَّهَ يَرْضَى لَكُمْ ثَلَاثًا وَيَسْخَطُ لَكُمْ ثَلَاثًا يَرْضَى لَكُمْ أَنْ تَعْبُدُوهُ وَلَا تُشْرِكُوا بِهِ شَيْئًا وَأَنْ تَعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَأَنْ تَنَاصَحُوا مَنْ وَلَّاهُ اللَّهُ أَمْرَكُمْ وَيَسْخَطُ لَكُمْ قِيلَ وَقَالَ وَإِضَاعَةَ الْمَالِ وَكَثْرَةَ السُّؤَالِ» [مَالِكٌ فِي مُوَطَّأِهِ]

അബൂ ഹുറയ്റഃ ؓ നിവേദനം. തീർച്ചയായും അല്ലാഹുവിന്റെ ദൂതൻ ﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: «മൂന്ന് കാര്യങ്ങൾ അല്ലാഹു നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു: അവനെ മാത്രം ആരാധിക്കുക; അവന്റെ കൂടെ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. അല്ലാഹുവിന്റെ പാശം നിങ്ങൾ ഒന്നടങ്കം മുറുകെ പിടിക്കുക. നിങ്ങളുടെ കാര്യം അല്ലാഹു ഏൽപ്പിച്ചിരിക്കുന്ന ഭരണാധികാരികളോട് ഗുണകാംക്ഷ പുലർത്തുക. അവൻ നിങ്ങൾക്ക് വെറുത്തിരിക്കുന്നത് കിംവദന്തികളും ധനം പാഴാക്കുന്നതും അധികരിച്ച ചോദ്യങ്ങളുമത്രെ.» (ഇമാം മാലിക് തന്റെ മുവത്വയിൽ ഉദ്ധരിച്ചത്)

ശിർക്ക് ഉപേക്ഷിച്ച് അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന മുവഹിദുകളായി മാറുക, അല്ലാഹു ഏഴാകാശങ്ങൾക്ക് ഉപരിയിൽനിന്ന് ഇറക്കി തന്ന അവന്റെ ബലിഷ്ഠമായ പാശം മുറുകെ

പിടിക്കുക, അവൻ നമ്മുടെ മേൽ ചുമതല നൽകിയ ഭരണകർത്താക്കളോട് തികഞ്ഞ ഗുണകാംക്ഷ പുലർത്തുക. ഈ ആധാരങ്ങളിലല്ലാതെ സ്ഥായിയായ ഐക്യം രൂപപ്പെടുത്തുക സാധ്യമല്ല. ഈ അടിത്തറകളിലല്ലാതെയുള്ള ഐക്യശ്രമങ്ങളെല്ലാം വ്യാജവും കൃത്രിമവുമാണ്. അവ വിഫലമാകുകയേയുള്ളു. നിലനിൽക്കാത്ത അത്തരം പൊലിപ്പുകൾ കുമിളകൾ കണക്കെ ക്ഷിപ്രം പൊളിഞ്ഞു പോകുകയും ചെയ്യും.

ഐക്യം സാധ്യമാക്കുന്നതിനായി നബി ﷺ കൈകൊണ്ട നടപടിക്രമങ്ങൾ ഏറെയാണ്. അതു കൊണ്ടു തന്നെ ഇസ്‌ലാമിക ജീവിതത്തിന്റെ ഓരോ വളവിലും തിരിവിലും ഐക്യം സാക്ഷാൽകരിക്കുന്ന, ഭിന്നതയെ ചെറുക്കുന്ന കൽപനാ വിലക്കുകൾ നമുക്ക് കാണാൻ സാധിക്കുന്നത്. അവ നിജപ്പെടുത്താനോ അവയുടെ വിശദാംശങ്ങളിലേക്ക് കടക്കാനോ മുതിരുന്നില്ല. സത്യാന്വേഷികൾക്കും പഠിതാക്കൾക്കും ഉദാഹരണങ്ങൾ തന്നെ മതിയാകുമല്ലോ.

عَنْ أَبِي مَسْعُودٍ قَالَ: كَانَ رَسُولُ اللهِ ﷺ يَمْسَحُ مَنَاكِبَنَا فِي الصَّلَاةِ وَيَقُولُ: اسْتَوُوا ولاَ تَخْتَلِفُوا فَتَخْتَلِفَ قُلُوبُكُمْ، لِيَلِنِي مِنْكُمْ أُولُو الْأَحْلَامِ وَالنُّهَى، ثُمَّ الَّذِينَ يَلُونَهُمْ، ثُمَّ الَّذِينَ يَلُونَهُمْ. [مُسْلِمٌ فِي صَحِيحِهِ]

അബൂ മസ്ഊദ് رضي الله عنه നിവേദനം. നമസ്കരിക്കാൻ നിൽക്കുമ്പോൾ ഞങ്ങളുടെ ചുമലുകൾ തടവിക്കൊണ്ട് നബി ﷺ ഇപ്രകാരം പറയുമായിരുന്നു: «നിങ്ങൾ സ്വഫ്ഫ് നേരെയാക്കുക, നിങ്ങൾ തെറ്റി നിൽക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങളുടെ ഹൃദയങ്ങൾ ഭിന്നിച്ചുപോകും. ബുദ്ധിയും വിവേകവും ഉള്ളവർ എന്നോട് അടുത്ത് നിൽക്കട്ടെ. തൊട്ടടുത്തവർ അവരോടും, അതിനോടടുത്തവർ അവരോടും ചേർന്നുനിൽക്കട്ടെ.» (മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

അതുപോലെ, അനൈക്യത്തിലേക്ക് നയിച്ചേക്കാവുന്ന ഏതൊരു പ്രവണതയും മുളയിലേ നുള്ളിക്കളയുക എന്നതായിരുന്നു നബി ﷺ യുടെയും ഉത്തരാധികാരികളായ ഖുലഫാക്കളുടെയും രീതി. ഉദാഹരണത്തിന് ഒരു സംഭവം മാത്രം ഉദ്ധരിക്കാം:

وقال المزني صاحب الإمام الشافعي: وقد اختلف أصحاب رسول الله ﷺ، خطأ بعضهم بعضا، ونظر بعضهم في أقاويل بعض وتعقبها، ولو كان قولهم كله صوابا عندهم لما فعلوا ذلك، وغضب عمر بن الخطاب رضي الله عنه من اختلاف أبي بن كعب وابن مسعود في الصلاة في الثوب الواحد، إذ قال أبي: إن الصلاة في الثوب الواحد حسن جميل، وقال ابن مسعود: إنما كان ذلك والثياب قليلة، فخرج عمر مغضبا فقال: اختلف رجلان من أصحاب رسول الله ﷺ ممن ينظر إليه ويؤخذ عنه، وقد صدق أبيٌّ، ولم يأل ابن مسعود، ولكني لا أسمع أحدا يختلف فيه بعد مقامي هذا إلا فعلت كذا وكذا [الألباني في أصل صفة صلاة النبي ﷺ]

ഇമാം ശാഫിഇയുടെ ശിഷ്യൻ മുസ്നി رحمه الله പറയുന്നു: "നബി ﷺ യുടെ അനുചരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായിട്ടുണ്ട്. അവർ പരസ്പരം തെറ്റുപിടിച്ചിട്ടുണ്ട്. ചിലർ മറ്റു ചിലരുടെ വാക്കുകൾ വിശകലനം ചെയ്ത് തിരുത്തിയിട്ടുമുണ്ട്. അവരുടെ എല്ലാവരുടെയും വാക്കുകൾ ഒരേ പോലെ ശരിയാണെന്ന് അവർ കരുതിയിരുന്നുവെങ്കിൽ അവർ അങ്ങനെ ചെയ്യുമായിരുന്നില്ല. ഒറ്റ വസ്ത്രത്തിൽ നമസ്കരിക്കുന്നതിനെ കുറിച്ച് ഉബയ്യ് ബിൻ കഅ്ബും ഇബ്നു മസ്ഊദും رضي الله عنهما വ്യത്യസ്ത അഭിപ്രായങ്ങൾ പറഞ്ഞപ്പോൾ ഉമർ رضي الله عنه കോപിക്കുകയുണ്ടായി. ഉബയ്യ് رضي الله عنه പറഞ്ഞു: 'ഒറ്റ വസ്ത്രത്തിലുള്ള നമസ്കാരം നല്ലതാണ്, മനോഹരമാണ്.' ഇബ്നു മസ്ഊദ് رضي الله عنه പറഞ്ഞു: 'അത് വസ്ത്രം കുറവായിരുന്നപ്പോൾ മാത്രമാണ്.' അപ്പോൾ ഉമർ رضي الله عنه

ദേഷ്യത്തോടെ പുറത്തിറങ്ങി. എന്നിട്ടു പറഞ്ഞു: 'മറ്റുള്ളവർ മാതൃകയായി കാണുകയും ദീൻ സ്വീകരിക്കുകയും ചെയ്യുന്ന, നബി ﷺ യുടെ അനുചരന്മാരിൽപെട്ട രണ്ടുപേർ ഇതാ ഭിന്നി ച്ചിരിക്കുന്നു! ഉബയ്യ് പറഞ്ഞത് സത്യമാണ്. ഇബ്നു മസ്ഊദ് വിലോപം വരുത്തിയിട്ടുമില്ല. ഈയൊരു സന്ദർഭത്തിനു ശേഷം ആരെങ്കിലും ഇക്കാര്യത്തിൽ ഇനി ഭിന്നിച്ചുവെന്ന് ഞാൻ കേൾ ക്കാൻ ഇടവന്നാൽ അവനെ ഞാൻ വേണ്ടതു പോലെ കൈകാ ര്യം ചെയ്യാതെ വിടില്ല." (ഉദ്ധരണം: അൽബാനി | അസ്വ്ലു സ്വി ഫതി സ്വലാതിന്നബിയ്യി ﷺ)

ഐക്യം സാക്ഷാൽകരിക്കാനും ഭിന്നത ചെറുക്കാനും വേണ്ടി നബി ﷺ യും ഖുലഫാക്കളും കൈക്കൊണ്ടിരുന്ന നടപടികളുടെ ഉദാരണങ്ങളാണ് നാം കണ്ടത്. ഏത് ചെറുതും വലുതുമായ കാര്യങ്ങളിൽ അവർ ജാഗ്രത പുലർത്തി. ഐക്യത്തിന്റെ അതി മനോഹരവും അനിതരവുമായ ഒരേട് അവർ മാനവചരിത്രത്തി ൽ തുന്നിച്ചേർത്തു.

## നോമ്പും പെരുന്നാളും തീരുമാനിക്കുന്നതെങ്ങനെ?

ഇസ്‌ലാമിൽ നോമ്പ്, ഹജ്ജ്, ഈദുൽ ഫിത്വ്ർ, ഈദുൽ അദ്ഹാ, ത്വലാഖ്, ഇദ്ദഃ, ഈലാഅ് പോലുള്ളവ അനുഷ്ഠിക്കു മ്പോൾ കാലഗണന അനിവാര്യമായിത്തീരുന്നു. മുകളിൽ പറ ഞ്ഞതു പോലെയുള്ള ഇസ്‌ലാമിന്റെ ശരിയായ മൻഹജ് അഥവാ മാർഗ്ഗരീതിയനുസരിച്ച് നോമ്പ്, ഹജ്ജ്, രണ്ട് പെരുന്നാളുകൾ എന്നിവ തീരുമാനിക്കേണ്ടത് എങ്ങനെയാണ്? ഇക്കാര്യം ഒന്ന് വസ്തുനിഷ്ഠമായി പരിശോധനാ വിധേയമാക്കാം.

ഇരുപത്തിനാലു മണിക്കൂർ ദൈർഘ്യമുള്ള ഒരു ദിവസവും അതിനകത്തെ സമയ മാറ്റങ്ങളും കണക്കാക്കാൻ സൂര്യന്റെ സ്ഥാനമാണ് മുസ്‌ലിംകൾ നോക്കിവരുന്നത്. എന്നാൽ മാസം, മാസത്തിന്റെ തുടക്കം, ഒടുക്കം, വെളുത്ത ദിനങ്ങൾ (أَيَّامُ الْبِيضِ),

വർഷം തുടങ്ങിയ സമയമാറ്റം കണക്കാക്കുന്നത് ചന്ദ്രന്റെ വൃദ്ധി ക്ഷയങ്ങൾ അടിസ്ഥാനപ്പെടുത്തിയുമാണ്. ആയതിനാൽ നമുക്ക് അറിയാനുള്ളത് റമാളാൻ മാസത്തിന്റെ തുടക്കം അഥവാ വ്രതാരംഭം, ശവ്വാൽ മാസത്തുടക്കം അഥവാ ചെറിയ പെരുന്നാൾ, ദുൽഹിജ്ജഃ ഒമ്പത് അഥവാ അറഫാ ദിനം, ദുൽഹിജ്ജഃ പത്ത് അഥവാ ബലിപെരുന്നാൾ ഇവ നിശ്ചയിക്കുന്ന രീതി എങ്ങനെയാണ്?

മുകളിൽ വിവരിച്ച അഹ്ലുസ്സുന്നഃയുടെ മൻഹജ് പ്രകാരം, ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് വഹ്യിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. മനുഷ്യന്റെ ബുദ്ധിയുടെയോ, യുക്തിയുടെയോ, ഭൗതിക-ഖഗോളീയ-ഗണിതശാസ്ത്ര സിദ്ധാന്തങ്ങളുടെയോ, നാട്ടുനടപ്പിന്റെയോ മറ്റു കാര്യങ്ങളുടെയോ അടിസ്ഥാനത്തിലല്ല ഇസ്ലാമിലെ ആരാധനകളും ആഘോഷങ്ങളും ആചാരവിശേഷങ്ങളും തീരുമാനിക്കേണ്ടത്. അതിനാൽ ഇക്കാര്യത്തിൽ വഹ്യിൽ വന്ന കൽപനകൾ എന്താണെന്ന് നോക്കാം. വഹ്യിന്റെ രണ്ടു രൂപങ്ങളായ ഖുർആനിനെയും സുന്നത്തിനെയും ഒരു ഏകകമായി കണ്ടുകൊണ്ട് അവ രണ്ടിലും ഒരേ സമയം ഇക്കാര്യത്തിൽ വന്ന കൽപനകൾ പരതുകയാണ് വേണ്ടത്. ഖുർആനിൽ അല്ലാഹു പറയുന്നത് ഇപ്രകാരമാണ്:

﴿شَهْرُ رَمَضَانَ الَّذِى أُنزِلَ فِيهِ الْقُرْآنُ هُدًى لِّلنَّاسِ وَبَيِّنَاتٍ مِّنَ الْهُدَىٰ وَالْفُرْقَانِ ۚ فَمَن شَهِدَ مِنكُمُ الشَّهْرَ فَلْيَصُمْهُ ۖ وَمَن كَانَ مَرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۗ.. ﴿١٨٥﴾﴾ (البقرة)

[ജനങ്ങൾക്കുള്ള സന്മാർഗ്ഗദർശനമായും, സന്മാർഗ്ഗദർശനത്തിന്റെയും സത്യാസത്യ വിവേചനത്തിന്റെയും സുവ്യക്തമായ തെളിവുകളായും ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ

സന്നിഹിതരാണോ അവർ ആ മാസത്തിൽ വ്രതം അനുഷ്ഠിച്ചു കൊള്ളട്ടെ.] (ബഖറഃ: 185)

വ്രതമനുഷ്ഠിക്കാനുള്ള നിബന്ധനകൾ പൂർത്തീകരിക്കപ്പെട്ട ഒരു വ്യക്തി റമളാൻ സമാഗതമാകുമ്പോൾ നാട്ടിലുണ്ടെങ്കിൽ അദ്ദേഹത്തിന് നോമ്പെടുക്കൽ നിർബ്ബന്ധമാകുന്നു എന്നാണ് ഇതിന്റെ വ്യാഖ്യാനം. شَهِدَ എന്ന പദത്തിന് നാട്ടിൽ സന്നിഹിതനാവുക എന്നാണ് വ്യാഖ്യാതക്കൾ അർത്ഥം നൽകിയിട്ടുള്ളത്. പിറവി കാണുക എന്ന് പിൽക്കാരായ ചിലർ അതിന് അർത്ഥം നൽകിയിട്ടുണ്ടെങ്കിലും അത് ആധികാരികമാണെന്ന് പറയാവുന്ന തെളിവുകളില്ല. ഇതിലപ്പുറം നിർണ്ണിതവും വ്യക്തവുമായ മറ്റൊരു വിശദീകരണവും ഖുർആനിൽ ലഭ്യവുമല്ല.

അതേ സമയം, നബിചര്യയിൽ ഇതു സംബന്ധിച്ചു വന്ന കൽപനകൾ പരിശോധിക്കാം. ആദ്യം അവിടുത്തെ വാചികമായ കൽപനകളും തുടർന്ന് അവിടുത്തെ കർമ്മപരമായ ചര്യകളും നോക്കാം. അവിടുന്ന് പറയുന്നു.

عن أَبِي هُرَيْرَةَ ﵁: قَالَ رَسُولُ اللهِ ﷺ: «صُومُوا لِرُؤْيَتِهِ وَأَفْطِرُوا لِرُؤْيَتِهِ فَإِنْ غُمِّيَ عَلَيْكُمُ الشَّهْرُ فَعُدُّوا ثَلَاثِينَ» [مُسْلِمٌ فِي صَحِيحِهِ]

[അബൂ ഹുറയ്റഃ ﵁ നിവേദനം. നബി ﷺ പറയുന്നു: «നിങ്ങൾ മാസപ്പിറവി കണ്ടാൽ നോമ്പ് പിടിക്കുക. മാസപ്പിറവി കണ്ടാൽ നോമ്പ് അവസാനിപ്പിച്ച് ഈദുൽ ഫിത്വ്ർ ആഘോഷിക്കുക. മാസപ്പിറവി നിങ്ങൾക്ക് മൂടപ്പെട്ടാൽ ആ മാസം നിങ്ങൾ മുപ്പത് പൂർത്തീകരിക്കുക.» (മുസ്ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

ഈ നബിവചനത്തിലൂടെ അവിടുന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത് നോമ്പ് തുടങ്ങേണ്ടതും, അത് അവസാനിപ്പിച്ച് ചെറിയ പെരുന്നാൾ ആഘോഷിക്കേണ്ടതും മാസപ്പിറവി കാണുന്നതിന്റെ അടിസ്ഥാനത്തിലാണ്. കാഴ്ചയല്ലാതെ കണക്കോ മറ്റു മാർഗ്ഗങ്ങളോ അതിന് അവലംബിക്കാവതല്ല എന്നു

സാരം. നഭോമണ്ഡലത്തിൽ പിറവി സംഭവിച്ചിട്ടുണ്ടെങ്കിലും കാർമേഘങ്ങളോ ധൂമങ്ങളോ പൊടിപടലങ്ങളോ പിറവി മൂടി ബാലചന്ദ്രനെ കാണാതെ പോയാൽ നിലവിലുള്ള മാസം മുപ്പത് പൂർത്തീകരിക്കുകയാണ് വേണ്ടത്. കാഴ്ചയല്ലാത്ത മറ്റു മാർഗ്ഗങ്ങൾ അവലംബിക്കരുത്.

അറബി മാസത്തിന്റെ ദൈർഘ്യം എത്രയാണ്, മാസപ്പിറവി നോക്കേണ്ടത് എപ്പോഴാണ് എന്നതു സംബന്ധിച്ചും നബി ﷺ സവിശേഷമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അവിടുന്ന് പറയുന്നത് കാണുക:

عَنْ ابْنِ عُمَرَ ﷺ، قَالَ النَّبِيُّ ﷺ: «الشَّهْرُ هَكَذَا وَهَكَذَا وَهَكَذَا» - يَعْنِي: ثَلَاثِينَ - ثُمَّ قَالَ: «وَهَكَذَا وَهَكَذَا وَهَكَذَا» - يَعْنِي تِسْعًا وَعِشْرِينَ - يَقُولُ: مَرَّةً ثَلَاثِينَ، وَمَرَّةً تِسْعًا وَعِشْرِينَ. [الْبُخَارِيُّ فِي صَحِيحِهِ]

ഇബ്ന ഉമർ ﷺ നിവേദനം. നബി ﷺ പറയുകയുണ്ടായി: «ഇരുകൈകളുടെയും വിരലുകൾ നിവർത്തിപ്പിടിച്ച് മാസം ഇങ്ങനെ, ഇങ്ങനെ, ഇങ്ങനെ അഥവാ മുപ്പതാണെന്ന് പറഞ്ഞു. പിന്നെ ഇങ്ങനെ, ഇങ്ങനെ, ഇങ്ങനെ അഥവാ ഇരുപത്തിയൊമ്പതാണെന്നും പറഞ്ഞു. ഒരിക്കൽ മുപ്പതും ഒരിക്കൽ ഇരുപത്തിയൊമ്പതുമായിരിക്കും എന്നാണ് അവിടുന്ന് പറയുന്നത്.» (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

ചന്ദ്രമാസം ഇരുപത്തിയൊമ്പത് ദിവസമാകാം, ചിലപ്പോൾ മുപ്പത് ദിവസവുമാകാം എന്ന് മേൽ വചനം വ്യക്തമാക്കുന്നു. ആയതിനാൽ ഇരുപത്തിയൊമ്പത് ദിവസം പൂർത്തീകരിക്കുന്ന അന്ന് സൂര്യാസ്തമയത്തിനു ശേഷം പടിഞ്ഞാറൻ ചക്രവാളത്തിൽ ചന്ദ്രപ്പിറവി നോക്കണം. കണ്ടുവെങ്കിൽ നിലവിലുള്ള മാസം അവസാനിച്ചതായും പുതിയ മാസം തുടങ്ങിയതായും കണക്കാക്കണം. കണാതെ പോയാൽ അടുത്ത ദിവസം നിലവിലുള്ള മാസത്തിന്റെ മുപ്പതാം ദിവസമായി കണക്കാക്ക

ണം. അതിനു പിറ്റേദിവസം പുതിയ മാസം ആരംഭിക്കുന്നതായും ഗണിക്കണം. ഇങ്ങനെ അനുവർത്തിക്കാനാണ് നബി ﷺ യുടെ വാചികമായ ചര്യയിൽ നിർദ്ദേശിച്ചിരിക്കുന്നത്.

ഇനി നബി ﷺ യുടെ കർമ്മപരമായ ചര്യകൾ പരിശോധിക്കാം. റമളാനിലെ നോമ്പ് നിയമമാക്കുന്നത് ഹിജ്റഃ രണ്ടാം വർഷമാണ്. എങ്കിൽ അവിടുന്ന് മരണപ്പെടുന്നതിനു മുമ്പ് ഒമ്പതു തവണയെങ്കിലും നോമ്പ് പിടിക്കുകയും പെരുന്നാൾ ആഘോഷിക്കുകയും ചെയ്തിട്ടുണ്ടാകും. അതെല്ലാം മുകളിൽ പറഞ്ഞ പോലെ ശഅ്ബാൻ 29ന് പിറവി നോക്കുകയും കണ്ടാൽ പിറ്റെ ദിവസം റമളാൻ ഒന്നായി പ്രഖ്യാപിച്ച് നോമ്പ് ആരംഭിക്കുകയുമാണുണ്ടായത്. കാണാൻ കഴിയാതെ പോയ സന്ദർഭങ്ങളിൽ ശഅ്ബാൻ മുപ്പത് പൂർത്തീകരിക്കുകയും അതിനു ശേഷം വരുന്ന ദിവസം റമളാൻ ഒന്നായി പരിഗണിച്ച് നോമ്പ് ആരംഭിക്കുകയുമാണുണ്ടായത്.

അതേ പ്രകാരം, റമളാൻ 29ന് പിറവി നോക്കുകയും കണ്ടു എങ്കിൽ പിറ്റെ ദിവസം ശവ്വാൽ ഒന്നായി പ്രഖ്യാപിച്ച് നോമ്പ് ഉപേക്ഷിച്ച് പെരുന്നാൾ ആഘോഷിക്കുകയും, കാണാൻ കഴിയാതെ പോയ സന്ദർഭങ്ങളിൽ റമളാൻ മുപ്പത് പൂർത്തീകരിച്ച് അതിനടുത്ത ദിവസം ശവ്വാൽ ഒന്നായി പ്രഖ്യാപിച്ച് നോമ്പ് അവസാനിപ്പിച്ച് പെരുന്നാൾ ആഘോഷിക്കുകയുമാണുണ്ടായത്. അവിടുന്ന് കാഴ്ചയെ അല്ലാതെ ഗോളശാസ്ത്രത്തെയോ ഗണിതത്തെയോ അവലംബിച്ച് കണക്കിന്റെ അടിസ്ഥാനത്തിൽ നോമ്പും പെരുന്നാളും തീരുമാനിച്ച ഒരു സംഭവം പോലുമില്ല.

ഇവ്വിഷയകമായി വന്ന പ്രമാണരേഖകൾ, ഖുർആനിക സൂക്തങ്ങളാവട്ടെ, നബി ﷺ യുടെ വാചികവും കർമ്മപരവുമായ ചര്യകളാവട്ടെ, അവയെല്ലാം മറ്റു വ്യാഖ്യാനങ്ങൾക്ക് പഴുത് നൽകാത്ത സ്വതഃസ്പഷ്ടങ്ങളായ വചനങ്ങളാണ്. എന്നിരുന്നാലും ഇത്തരം പ്രമാണരേഖകൾ നബി ﷺ യിൽനിന്ന് കേൾക്കു

കയും കാണുകയും അതിനു സാക്ഷ്യം വഹിക്കുകയും, നബി ﷺ യുടെ മേൽനോട്ടത്തിൽ തന്നെ അവ തെറ്റാതെ സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയും, അടുത്ത തലമുറയിലേക്കത് സത്യസന്ധമായും അതീവ സൂക്ഷ്മതയോടെയും വിനിമയം നടത്തുകയും ചെയ്ത സ്വഹാബികൾ അവയെ എങ്ങനെ മനസ്സിലാക്കി, അവ എങ്ങനെ ജീവിതത്തിലേക്ക് പകർത്തി എന്നു കൂടി നാം പരിശോധിക്കേണ്ടതുണ്ട്.

നബി ﷺ യുടെ ശേഷം വന്ന സച്ചരിതരായ നാലു ഖുലഫാക്കളും അവരുടെ ഭരണകാലത്ത് നോമ്പും പെരുന്നാളും ഹജ്ജും തീരുമാനിച്ചത് മാസപ്പിറവി കാണുക എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. അവരാരും ഒരിക്കൽ പോലും ന്യൂമൂണിനെയോ ഗോളശാസ്ത്ര കണക്കിനെയോ അടിസ്ഥാനമാക്കി നോമ്പോ പെരുന്നാളോ ഹജ്ജോ തീർച്ചപ്പെടുത്തുകയുണ്ടായില്ല. ഇവ്വിഷയകമായി വന്ന മുകളിൽ പരാമർശിച്ചതും അല്ലാത്തതുമായ പ്രമാണവാക്യങ്ങളെ അവർ മനസ്സിലാക്കിയത് അങ്ങനെയായിരുന്നു. മറിച്ച് ഒരു ധാരണ അവർക്കുണ്ടായിരുന്നില്ല. അവരുടെ നടപടിക്രമങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിലടക്കം രേഖപ്പെട്ടുകിടപ്പുണ്ട്. അവരുടെ ചര്യകൾ മുറുകെപ്പിടിക്കണമെന്നത് നബി ﷺയുടെ വിട്ടുവീഴ്ചയില്ലാത്ത കൽപനയാണെന്ന വസ്തുത കൂടി നാം ഇവിടെ അനുസ്മരിക്കേണ്ടതാണ്. അവിടുന്ന് പറയുന്നു:

عَنْ الْعِرْبَاضِ بْنِ سَارِيَةَ رضي الله عنه، يَقُولُ: قَامَ فِينَا رَسُولُ اللهِ ﷺ ذَاتَ يَوْمٍ، فَوَعَظَنَا مَوْعِظَةً بَلِيغَةً، وَجِلَتْ مِنْهَا الْقُلُوبُ، وَذَرَفَتْ مِنْهَا الْعُيُونُ، فَقِيلَ يَا رَسُولَ اللهِ، وَعَظْتَنَا مَوْعِظَةَ مُوَدِّعٍ، فَاعْهَدْ إِلَيْنَا بِعَهْدٍ، فَقَالَ: عَلَيْكُمْ بِتَقْوَى اللهِ، وَالسَّمْعِ وَالطَّاعَةِ، وَإِنْ عَبْدًا حَبَشِيًّا، وَسَتَرَوْنَ مِنْ بَعْدِي اخْتِلَافًا شَدِيدًا، فَعَلَيْكُمْ بِسُنَّتِي، وَسُنَّةِ الْخُلَفَاءِ الرَّاشِدِينَ الْمَهْدِيِّينَ، عَضُّوا عَلَيْهَا بِالنَّوَاجِذِ، وَإِيَّاكُمْ وَالْأُمُورَ الْمُحْدَثَاتِ، فَإِنَّ كُلَّ بِدْعَةٍ ضَلَالَةٌ. [ابْنُ مَاجَه فِي سُنَنِهِ وَصَحَّحَهُ الْأَلْبَانِيُّ]

ഇർബാദ് ബിൻ സാരിയഃ ﵁ നിവേദനം. അദ്ദേഹം പറയുന്നു: ഒരു ദിവസം നബി ﷺ ഞങ്ങളെ അഭിസംബോധന ചെയ്തു. അങ്ങനെ ഹൃദയം തൊട്ടുള്ള ഒരുപദേശം അവിടുന്ന് ഞങ്ങൾക്കു നൽകി. അതുമൂലം ഞങ്ങളുടെ മനസ്സ് പിടക്കാൻ തുടങ്ങി. കണ്ണുകൾ ഈറനണിഞ്ഞു. ഒരാൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! യാത്ര പറഞ്ഞു പിരിയുന്നവനെ പോലെയാണല്ലോ അങ്ങ് ഞങ്ങളെ ഉപദേശിച്ചത്! അതിനാൽ ഞങ്ങൾക്ക് ഒരു വസ്വിയ്യത്ത് നൽകിയാലും." അവിടുന്ന് പറഞ്ഞു: «നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. ഭരണാധികാരി - ഒരു കാപ്പിരിയായ അടിമയാണെങ്കിലും - നിങ്ങൾ അദ്ദേഹത്തെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക. എന്റെ ശേഷം നിങ്ങൾ കടുത്ത ഭിന്നതകൾ കാണാനിരിക്കുന്നു. അപ്പോൾ എന്റെ ചര്യയും സച്ചരിതരും സന്മാർഗ്ഗികളുമായ എന്റെ ഉത്തരാധികാരികളുടെ ചര്യയും നിങ്ങൾ മുറുകെ പിടിക്കുക. അത് നിങ്ങൾ അണപ്പല്ലുകൾ കൊണ്ട് കടിച്ചുപിടിക്കുക. നൂതനമായ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും എല്ലാ നൂതന കാര്യങ്ങളും വഴികേടാണ്.»] (ഇബ്നു മാജഃ സുനനിൽ ഉദ്ധരിച്ചത്)

സച്ചരിതരായ നാലു ഖുലഫാക്കൾ മാത്രമല്ല നബി ﷺ യുടെ അനുചരന്മാർ എല്ലാവരും ഇതേ നിലപാടുകാരായിരുന്നു. മറിച്ചൊരു പക്ഷം അവരാരിൽനിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല.

ഈ സമുദായത്തിലെ ഏറ്റവും ശ്രേഷ്ഠരായ തലമുറ നബി ﷺ ജീവിച്ച ഒന്നാം തലമുറയും പിന്നീട് തൊട്ടടുത്തു വന്ന താബിഉകളുടെ തലമുറയും പിന്നീട് താബിഉത്താബിഉകളുടെ മൂന്നാം തലമുറയുമാണ്. ഇത് മൂന്നും നന്മകളുടെ കേദാരമെന്ന് സാക്ഷ്യപ്പെടുത്തപ്പെട്ട വിശിഷ്ട തലമുറകളാണ്. നബി ﷺ പറയുന്നത് കാണുക:

عَنْ عَبْدِ اللهِ ﵁، عَنِ النَّبِيِّ ﷺ قَالَ: خَيْرُ النَّاسِ قَرْنِي، ثُمَّ الَّذِينَ يَلُونَهُمْ، ثُمَّ الَّذِينَ يَلُونَهُمْ. [الْبُخَارِيُّ فِي صَحِيحِهِ]

അബ്ദുല്ലാ ബിൻ മസ്ഊദ് ﵁ നിവേദനം. നബി ﷺ പറയുന്നു: «ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠർ എന്റെ തലമുറയാണ്. പിന്നെ അവരുടെ തൊട്ടടുത്ത തലമുറ; പിന്നെ അവരുടെ തൊട്ടടുത്ത തലമുറയും.» (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

സച്ചരിതരായ പൂർവ്വസൂരികൾ (السَّلَفُ الصَّالِحُ) എന്നു പറയുമ്പോൾ അതുകൊണ്ട് ഒന്നാമതായി വിവക്ഷിക്കുന്നത് നബി ﷺ യുടെ അനുചരന്മാരെയാണ്; വിശാലമായ അർത്ഥത്തിൽ നന്മ കൊണ്ട് സാക്ഷ്യപ്പെടുത്തപ്പെട്ട ഈ മൂന്ന് തലമുറകളെയും. മാതൃകായോഗ്യരായ ഈ മൂന്ന് ഉത്തമ തലമുറക്കാർ നോമ്പും പെരുന്നാളും ഹജ്ജും തീരുമാനിച്ചത് മാസപ്പിറവി കാണുക എന്നതിന്റെ അടിസ്ഥാനത്തിലാണ്. അവരാരും ഒരിക്കൽ പോലും ന്യൂമൂണിനെയോ ഗോളശാസ്ത്ര കണക്കിനെയോ അടിസ്ഥാനമാക്കി നോമ്പോ പെരുന്നാളോ ഹജ്ജോ തീരുമാനിക്കുകയുണ്ടായില്ല. ഇതു സംബന്ധിച്ച് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ ﵀ നൽകുന്ന ഒരു വിവരണം താഴെ കൊടുക്കാം:

فإنا نعلم بالاضطرار أن العمل في رؤية هلال الصوم أو الحج أو العدة والإيلاء أو غير ذلك من الأحكام بخبر الحاسب أنه يرى أو لا يرى لا يجوز، والنصوص المستفيضة عن النبي ﷺ بذلك كثيرة، وقد أجمع المسلمون عليه، ولا يعرف فيه خلاف قديم أصلا، ولا خلاف حديث، غير أن في المتأخرين من المتفقهة الحادثين بعد المائة الثانية، من زعم أنه إذا غم الهلال جاز للحاسب أن يعمل في حق نفسه بالحساب، فإن دله الحساب على الرؤية صام، وإلا فلا، وهذا القول ـ وإن كان مقيدا بالإغمام ومختصا بالحاسب فهو شاذ ـ مسبوق بالإجماع على خلافه، فأما اتباع ذلك في الصحو أو تعليق عموم الحكم العام به فما قاله مسلم. (ابن تيمية في مجموع فتاويه)

അനിഷേധ്യമായും നമുക്ക് അറിയാവുന്ന കാര്യം, പിറവി കണ്ട തിന്റെ അടിസ്ഥാനത്തിൽ അനുഷ്ഠിക്കേണ്ട നോമ്പ്, ഹജ്ജ്, ഇദ്ദഃ, ഈലാഅ് (ഭാര്യയുമായി മേലിൽ ലൈംഗികബന്ധത്തിലേർ പ്പെടുകയില്ലെന്ന് ശപഥം ചെയ്യുക) പോലുള്ള മതവിധികളിൽ ഗോളശാസ്ത്രമനുസരിച്ച് കണക്ക് കൂട്ടി പറയുന്ന ഒരാൾ പിറവി കാണാം, അല്ലെങ്കിൽ കാണില്ല എന്ന് നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ കർമ്മം ചെയ്യാൻ പാടില്ല. ഇതു സംബന്ധിച്ച് നബി ﷺ യിൽനിന്ന് അനവധി പ്രമാണരേഖകൾ വന്നിരിക്കുന്നു. ഇക്കാര്യത്തിൽ മുസ്‌ലിംകളുടെ ഇജ്മാഅ് (ഏകകണ്ഠമായ തീരുമാനം) ഉണ്ടായിട്ടുള്ളതാണ്. തദ്‌വിഷയകമായി മുൻകാലത്ത് ഒരു ഭിന്നസ്വരം തീരെ തന്നെ അറിയപ്പെട്ടിട്ടുമില്ല. പിൽകാലത്തും ഒരു ഭിന്നതയുമില്ലായിരുന്നു. എന്നാൽ ഹിജ്റഃ രണ്ടാം നൂറ്റാണ്ടിനു ശേഷം വന്ന പിൽക്കാലക്കാരായ ചില ഫുഖഹാക്കളിൽ ഇങ്ങനെ വാദിച്ചവരുണ്ട്: പിറവി മൂടപ്പെട്ടു കഴിഞ്ഞാൽ ഗോള ശാസ്ത്ര പ്രകാരം കണക്ക് കൂട്ടാൻ അറിയുന്നവന് സ്വന്തം കാര്യത്തിൽ ആ കണക്കനുസരിച്ച് കർമ്മം ചെയ്യാം. കണക്ക് പ്രകാരം കാണാവുന്ന ദിവസമാണെങ്കിൽ അയാൾക്ക് നോമ്പ് അനുഷ്ഠിക്കാം. ഇല്ലെങ്കിൽ പാടില്ല താനും. പിറവി മൂടപ്പെടുന്ന സാഹചര്യത്തിൽ ഗോളശാസ്ത്രത്തിന്റെ കണക്ക് അറിയുന്നവന് മാത്രം ബാധകം എന്ന നിബന്ധനയോടെ പറയപ്പെട്ട വിധിയാണെങ്കിലും ഇത് സാമാന്യ നിയമത്തിന് നിരക്കാത്ത ഒരു അപവാദം മാത്രമായിട്ടാണ് ഗണിക്കപ്പെടുക. അതിനു വിരുദ്ധമായി ഇജ്മാഅ് മുൻകടന്നിട്ടുള്ളതുമാണ്. മൂടപ്പെടാത്ത തെളിഞ്ഞ കാലാവസ്ഥയിലും, എല്ലാവർക്കും ബാധകമാകുന്ന പൊതുവിധിയായും അതിനെ കണക്കാക്കണമെന്ന് ഒരു മുസ്‌ലിമും പറഞ്ഞിട്ടില്ല. (ഇബ്നു തൈമിയ്യഃ ഫതാവായിൽ രേഖപ്പെടുത്തിയത്)

ചുരുക്കത്തിൽ, മുകളിൽ പറഞ്ഞതാണ് ഇക്കാര്യത്തിലുള്ള പ്രമാണബദ്ധമായ നിലപാട്. അത് മാത്രമാണ് പ്രമാണരേഖകളിൽ സ്ഥിരപ്പെട്ടിരിക്കുന്നത്. പ്രമാണ രേഖകൾ നബി ﷺ യിൽ

നിന്ന് നേരിട്ട് കേൾക്കുകയും കാണുകയും, ഇത്തരം രംഗങ്ങൾക്ക് സാക്ഷ്യംവഹിക്കുകയും, നബി ﷺ യുടെ മേൽനോട്ടത്തിൽ അത് ജീവിതത്തിലേക്ക് പകർത്തുകയും, പിന്നീട് പിൻതലമുറക്ക് അത് സത്യസന്ധമായി കൈമാറുകയും ചെയ്ത സ്വഹാബികൾ അത് അങ്ങനെ മാത്രമാണ് മനസ്സിലാക്കുകയും പ്രയോഗവത്ക്കരിക്കുകയും ചെയ്തിട്ടുള്ളത്. ഇതാണ് പൗരാണികരും ആധുനികരുമായ പ്രാമാണിക പണ്ഡിതന്മാരുടെ പക്ഷവും.

എന്നാൽ കാഴ്ച വേണ്ട, കണക്കു മതി എന്ന് വാദിക്കുന്നവർ അറിവും ദീനും സ്വീകരിക്കുന്നത് വഹ്‌യിൽനിന്നല്ല, ശാസ്ത്രം, ഗണിതം, ജ്ഞാനോദയം, നവോത്ഥാനം പോലുള്ളവയുടെ ആശയാവലികളിൽനിന്നാണ്. ഇവിടെയാണ് അത്തരക്കാർ മൻഹജിൽ വഴിപിഴച്ചു പോകുന്നത്.

പ്രമാണരേഖകളിൽ പറഞ്ഞത് തന്നിഷ്ടമനുസരിച്ച് വായിക്കുകയും മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയുമാണ് അവർ ചെയ്യുന്നത്. അവ മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും മാതൃകായോഗ്യരായ പൂർവ്വസൂരികളുടെ ഗ്രാഹ്യം അവലംബിക്കേണ്ടതിനു പകരം അവയെ പുഛത്തോടെ തള്ളിക്കളയുകയും ചെയ്യുന്നു. ഇവിടെ വീണ്ടും അവർ മൻഹജിൽ വ്യതിചലിച്ചു പോകുന്നു.

തങ്ങൾക്ക് അറിയാത്ത കാര്യങ്ങൾ യോഗ്യരായ പണ്ഡിതന്മാരിലേക്ക് മടക്കി അവരോട് ചോദിച്ചു പഠിക്കേണ്ടതിനു പകരം അൽപന്മാരും അഹങ്കാരികളുമായ റുവൈബിളമാർ രംഗം വഷളാക്കുകയാണ് ചെയ്യുന്നത്. ഇതും മൻഹജിലുള്ള പിഴവാണ്.

അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾ മാറ്റിവെച്ച് ബുദ്ധിക്കും യുക്തിക്കും മുൻഗണന നൽകി, അഭീഷ്ടങ്ങൾ പിന്തുടരുക മാത്രമാണ് അവർ ചെയ്യുന്നത്. ഇതും മൻഹജിലുള്ള വ്യതിയാനം തന്നെ.

അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം തീർപ്പാക്കിയാൽ അതിൽ വിശ്വാസമർപ്പിച്ച് അത് അംഗീകരിക്കുകയും അതിനെ സത്യപ്പെടുത്തി അതിനു സർവഥാ കീഴ്പ്പെടുകയും ചെയ്യേണ്ടതിനു പകരം ഇക്കൂട്ടർ അല്ലാഹുവിനെയും റസൂലിനെയും മറികടക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. മൻഹജിലുള്ള അടുത്ത വ്യതിയാനമാണിത്.

മതപരമായ കാര്യങ്ങളിൽ തെളിവുകൾ ആരായുകയും അവയുടെ സത്യത ഉറപ്പ് വരുത്തുകയും ചെയ്യണം. പ്രമാണ രേഖകൾക്ക് സലഫുകൾ നൽകിയ ശരിയായ വ്യാഖ്യാനം കണ്ടെത്തണം. യോഗ്യരായ പണ്ഡിതന്മാരിലേക്ക് മടക്കിയും അവരോട് ചോദിച്ചുമാണ് ഇത്തരം വിഷയങ്ങൾ പഠിക്കേണ്ടത്. അല്ലാതെ, മതപരമായ അറിവ് സ്വയം നിർമ്മിക്കുകയോ ഗവേഷണ നിരീക്ഷണങ്ങൾ നടത്തി അനുമാനങ്ങളിലും നിഗമനങ്ങളിലും എത്തിപ്പെടുകയോ അല്ല ചെയ്യേണ്ടത്. മതവിഷയങ്ങളിൽ തർക്കങ്ങളും സംവാദങ്ങളും നടത്തുന്നതും അഭീഷ്ടങ്ങൾക്കനുസരിച്ച് തെളിവുകൾ ദുർവ്യാഖ്യാനിക്കുന്നതും അഹ്ലുസ്സുന്നയുടെ മർഹജിനു വിരുദ്ധമാണ്. കാഴ്ചക്കു പകരം കണക്കിനെ അവലംബിക്കുന്നവർ മൻഹജിലുള്ള അപകടകരമായ വ്യതിയാനങ്ങളിലാണ് അകപ്പെടുന്നത്.

ഐക്യത്തിന് ഇസ്‌ലാം കൽപിക്കുന്ന വില വളരെ വലുതാണ്. ഇസ്‌ലാമിന്റെ മൗലികമായ വിഭാവനകൾ തന്നെ ഐക്യത്തിലധിഷ്ഠിതവുമാണ്. എന്നാൽ പിശാചിന്റെ ദുഷ്പ്രേരണയാലും, അഭീഷ്ടങ്ങൾ പിന്തുടർന്ന് പരസ്പരം അതിക്രമ മനോഭാവം കൈക്കൊണ്ടതിനാലും മനുഷ്യർ സത്യത്തിന്റെ ഏകതാനമായ നേർവഴിയിൽനിന്ന് വ്യതിചലിച്ചുപോയി. അങ്ങനെ അവർ ദീൻ കാര്യത്തിൽ പോലും ഭിന്നിക്കുകയും രൂക്ഷമായ കക്ഷിത്വത്തിലും കലഹത്തിലും അകപ്പെടുകയും ചെയ്തു. അവരെ സത്യത്തിലേക്കും ഐക്യത്തിലേക്കും തിരിച്ചുവിളിക്കാൻ അല്ലാഹു

മുന്നോട്ടുവെക്കുന്ന ലളിതവും പ്രായോഗികവുമായ സമവാക്യം ഇതാണ്:

﴿وَاعْتَصِمُوا بِحَبْلِ اللهِ جَمِيعًا وَلَا تَفَرَّقُوا.. ﴿١٠٣﴾﴾ (آلُ عِمْرَان)

[നിങ്ങളൊന്നടങ്കം അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുക, നിങ്ങൾ ഭിന്നിക്കരുത്..] (ആലു ഇംറാൻ: 103)

അല്ലാഹുവിന്റെ പാശം, അതു തന്നെയാണ് ഐക്യത്തിന്റെ ആധാരം. ഉപരിയിൽനിന്ന് ഭൂലോകത്തേക്ക് അല്ലാഹു ഇറക്കിത്തന്ന വഹ്‌യാകുന്ന പാശം. ഒരിക്കലും മുറിഞ്ഞുപോകുമെന്ന് ഭയപ്പെടാനില്ലാത്ത ബലിഷ്ഠമായ പാശം. ആ പാശം നിങ്ങൾ ഒന്നിച്ചു മുറുകെ പിടിക്കണം. ഒരിക്കലും അത് കൈവിട്ടുപോകരുത്. അത് കൈവിട്ടാൽ പകരം കൈയിൽ കിട്ടുന്നത് സ്വാഭിപ്രായങ്ങളുടെയും തന്നിഷ്ടങ്ങളുടെയും കച്ചിത്തുരുമ്പുകൾ മാത്രമായിരിക്കും. പിന്നീട് നിങ്ങൾ ചെന്നു പതിക്കുക നരകാഗ്നിയുടെ അഗാധങ്ങളിലുമായിരിക്കും. ഈ മൗലികമായ യാഥാർത്ഥ്യം പോലും ഇന്ന് മുസ്‌ലിംകൾ വിസ്മരിച്ചിരിക്കുന്നു. അതുകൊണ്ടാണ് അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കാതെ ശാസ്ത്രവും ഗണിതവും മുന്നിൽവെച്ച് ജനങ്ങളെ ഒരു ചരടിൽ കോർത്തിണക്കാം എന്നവർ വ്യാമോഹിക്കുന്നത്. അത്തരക്കാർ സ്വപ്നം കാണുന്നത് വിഡ്ഢികളുടെ സ്വർഗ്ഗമാണെന്ന് പറയാതെ വയ്യ. നോമ്പിന്റെയും പെരുന്നാളിന്റെയും കാര്യത്തിൽ ന്യൂമൂണും ഗോളശാസ്ത്രവും ഗണിതവുമൊന്നും മുസ്‌ലിംകളെ ഏകീകരിക്കാനുതകുന്ന ചാലകശക്തിയല്ല. അവ മുസ്‌ലിംകളെ നാൾക്കുനാൾ കൂടുതൽ കൂടുതൽ ഭിന്നതകളിലേക്കും കക്ഷിത്വങ്ങളിലേക്കും കിടമാത്സര്യങ്ങളിലേക്കും മാത്രമേ നയിക്കുകയുള്ളു. മറിച്ച് അല്ലാഹുവിന്റെ പാശം അതിന്റെ ആദിവിശുദ്ധിയിലും ശരിയായ വ്യാഖ്യാന വിവക്ഷകളിലും മുസ്‌ലിംകൾ എന്ന് മുറുകെ പിടിക്കുന്നുവോ അന്നേ അവർ വിജയിക്കുകയുള്ളു, ഇഹത്തിലും പരത്തിലും.

ഗോളശാസ്ത്രത്തിന്റെ കണക്കുകൾ ഖണ്ഡിതമാണ്. അതിൽ പിഴവ് വരാൻ സാധ്യതയില്ല. കാഴ്ച അങ്ങനെയല്ല. അതിൽ പിഴവ് സംഭവിക്കാൻ ധാരാളം സാധ്യതകളുണ്ട്. കണക്കിനെ അവലംബിക്കാതെ കാഴ്ചയെ അവലംബിച്ചതു കൊണ്ട് നബി ﷺ ക്കും അനുചരന്മാർക്കും തെറ്റു പറ്റിയിട്ടുണ്ട്. ഞങ്ങൾ ആ പഴുത് പരിഹരിച്ച് അതുക്കും മീതെ മുമ്പേ പറക്കുകയാണ്.. ഈ ഭാഷ്യം ആരുടേതാണെന്ന് പറയേണ്ടതില്ലല്ലോ. ഇത് ജനസ്സൊന്ന് വേറെയാണ്. ആഗോള സുറൂരിയ്യത്തും പ്രാദേശിക ഇസ്‌ലാഹിയ്യത്തും കൂടിച്ചേർന്നുണ്ടായ ഒരു സങ്കരയിനം! ഇത് വല്ലാത്തൊരു ഹൈബ്രിഡ് വാദഗതി തന്നെ!!

മൻഹജിലുള്ള പിഴവ് മാത്രമല്ല, ഈമാൻ തന്നെ ഊരിയെറിയുന്ന ധാർഷ്ട്യം കൂടിയാണിത്. തുടങ്ങിയത് മാസം ഉറപ്പിക്കാൻ ഗോളശാസ്ത്രത്തിന്റെ കണക്കും അവലംബിക്കാം എന്നിടത്തുനിന്നായിരുന്നു. അഥവാ കർമ്മപരമായ കാര്യത്തിൽ നബി ﷺ യുടെ ഒരു കൽപനക്ക് എതിരു പ്രവർത്തിച്ചു, അത്ര മാത്രം. എന്നാൽ ഇപ്പോൾ എത്തിനിൽക്കുന്നതോ? വിശ്വാസത്തോടും അർപ്പണത്തോടുമുള്ള പൊക്കിൾകൊടി ബന്ധം കൂടി വിഛേദിച്ചെറിയുന്ന ഭയാനകാമയ അവസ്ഥയിൽ! ഇതിനെ വിശദീകരിക്കാൻ ഇമാം അഹ്മദ് ؒ യുടെ വാക്കുകൾ തന്നെ വേണം.

وقال الإمام أحمد: عجبت لقوم عرفوا الإسناد وصحته، ويذهبون إلى رأي سفيان، والله تعالى يقول: ﴿فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَنْ تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ﴾ أتدري ما الفتنة؟ الفتنة الشرك، لعله إذا رد بعض قوله أن يقع في قلبه شيء من الزيغ فيهلك. [محمد بن عبد الوهاب في كتاب التوحيد]

[ഇമാം അഹ്മദ് ؒ പറയുന്നു: "ഹദീസും നിവേദക പരമ്പരയും അറിയാവുന്നവർ തന്നെ സുഫ്‌യാന്റെ അഭിപ്രായത്തിലേക്ക് പോകുന്നതിൽ എനിക്ക് ആശ്ചര്യം തോന്നുകയാണ്! അല്ലാഹു പറയുന്നു: [അവിടുത്തെ കൽപനയിൽനിന്ന് വ്യതിചലിക്കുന്ന

വർ തങ്ങൾക്ക് വല്ല ഫിത്നഃയും വന്നുഭവിക്കുന്നതോ, വേദനാജനകമായ ശിക്ഷ ബാധിക്കുന്നതോ സൂക്ഷിച്ചു കൊള്ളട്ടെ.] ഫിത്നഃ എന്താണെന്ന് നിനക്കറിയുമോ? ഫിത്നഃ എന്നാൽ ശിർക്കാകുന്നു. അവിടുത്തെ കൽപനകളിൽ ചിലത് നിരാകരിക്കുന്നതോടെ അവന്റെ ഹൃദയത്തിൽ ചില വ്യതിയാനങ്ങൾ സ്ഥാനം പിടിക്കുകയും അങ്ങനെ അവൻ നാശമടയുകയും ചെയ്യുന്നു.] (മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് കിതാബുത്തൗഹീദിൽ ഉദ്ധരിച്ചത്)

## കണക്കിനെതിരാകാത്ത കാഴ്ച
## അഥവാ ഒരു തറവാടു പഞ്ചായത്ത്

നോമ്പും പെരുന്നാളും ഹജ്ജുമെല്ലാം തീരുമാനിക്കേണ്ടത് പിറവി കാണുന്നതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം എന്നു പറയുന്ന ചിലർ തന്നെ കാഴ്ച ഗോളശാസ്ത്രത്തിന്റെ ഖണ്ഡിതമായ കണക്കിന് എതിരാവാൻ പാടില്ലെന്ന് നിബന്ധന വെക്കാറുണ്ട്. കാഴ്ച ആരെല്ലാം സാക്ഷ്യപ്പെടുത്തിയാലും കണക്ക് പ്രകാരം കാണില്ലെന്ന് പറഞ്ഞ ദിവസമാണെങ്കിൽ ആ കാഴ്ച അവർ സ്വീകരിക്കില്ല.

ഇങ്ങനെ, അല്ലാഹുവോ അവന്റെ റസൂലോ നിശ്ചയിക്കാത്ത ഒരു നിബന്ധന ആരു തന്നെ കൊണ്ടുവന്നാലും അത് ശർഇന്റെ കണ്ണിൽ നിലനിൽക്കുന്നതല്ല. നബി ﷺ പറയുന്നു:

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا عَنِ النَّبِيِّ ﷺ قَالَ: «مَا بَالُ أَقْوَامٍ يَشْتَرِطُونَ شُرُوطًا لَيْسَ فِي كِتَابِ اللهِ، مَنِ اشْتَرَطَ شَرْطًا لَيْسَ فِي كِتَابِ اللهِ فَلَيْسَ لَهُ، وَإِنِ اشْتَرَطَ مِائَةَ مَرَّةٍ» [الْبُخَارِيُّ فِي صَحِيحِهِ]

ആയിശഃ رَضِيَ اللهُ عَنْهَا നിവേദനം. നബി ﷺ പറയുന്നു: «എന്താണ് ഒരു പറ്റം ആളുകളുടെ സ്ഥിതി? അല്ലാഹുവിന്റെ ഗ്രന്ഥത്തിലില്ലാത്ത എന്തൊക്കെയോ നിബന്ധനകൾ അവർ നിശ്ചയിക്കുന്നു. അല്ലാ

ഹുവിന്റെ ഗ്രന്ഥത്തിലില്ലാത്ത ഒരു നിബന്ധന ആരു തന്നെ നിശ്ചയിച്ചാലും അത് അവന് നിലനിൽക്കുന്നതല്ല, അവൻ നൂറു തവണ നിബന്ധന വെച്ചാൽ പോലും.» (ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്)

പിറവി നോക്കേണ്ടതില്ല, കണക്കു കൂട്ടിയാൽ മതി എന്ന വാദഗതിയോ, പിറവി കണ്ടത് സ്വീകരിക്കപ്പെടണമെങ്കിൽ അത് ഗോളശാസ്ത്രത്തിന്റെ കണക്കിന് എതിരാവാതിരിക്കണം എന്ന വാദഗതിയോ സാധൂകരിക്കുന്ന ഒരു തെളിവും ഖുർആനിലോ സുന്നത്തിലോ ലഭ്യമല്ല. അതിനു വേണ്ടി ചിലർ ചില ആയത്തുകൾ ചൂണ്ടിക്കാണിക്കാറുണ്ട്. അതിൽ പറയുന്ന കണക്ക് അല്ലാഹുവിന്റെ പ്രാപഞ്ചികമായ കണക്കാണ്, ഇവരുടെ പഞ്ചാംഗത്തിൽ പറയുന്ന കണക്കല്ല. കൂടാതെ, അത്തരം വചനങ്ങളുടെ വാക്യാർത്ഥത്തിലോ ലക്ഷ്യാർത്ഥത്തിലോ അവരുടെ വാദഗതിയെ പിന്തുണക്കുന്ന ഒരു സൂചന പോലുമില്ല. സ്വഹാബിമാരോ മറ്റു സച്ചരിതരായ സലഫുകളോ അവയെ ആ അർത്ഥത്തിൽ മനസ്സിലാക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്തിട്ടുമില്ല. അവയുടെ വ്യാഖ്യാനങ്ങളിൽ മറ്റു മുഫസ്സിറുകളാരും അങ്ങനെ രേഖപ്പെടുത്തിയിട്ടുമില്ല. ഇസ്‌ലാമിക ചരിത്രത്തിൽ മുൻകാലങ്ങളിലോ പിൽക്കാലങ്ങളിലോ പിറവി കണ്ട സാക്ഷ്യം സ്വീകരിക്കുന്നതിന് ഗോളശാസ്ത്രജ്ഞന്മാരുടെയോ ഗണിതശാസ്ത്രജ്ഞന്മാരുടെയോ സഹായം തേടിയിരുന്നതായി ഒരു നടപടിക്രമം ഉദ്ധരിക്കപ്പെട്ടിട്ടുമില്ല. മറിച്ച്, സംശയാസ്പദമായ സാഹചര്യങ്ങളിൽ സാക്ഷ്യം തള്ളാം എന്ന ന്യായത്തിൽ ശാഫിഈ മദ്ഹബിലെ പിൽക്കാലക്കാരായ ചില ഫുഖഹാക്കൾ രേഖപ്പെടുത്തിയ അഭിപ്രായം മാത്രമാണത്. അതിന് തെളിവുകളുടെ പിൻബലമില്ല താനും. ബുദ്ധിക്കും ശാസ്ത്രത്തിനും ചിലർ കൽപിക്കുന്ന അമിതമായ പ്രാധാന്യം കാരണം ഈ അഭിപ്രായം ശരിയല്ലേ എന്ന് പലർക്കും തോന്നിയിട്ടുണ്ടാവാം. പക്ഷെ, പ്രമാണരേഖകളിലോ മുൻഗാമികളുടെ നപടിക്രമങ്ങളിലോ അതിനെ

സാധൂകരിക്കാവുന്ന യാതൊരു തെളിവുമില്ല. എന്നല്ല, ശാസ്ത്രം ഉത്തുംഗ പദവി അലങ്കരിക്കുന്ന ഇക്കാലത്ത് പോലും ഗോളശാസ്ത്രത്തിന്റെ ഖണ്ഡിതമായ കണക്ക് പ്രകാരം കാണാൻ സാധ്യമല്ലാത്ത ദിവസങ്ങളിൽ പിറവി കണ്ട അനവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. സംഭവസ്ഥിതികളും വർത്തമാനകാല യാഥാർത്ഥ്യങ്ങളും കണക്കു സംബന്ധിച്ച ഇവരുടെ പരികൽപനകൾ തള്ളിക്കളയുന്നു എന്നതാണ് സത്യം.

പിറവി കാണുക എന്നത് ഗോളശാസ്ത്ര കണക്കു പ്രകാരം ചന്ദ്രൻ സൂര്യന മുമ്പ് അസ്തമിച്ചുവോ ഇല്ലയോ എന്നതിനെ മാത്രം ആശ്രയിച്ചു നിൽക്കുന്ന കാര്യമല്ല. മറിച്ച്, കാഴ്ചയെ സ്വാധീനിക്കുന്ന നിരവധി ഘടകങ്ങൾ വേറെയുമുണ്ട്. അവയെ കൂടി ആശ്രയിച്ചു നിൽക്കുന്ന കാര്യമാണ്. സൂര്യന്റെയും ചന്ദ്രന്റെയും സഞ്ചാരപഥം, അസ്തമയ സ്ഥാനം, കാലാവസ്ഥാ മാറ്റങ്ങൾ, അന്തരീക്ഷത്തിലെ ഈഥറിന്റെ സാന്നിധ്യം, അപവർത്തനം തുടങ്ങി നിരവധി ഘടകങ്ങൾ  കാഴ്ചയെ സ്വാധീനിക്കുമെന്നത് അറിയപ്പെട്ടതാണല്ലോ.

## ഒരിടത്ത് മാസപ്പിറവി ദൃശ്യമായാൽ അത് ആർക്കെല്ലാം ബാധകമാണ്?

ഒരു സ്ഥലത്ത് പിറവി കണ്ട് പുതുമാസം തുടങ്ങിയതായി പ്രഖ്യാപിക്കപ്പെട്ടാൽ അതു പ്രകാരമുള്ള കർമ്മം അനുഷ്ഠിക്കാവുന്ന സമയത്ത് ആ വിവരം ലഭിക്കുന്നവർക്കെല്ലാം അത് ബാധകമായിരിക്കും. (صُومُوا لِرُؤْيَتِهِ وَأَفْطِرُوا لِرُؤْيَتِهِ) «നിങ്ങൾ മാസപ്പിറവി കണ്ടാൽ നോമ്പ് തുടങ്ങുക. നിങ്ങൾ മാസപ്പിറവി കണ്ടാൽ നോമ്പ് അവസാനിപ്പിച്ച് പെരുന്നാൾ ആഘോഷിക്കുക» എന്നത് ഒരു പൊതുവായ കൽപനയാണ്. ആ കാഴ്ച ബാധകമാകുന്നതിന് പ്രത്യേകമായ ഒരു ദൂരപരിധി നിശ്ചയിച്ചിട്ടില്ല. അതിന് വ്യാപകവും വിശാലവുമായ അർത്ഥമാണുള്ളത്. മേൽ ഹദീസിലോ അതിന്റെ വ്യത്യസ്തമായ പാഠഭേ

ദങ്ങളിലോ മറ്റേതെങ്കിലും പ്രമാണവാക്യങ്ങളിലോ അങ്ങനെ ഒരു വൈശേഷികതയോ അവ്യാപകത്വമോ കുറിക്കുന്ന പരാമർ ശങ്ങളോ ധ്വനികളോ വന്നിട്ടുമില്ല. മറിച്ച് ദൂരപരിധിയില്ലാതെ, ഭൂമുഖത്തുള്ള എല്ലാവർക്കും അത് ബാധകമാണെന്ന് സ്ഥിരീക രിക്കുന്ന തെളിവുകൾ വന്നിട്ടുണ്ട് താനും. ഇതാണ് ഭൂരിപക്ഷം ഫുഖഹാക്കളുടെയും നിലപാട്. ഭിന്നമായ നിലപാട് സ്വീകരിച്ച സയ്യിദ് സാബിഖ് പോലും ആ യാഥാർത്ഥ്യം വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹത്തെ തന്നെ ഉദ്ധരിക്കട്ടെ:

ذهب الجمهور إلى أنه لا عبرة باختلاف المطالع، فمتى رأى الهلال أهل بلد، وجب الصوم على جميع البلاد لقول الرسول ﷺ: «صوموا لرؤيته، وافطروا لرؤيته». وهو خطاب عام لجميع الأمة فمن رآه منهم في أي مكان كان ذلك رؤية لهم جميعا. [سيد سابق في فقه السنة]

ഭൂരിഭാഗത്തിന്റെ പക്ഷം ചന്ദ്രോദയത്തിലുള്ള മേഖലാ (مَطَالِع) വ്യത്യാസം പരിഗണനീയമല്ല എന്നതാണ്. എപ്പോൾ ഒരു നാട്ടി ലെ ജനങ്ങൾ പിറവി കണ്ടാലും മറ്റുള്ള മുഴുവൻ നാട്ടുകാർക്കും അതുപ്രകാരം നോമ്പുപിടിക്കൽ നിർബ്ബന്ധമാണ്. കാരണം നബി ﷺ പറഞ്ഞിരിക്കുന്നത് «മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പ് പിടിക്കുക. മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പ് അവസാനിപ്പിച്ച് പെരുന്നാൾ ആഘോഷിക്കുക» എന്നാണ്. ഇത് സമുദായത്തിന് മൊത്തമായുള്ള അഭിസംബോധനയാ ണ്. അവരിൽ ആരെങ്കിലും ഒരാൾ ഏതെങ്കിലും ഒരു സ്ഥലത്ത് പിറവി കണ്ടാൽ ആ കാഴ്ച സമുദായത്തിന് മൊത്തം ബാധക മാകമായിരിക്കും. (സയ്യിദ് സാബിഖ് | ഫിഖ്ഹുസ്സുന്നഃ)

മുകളിൽ പറഞ്ഞ ഹദീസ് പ്രകാരം രണ്ടു കാര്യം ഉറപ്പായി. ഒന്ന്: ലോകത്ത് എവിടെ മാസപ്പിറവി കണ്ടാലും അത് ലോക ത്തുള്ള എല്ലാവർക്കും ബാധകമാണ്. ഓരോരുത്തരും അവരവ

രുടെ പ്രദേശത്ത് തന്നെ മാസപ്പിറവി കാണേണ്ട കാര്യമില്ല. മാസപ്പിറവിയുടെ കാര്യത്തിൽ അങ്ങനെ പ്രത്യേകമായ ഒരു ദൂരപരിധി എവിടെയും പറഞ്ഞിട്ടുമില്ല. എന്നു മാത്രമല്ല വിദൂര ദിക്കുകളിൽ കാണുന്ന മാസപ്പിറവി സ്വീകരിക്കാൻ നാം ബാധ്യസ്ഥരാണെന്നതിന് പ്രമാണങ്ങളിൽ തെളിവുകളുണ്ട് താനും. താഴെ കൊടുക്കുന്ന ഒരു ഹദീസ് കൂടി വായിക്കുക:

عن أبي عمير بن أنس بن مالك قال: حدثني عمومتي من الأنصار من أصحاب رسول الله ﷺ قالوا: أغمي علينا هلال شوال، فأصبحنا صياما، فجاء ركب من آخر النهار، فشهدوا عند النبي ﷺ أنهم رأوا الهلال بالأمس، فأمرهم رسول الله ﷺ أن يفطروا، وأن يخرجوا إلى عيدهم من الغد. [ابن ماجه في سننه وصححه الألباني]

അബൂ ഉമൈർ ബിൻ അനസ് ബിൻ മാലിക് ﵀ നിവേദനം. അൻസ്വാരികളിൽപെട്ട എന്റെ പിതൃവ്യരായ സ്വഹാബിമാരിൽ ചിലർ പറയുകയുണ്ടായി: «ഒരിക്കൽ ശവ്വാൽ മാസപ്പിറവി ഞങ്ങൾക്ക് മൂടപ്പെട്ടു. അതിനാൽ അടുത്ത ദിവസം ഞങ്ങൾ നോമ്പിലായിരുന്നു. അങ്ങനെ പകൽ അവസാന സമയമായപ്പോൾ ഒരു യാത്രാ സംഘം വന്നു. അവർ തലേ ദിവസം മാസപ്പിറവി കണ്ടതായി നബി ﷺ യുടെ മുമ്പാകെ സാക്ഷി പറഞ്ഞു. അപ്പോൾ നബി ﷺ എല്ലാവരോടും നോമ്പ് മുറിക്കാൻ കൽപിച്ചു. പെരുന്നാൾ നമസ്കാരത്തിനു വേണ്ടി നാളെ പുറപ്പെട്ടു കൊള്ളാനും പറഞ്ഞു.» (ഇബ്നു മാജഃ സുനനിൽ ഉദ്ധരിച്ചത്)

മേൽ സംഭവം ഹദീസുർ റക്ബ് (حَدِيثُ الرَّكْبِ) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ ഹദീസ് അനിഷേധ്യമാം വിധം തെളിയിച്ചു കാണിക്കുന്ന ചില വസ്തുതകളുണ്ട്. അവ കൂടി പരിശോധിക്കാം:

- ഒരു രാത്രിയും ഏതാണ്ട് ഒരു പകൽ ഉടനീളവും യാത്ര ചെയ്താൽ എത്താവുന്ന ദൂരത്ത് മാസപ്പിറവി കണ്ടതത് നബി ﷺ അംഗീകരിച്ചു. നമ്മുടെ പ്രദേശത്തിനകത്തു വെച്ചാണോ പുറത്തു വെച്ചാണോ നിങ്ങൾ പിറവി കണ്ടതെന്ന് അവിടുന്ന് തിരക്കിയില്ല.

- ശവ്വാൽ മാസപ്പിറവി കണ്ടാൽ രണ്ടു കാര്യമാണ് ചെയ്യാനുള്ളത്. ഒന്ന് നോമ്പ് അവസാനിപ്പിക്കുക. രണ്ട് പെരുന്നാൾ ആഘോഷിക്കുക.

- പകലിന്റെ അവസാന സമയത്താണ് നബി ﷺ ക്ക് വിവരം ലഭിക്കുന്നത്. അപ്പോൾ നോമ്പ് മുറിക്കാൻ സാധിക്കുന്നതിനാൽ അവിടുന്ന് നോമ്പ് മുറിക്കുകയും എല്ലാവരോടും നോമ്പ് മുറിക്കാൻ ആജ്ഞാപിക്കുകയും ചെയ്തു.

- വിവരം ലഭിക്കുമ്പോൾ പെരുന്നാൾ നമസ്കാരത്തിന്റെ സമയം കഴിഞ്ഞിരുന്നു. വിവരം വൈകി ലഭിച്ചതിനാൽ പെരുന്നാൾ നമസ്കാരം അടുത്ത ദിവസത്തേക്ക് നീട്ടിവെക്കുകയും ചെയ്തു.

- ഇപ്രകാരം, മാസപ്പിറവി സംബന്ധിച്ച് വൈകി ലഭിക്കുന്ന വിവരത്തിന് പ്രഭാവമോ സ്വാധീനമോ ഇല്ല. അത്തരം സാഹചര്യങ്ങളിൽ നോമ്പിനും പെരുന്നാളിനും ഇടയിൽ ഒരു ശൂന്യദിനത്തിന് ശർഇൽ സാധുത നൽകുകയും ചെയ്തു.

നോമ്പിലും ഈദുൽ ഫിത്വ്റിലും മാത്രമല്ല, ഹജ്ജ്, അറഫഃ, ഈദുൽ അദ്ഹാ എന്നിവ തീരുമാനിക്കുന്നതിലും ദൂരദിക്കുകളിലുള്ള കാഴ്ച സച്ചരിതരായ സലഫുകൾ അംഗീകരിക്കാറുണ്ടായിരുന്നു. ഉത്തരാധികാരികളായ ഖുലഫാക്കളുടെ കാലത്തും തുടർന്നും ദൂരദിക്കുകളിൽനിന്ന് വരുന്ന ഹാജിമാരോട് അവരുടെ നാട്ടിൽ പിറവി കണ്ടതിനെ കുറിച്ച് ആരായുകയും അത് സ്വീകരിച്ച് അറഫാ ദിനം നിശ്ചയിക്കുകയും ചെയ്യുന്ന രീ

തിയാണ് നിലനിന്നിരുന്നത്. ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﷀ രേഖപ്പെടുത്തുന്നത് കാണുക:

وَأَيْضًا فَإِنّ هِلَالَ الْحَجِّ؛ مَا زَالَ الْمُسْلِمُونَ يَتَمَسّكُونَ فِيهِ بِرُؤْيَةِ الْحُجّاجِ الْقَادِمِينَ وَإِنْ كَانَ فَوْقَ مَسَافَةِ الْقَصْرِ. [ابْنُ تَيْمِيَةَ فِي مَجْمُوعِ فَتَاوِيهِ]

കൂടാതെ, ഹജ്ജ് മാസത്തിന്റെ പിറവിയുടെ കാര്യത്തിലും മുസ്‌ലിംകൾ ദൂരദിക്കുകളിൽനിന്ന് വരുന്ന ഹാജിമാരുടെ കാഴ്ച അവലംബമാക്കിപ്പോരുന്നു, അവർ നമസ്കാരം ചുരുക്കാവുന്ന ദൂരപരിധിക്കപ്പുറത്തുനിന്നുള്ളവരാണെങ്കിലും. (ഇബ്നു തൈമിയ്യഃ ഫതാവായിൽ രേഖപ്പെടുത്തിയത്)

രണ്ട്: പിറവി കണ്ട് പുതുമാസം തുടങ്ങിയതായ പ്രഖ്യാപനം സമയത്തിന് ലഭിക്കുന്നവർക്കേ അതിന്റെ അടിസ്ഥാനത്തിൽ കർമ്മാനുഷ്ഠാനങ്ങൾ ക്രമപ്പെടുത്താൻ സാധിക്കുകയുള്ളു. വൈകിക്കിട്ടുന്ന വിവരങ്ങൾക്ക് നേരത്തെ സൂചിപ്പിച്ചതുപോലെ യാതൊരു സ്വാധീനവുമില്ല.

റമളാൻ മാസപ്പിറവിയെ കുറിച്ചുള്ള വിവരം സുബ്ഹിനു മുമ്പ് ലഭിച്ചെങ്കിൽ മാത്രമേ അതിന്റെ അടിസ്ഥാനത്തിൽ വ്രതമെടുക്കാൻ സാധിക്കുകയുള്ളു. ഇവ്വിഷയകമായി നബി ﷺ പറയുന്ന ഒരു വചനം കൂടി ഓർമ്മയിൽ വെക്കുന്നത് നന്നായിരിക്കും.

عن حفصة ﵄ أن النبي ﷺ قال من لم يبيت الصيام من الليل فلا صيام له.

[النسائي في سننه وصححه الألباني]

ഹഫ്സ്വഃ ﵄ നിവേദനം. നിശ്ചയമായും നബി ﷺ പറഞ്ഞിരിക്കുന്നു: «നോമ്പ് പിടിക്കാനുള്ള നിയ്യത്ത് രാത്രിയിൽ തന്നെ ഉറപ്പിക്കാത്ത ഒരാളുടെ നോമ്പ് സാധുവാകുകയില്ല.» (നസാഈ സുനനിൽ ഉദ്ധരിച്ചത്)

ഇത് നിർബ്ബന്ധ നോമ്പുകളെ കുറിച്ചുള്ളതാണ്. എന്നാൽ ഐച്ഛികമായ നോമ്പുകൾ സുബ്ഹിനു ശേഷം തീരുമാനിച്ചാൽ പോലും സാധുവാകുമെന്നുള്ളത് സുന്നത്തിൽ വേറെ സ്ഥിരപ്പെട്ടിട്ടുണ്ട്.

അപ്പോൾ റമളാൻ മാസപ്പിറവി സംബന്ധിച്ച വിവരം വിദൂരങ്ങളിലേക്ക് കൈമാറാൻ വളരെ ചുരുങ്ങിയ സമയമേയുള്ളു. ഏതാണ്ട് അഞ്ചെട്ടു മണിക്കൂറുകൾ മാത്രം.

ശവ്വാൽ മാസപ്പിറവി സംബന്ധിച്ച വിവരം ദൂരദിക്കുകളിലേക്ക് എത്തിക്കാൻ കുറച്ചു കൂടി സാവകാശമുണ്ട്. സുബ്ഹിനു ശേഷം ലഭിച്ചാലും അതിന്റെ അടിസ്ഥാനത്തിൽ നോമ്പ് അവസാനിപ്പിക്കാനും പെരുന്നാൾ നമസ്കരിക്കാനും സാധിക്കും. പൂർവ്വാഹ്നത്തിനു ശേഷം, മഗ്‌രിബിനു മുമ്പായി വിവരം ലഭിക്കുന്ന പക്ഷം ഹദീസുർ റക്ബിൽ കണ്ടതുപോലെ നോമ്പ് അവസാനിപ്പിക്കാൻ സാധിക്കും. പെരുന്നാൽ നമസ്കാരം അടുത്ത ദിവസത്തേക്ക് നീട്ടിവെക്കേണ്ടിവരും.

എന്നാൽ ദുൽഹിജ്ജഃ മാസപ്പിറവി സംബന്ധിച്ച വിവരം കൈമാറാനും, അത് പരിശോധിച്ച് ഉറപ്പുവരുത്തി ഹജ്ജ്, അറഫഃ, ഈദുൽ അദ്ഹാ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കാനും കർമ്മങ്ങൾ അനുഷ്ഠിക്കാനും കുറേകൂടി സമയവും സാവകാശവും ലഭിക്കും.

ചുരുക്കത്തിൽ, നോമ്പും പെരുന്നാളും തീരുമാനിക്കേണ്ടത് മാസപ്പിറവി കാണുന്നതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം. ഗോളശാസ്ത്ര പ്രകാരം നഭോമണ്ഡലത്തിൽ ന്യൂമൂൺ സംഭവിച്ചുവോ എന്നു നോക്കിയല്ല അവ തീരുമാനിക്കേണ്ടത്. അതുപോലെ ഗോളശാസ്ത്ര കണക്കും പഞ്ചാംഗവുമനുസരിച്ച് തീരുമാനിക്കാവുന്നതല്ല നോമ്പും പെരുന്നാളും. ഭൂലോകത്ത് വസിക്കുന്ന ഒരു സാധാരണ മനുഷ്യന്റെ നഗ്നനേത്രം കൊണ്ട് പിറവി കാ

ണുകയും അദ്ദേഹത്തിന്റെ സാക്ഷ്യം പരിശോധിച്ച് ഉറപ്പ് വരുത്തി പ്രഖ്യാപിക്കുകയും ചെയ്താൽ അതിന്റെ അടിസ്ഥാനത്തിലാണ് നോമ്പും പെരുന്നാളും തീരുമാനിക്കേണ്ടത്. ആ വിവരം യഥാസമയത്ത് ലഭ്യമാകുന്ന ഏതൊരാൾക്കും, അയാൾ ഭൂലോകത്തിന്റെ ഏത് കോണിൽ വസിക്കുന്നവനായാലും ആ കാഴ്ച സ്വീകരിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും ബാധ്യതയുണ്ട്. അതാണ് പ്രമാണരേഖകളിലുള്ളത്. സച്ചരിതരായ സലഫുകൾ അവ്വിധമാണ് കാര്യം മനസ്സിലാക്കി പ്രവർത്തിച്ചു പോന്നിട്ടുള്ളത്. ഇക്കാര്യം ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﷺ തന്നെ വ്യക്തമാക്കുന്നത് കാണുക:

فَتَلَخَّصَ؛ أَنَّهُ مَنْ بَلَغَهُ رُؤْيَةُ الْهِلَالِ فِي الْوَقْتِ الَّذِي يُؤَدِّي بِتِلْكَ الرُّؤْيَةِ الصَّوْمَ أَوْ الْفِطْرَ أَوْ النُّسُكَ وَجَبَ اعْتِبَارُ ذَلِكَ بِلَا شَكٍّ، وَالنُّصُوصُ وَآثَارُ السَّلَفِ تَدُلُّ عَلَى ذَلِكَ، وَمَنْ حَدَّدَ ذَلِكَ بِمَسَافَةِ قَصْرٍ أَوْ إقْلِيمٍ فَقَوْلُهُ مُخَالِفٌ لِلْعَقْلِ وَالشَّرْعِ، وَمَنْ لَمْ يَبْلُغْهُ إلَّا بَعْدَ الْأَدَاءِ وَهُوَ مِمَّا لَا يُقْضَى كَالْعِيدِ الْمَفْعُولِ وَالنُّسُكِ فَهَذَا لَا تَأْثِيرَ لَهُ، وَعَلَيْهِ الْإِجْمَاعُ الَّذِي حَكَاهُ ابْنُ عَبْدِ الْبَرِّ. [ابْنُ تَيْمِيَةَ فِي مَجْمُوعِ فَتَاوِيهِ]

ചുരുക്കത്തിൽ കാര്യം ഇങ്ങനെയാണ്: ഏതൊരാൾക്ക് പിറവി കണ്ട വിവരം ആ കാഴ്ചയെ അടിസ്ഥാനപ്പെടുത്തി നോമ്പ് എടുക്കാനോ, നോമ്പ് അവസാനിപ്പിച്ച് ഫിത്വ്ർ ആഘോഷിക്കാനോ, ബലി നടത്താനോ പറ്റാവുന്ന സമയത്ത് ലഭിക്കുന്നുവോ സംശയ രഹിതമായും അത് പരിഗണിക്കൽ അയാൾക്ക് നിർബ്ബന്ധമാണ്. പ്രമാണരേഖകളും സലഫുകളുടെ നടപടിക്രമങ്ങളും അതാണ് കുറിക്കുന്നത്. അതിന് ആരെങ്കിലും നമസ്കാരം ചുരുക്കാത്ത ദൂരത്തിൽ എന്നോ, ഒരു ഭൂഖണ്ഡത്തിനുള്ളിലെന്നോ പരിധി നിശ്ചയിക്കുകയാണെങ്കിൽ അവന്റെ വാദം ശർഇനും ബുദ്ധിക്കും നിരക്കാത്തതാണ്. എന്നാൽ കാര്യം കഴി

ഞ്ഞ ശേഷമാണ് ഒരാൾക്ക് വിവരം കിട്ടുന്നതെങ്കിൽ പെരുന്നാൾ, ബലി, പോലെ കഴിഞ്ഞുപോയ കർമ്മങ്ങൾ ഖളാ വീട്ടേണ്ടതില്ല. അപ്പോൾ ആ വിവരത്തിന് ഒരു സ്വാധീനമോ പ്രഭാവമോ ഉണ്ടാവില്ല എന്നു സാരം. ഇക്കാര്യത്തിൽ ഇജ്മാഅ് ഉള്ളതായി ഇബ്ന അബ്ദിൽ ബർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. (ഇബ്ന തൈമിയ്യഃ ഫതാവായിൽ രേഖപ്പെടുത്തിയത്)

എന്നാൽ സമയം തെറ്റിക്കിട്ടുന്ന വിവരങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നത് പ്രസക്തമായ ഒരു വിഷയം തന്നെയാണ്. ഇതു സംബന്ധിച്ച് ഹദീസുകളിൽ വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. അത്തരം ഒരു ഹദീസ് കൂടി താഴെ കൊടുക്കാം:

عَنْ مُحَمَّدِ بْنِ أَبِي حَرْمَلَةَ، عَنْ كُرَيْبٍ، أَنَّ أُمَّ الْفَضْلِ بِنْتَ الْحَارِثِ، بَعَثَتْهُ إِلَى مُعَاوِيَةَ بِالشَّامِ، قَالَ: فَقَدِمْتُ الشَّامَ، فَقَضَيْتُ حَاجَتَهَا، وَاسْتُهِلَّ عَلَيَّ رَمَضَانُ وَأَنَا بِالشَّامِ، فَرَأَيْتُ الْهِلَالَ لَيْلَةَ الْجُمُعَةِ، ثُمَّ قَدِمْتُ الْمَدِينَةَ فِي آخِرِ الشَّهْرِ، فَسَأَلَنِي عَبْدُ اللهِ بْنُ عَبَّاسٍ رَضِيَ اللهُ عَنْهُمَا، ثُمَّ ذَكَرَ الْهِلَالَ فَقَالَ: مَتَى رَأَيْتُمُ الْهِلَالَ؟ فَقُلْتُ: رَأَيْنَاهُ لَيْلَةَ الْجُمُعَةِ، فَقَالَ: أَنْتَ رَأَيْتَهُ؟ فَقُلْتُ: نَعَمْ، وَرَآهُ النَّاسُ، وَصَامُوا وَصَامَ مُعَاوِيَةُ، فَقَالَ: « لَكِنَّا رَأَيْنَاهُ لَيْلَةَ السَّبْتِ، فَلَا نَزَالُ نَصُومُ حَتَّى نُكْمِلَ ثَلَاثِينَ، أَوْ نَرَاهُ، فَقُلْتُ: أَوَ لَا تَكْتَفِي بِرُؤْيَةِ مُعَاوِيَةَ وَصِيَامِهِ؟ فَقَالَ: لَا، هَكَذَا أَمَرَنَا رَسُولُ اللهِ ﷺ. [مُسْلِمٌ فِي صَحِيحِهِ]

മുഹമ്മദ് ബിൻ അബീ ഹർമലഃ നിവേദനം. ഹാരിസിന്റെ പുത്രി ഉമ്മുൽ ഫള്ൽ കുറൈബിനെ ശാമിലുള്ള മുആവിയഃ رضي الله عنه ന്റെ അടുക്കലേക്ക് അയച്ചു. കുറൈബ് പറയുന്നു: "അങ്ങനെ ഞാൻ ശാമിൽ ചെന്ന് ഉമ്മുൽ ഫള്ൽ ഏൽപിച്ച കാര്യങ്ങൾ നിർവ്വഹിച്ചു. ഞാൻ ശാമിലായിരിക്കെ റമളാൻ മാസം പിറന്നതായുള്ള പ്രഖ്യാപനം വന്നു. വ്യാഴാഴ്ച സൂര്യനസ്തമിച്ച വെള്ളിയാഴ്ച രാവിൽ ഞാനും മാസപ്പിറവി കണ്ടു. മാസാവസാനം ഞാൻ മദീ

നയിൽ തിരിച്ചെത്തി. അപ്പോൾ അബ്ദുല്ലാഹ് ബിൻ അബ്ബാസ് ﵄ എന്നോട് വിവരങ്ങൾ തിരക്കി. കൂട്ടത്തിൽ മാസപ്പിറവിയെ കുറിച്ചും അദ്ദേഹം അന്വേഷിച്ചു. അങ്ങനെ അദ്ദേഹം എന്നോട് ചോദിച്ചു:

"നിങ്ങൾ എന്നാണ് മാസപ്പിറവി കണ്ടത്?"

ഞാൻ പറഞ്ഞു: "വ്യാഴാഴ്ച സൂര്യൻ അസ്തമിച്ച വെള്ളിയാഴ്ച രാവിലാണ് ഞങ്ങൾ പിറവി കണ്ടത്."

അദ്ദേഹം ചോദിച്ചു: "താങ്കൾ മാസപ്പിറവി കണ്ടുവോ?"

ഞാൻ പറഞ്ഞു: "അതെ. കൂടാതെ, മറ്റാളുകളും കണ്ടിരുന്നു. തദടിസ്ഥാനത്തിൽ മുആവിയഃയും ജനങ്ങളും നോമ്പ് പിടിക്കുകയും ചെയ്തു."

അപ്പോൾ ഇബ്ന അബ്ബാസ് ﵄ പറഞ്ഞു: «പക്ഷെ, വെള്ളിയാഴ്ച സൂര്യനസ്തമിച്ച ശനിയാഴ്ച രാവിലാണ് ഞങ്ങൾ പിറവി കണ്ടത്. അന്ന് മുതലുള്ള (29-ാം നോമ്പിന്) മാസം കാണുകയോ അല്ലെങ്കിൽ മുപ്പത് പൂർത്തീകരിക്കുകയോ ചെയ്യുന്നതു വരെ ഞങ്ങൾ നോമ്പ് തുടരും.»

അപ്പോൾ ഞാൻ ചോദിച്ചു: "മുആവിയഃ ﵁ ന്റെ കാഴ്ചയും നോമ്പും നിങ്ങൾക്ക് മതിയാവില്ലേ?"

അദ്ദേഹം പറഞ്ഞു: «ഇല്ല. അപ്രകാരമാണ് നബി ﷺ ഞങ്ങളോട് കൽപിച്ചിരിക്കുന്നത്.» (മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്)

മേൽ ഉദ്ധരിച്ച കുറൈബിന്റെ ഹദീസ് നൽകുന്ന പാഠങ്ങൾ വളരെ വ്യക്തമാണ്. അത് ഇപ്രകാരം സംഗ്രഹിക്കാം:

- റമളാൻ മാസപ്പിറവി കണ്ട വിവരം നോമ്പ് എടുക്കാവുന്ന സമയത്ത് കിട്ടാതെ, വൈകിയാണ് ലഭിച്ചതെങ്കിൽ അവർ എന്നു മുതലാണോ നോമ്പ് തുടങ്ങിയത് അന്ന് മുതൽ 29 ദിവസം വരെ നോമ്പ് തുടരണം.

- 29-ാമത്തെ നോമ്പിന് മാസപ്പിറവി നോക്കണം. കണ്ടാൽ നോമ്പ് അവസാനിപ്പിച്ച് പെരുന്നാൾ ആഘോഷിക്കണം.
- കണ്ടില്ലെങ്കിൽ മുപ്പത് പൂർത്തീകരിക്കണം.
- വൈകിക്കിട്ടിയ വിവരമനുസരിച്ച് നേരത്തെ കണ്ടവർക്ക് റമളാൻ 29 തികഞ്ഞു എന്ന പരിഗണനയിൽ 28-ാമത്തെ നോമ്പിന് മാസപ്പിറവി നോക്കേണ്ടതില്ല.
- വൈകിക്കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ റമളാനിന്റെ തുടക്കത്തിൽ ഒരു നോമ്പ് നഷ്ടപ്പെട്ടതായി കണക്കാക്കി അത് ഖളാ വീട്ടേണ്ടതുമില്ല.
- അങ്ങനെ ഒരു നോമ്പ് ഖളാ വീട്ടേണ്ടതുണ്ടായിരുന്നുവെങ്കിൽ അക്കാര്യം ഇബ്നു അബ്ബാസ് ﵄ വ്യക്തമാക്കുമായിരുന്നു. അത്തരം സാഹചര്യം പല റമളാൻ മാസങ്ങളിലും ആവർത്തിക്കപ്പെട്ടിട്ടും മുൻഗാമികൾ ഖളാ വീട്ടാൻ മുതിർന്ന ഉദ്ധരണികളില്ല താനും. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀ ഇക്കാര്യം വ്യക്തമാക്കുന്നത് കൂടി കാണുക:

وَالْحُجَّةُ فِيهِ انَّا نَعْلَمُ بِيَقِينٍ أَنَّهُ مَا زَالَ فِى عَهْدِ الصَّحَابَةِ وَالتَّابِعِينَ يُرَى الْهِلَالُ فِى بَعْضِ أَمْصَارِ الْمُسْلِمِينَ بَعْدَ بَعْضٍ، فَإِنَّ هَذَا مِنَ الْأُمُورِ الْمُعْتَادَةِ الَّتِى لَا تَبْدِيلَ لَهَا، وَلَا بُدَّ أَنْ يَبْلُغَهُمْ الْخَبَرُ فِى أَثْنَاءِ الشَّهْرِ، فَلَوْ كَانُوا يَجِبُ عَلَيْهِمْ الْقَضَاءُ لَكَانَتْ هِمَمُهُمْ تَتَوَفَّرُ عَلَى الْبَحْثِ عَنْ رُؤْيَتِهِ فِى سَائِرِ بُلْدَانِ الْإِسْلَامِ كَتَوَفُّرِهَا عَلَى الْبَحْثِ عَنْ رُؤْيَتِهِ فِى بَلَدِهِ، وَلَكَانَ الْقَضَاءُ يَكْثُرُ فِى أَكْثَرِ الرمضانات، وَمِثْلُ هَذَا لَوْ كَانَ لَنُقِلَ، وَلَمَّا لَمْ يُنْقَلْ دَلَّ عَلَى أَنَّهُ لَا أَصْلَ لَهُ، وَحَدِيثُ ابْنِ عَبَّاسٍ يَدُلُّ عَلَى هَذَا. [ابْنُ تَيْمِيَةَ فِي مَجْمُوعِ فَتَاوِيهِ]

അതിലുള്ള തെളിവ്, സ്വഹാബികളുടെയും താബിഉകളു

ടെയും കാലത്ത് ചില മുസ്‌ലിം പട്ടണങ്ങളിൽ മാസപ്പിറവി കാണാറുണ്ടായിരുന്നത് മറ്റു ചില പട്ടണങ്ങൾക്ക് ശേഷമായിരുന്നു എന്നത് നമുക്ക് ദൃഢബോധ്യമുള്ള കാര്യമാണ്. മാത്രമല്ല, അത് ഒരിക്കലും മാറ്റം വരാത്ത പ്രതിഭാസങ്ങളിൽപെട്ടതുമാണ്. സ്വാഭാവികമായും ആ വിവരം അവർക്കെത്തുക റമളാൻ മാസം അവസാനിക്കുന്നതിനിടക്കായിരിക്കും. അങ്ങനെ നഷ്ടപ്പെടുന്ന നോമ്പ് ഖളാ വീട്ടൽ അവർക്ക് നിർബ്ബന്ധമായിരുന്നുവെങ്കിൽ, സ്വന്തം നാട്ടിലെ പിറവി അന്വേഷിക്കുന്ന പോലെ തന്നെ മറ്റു മുസ്‌ലിം നാടുകളിലെ പിറവിയെ കുറിച്ചും (സമയം കഴിഞ്ഞാലും) അവർ കാര്യമായി അന്വേഷിക്കുമായിരുന്നു. അപ്പോൾ മിക്ക റമളാനുകളിലും ഇത്തരം ഖളാഉകൾ അധികരിക്കും. അങ്ങനെ ഒരു കാര്യം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഉദ്ധരിക്കപ്പെടുകയും ചെയ്യും. അപ്രകാരമുള്ള ഒന്നും ഉദ്ധരിക്കപ്പെടാത്ത നിലയിൽ അതിന് ഒരു അടിസ്ഥാനവുമില്ല എന്ന കാര്യം വ്യക്തമാണ്. ഇബ്നു അബ്ബാസ് ﵄ യുടെ ഹദീസ് ഇക്കാര്യമാണ് അറിയിക്കുന്നത്. (ഇബ്നു തൈമിയ്യഃ ഫതാവായിൽ രേഖപ്പെടുത്തിയത്)

- ദൂരദിക്കുകളിൽ പിറവി കണ്ട വിവരം സമയത്തിന് ലഭിക്കാത്ത സാഹചര്യത്തിൽ, ഓരോ നാട്ടിലെയും ഭരണാധികാരികൾ അവിടുത്തെ കാഴ്ചയെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കണം. അഥവാ 29ന് സ്വന്തം നാട്ടിൽ കണ്ടെങ്കിൽ ആ സാക്ഷ്യം പരിശോധിച്ച് ഉറപ്പിക്കുകയും, വിദൂരദിക്കുകളിൽ കണ്ട വിവരം സമയത്തിന് കിട്ടിയാൽ അത് സ്വീകരിക്കുകയും, യഥാസമയം വിവരം കിട്ടാത്ത സാഹചര്യത്തിൽ 30 പൂർത്തീകരിച്ച് മുന്നോട്ട് പോവുകയും വേണം.

ഇതാണ് കുറൈബിനോട് ഇബ്നു അബ്ബാസ് ﵄ പറഞ്ഞ

'ഇല്ല. അപ്രകാരമാണ് നബി ﷺ ഞങ്ങളോട് കൽപിച്ചിരിക്കുന്നത്' എന്ന പരാമർശത്തിന്റെ പ്രായോഗികമായ വിശദീകരണം. ഹദീസ് ക്രോഡീകരിച്ച പല മുഹദ്ദിസുകളും, അതേപോലെ മുൻഗാമികളായ പല ഫുഖഹാക്കളും മേൽ ഹദീസിനെ ഈ അർത്ഥത്തിൽ വിശദീകരിച്ചത് കാണാം.

ഉദാഹരണമായി, തിർമുദി മേൽ ഹദീസിനു നൽകിയ തലവാചകം ഇപ്രകാരമാണ്: بَابُ مَا جَاءَ لِكُلِّ أَهْلِ بَلَدٍ رُؤْيَتُهُمْ (ഓരോ നാട്ടുകാർക്കും അവരുടെ കാഴ്ച എന്നതു സംബന്ധിച്ച് വന്നത് വിശദീകരിക്കുന്ന അധ്യായം) ഈ ഹദീസ് പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ വിദൂരദിക്കുകളിൽനിന്നുള്ള വിവരം ലഭിക്കാതെ പോയാൽ ഓരോ നാട്ടിലും അവിടുത്തെ കാഴ്ചയെ അടിസ്ഥാനമാക്കിയാണ് അവിടുത്തെ ഭരണാധികാരി തീരുമാനം കൈക്കൊള്ളേണ്ടത് എന്നാണുള്ളത്. ആ അർത്ഥത്തിലും അത്തരം സാഹചര്യങ്ങളിലുമാണ് ഓരോ നാട്ടുകാർക്കും അവരവരുടെ കാഴ്ച എന്ന് പല മുഹദ്ദിസുകളും തലവാചകങ്ങളിലും മറ്റും വിശദീകരിച്ചിട്ടുള്ളതും.

കാരണം, മേൽ ഹദീസിന്റെ പദങ്ങളിലോ, ധ്വനികളിലോ വിദൂരദിക്കുകളിൽ മാസപ്പിറവി കണ്ട വിവരം യഥാസമയത്ത് കിട്ടിയാലും അത് സ്വീകരിക്കേണ്ടതില്ല എന്നു പറയുന്നില്ല. അതേപോലെ, ഓരോ പ്രദേശത്തുള്ളവരും അവരവരുടെ പ്രദേശത്തുള്ള കാഴ്ച മാത്രമേ സ്വീകരിക്കാവൂ എന്നും അതിലില്ല. മറിച്ച് ദൂരദിക്കുകളിലുള്ള കാഴ്ച സ്വീകരിക്കണമെന്നത് മറ്റു തെളിവുകളിൽ സ്ഥിരപ്പെട്ടിട്ടുള്ളതമാണ്. അവയിൽ ചിലത് ഈ ലഘുലേഖയിൽ തന്നെ പ്രതിപാദിച്ചിട്ടുള്ളതുമാണ്. ഈ ഹദീസിലുള്ളത് ദൂരദിക്കുകളിൽ കണ്ടതിനെ കുറിച്ചുള്ള വിവരം യഥാസമയം കിട്ടാതിരുന്നാൽ എന്തു ചെയ്യണം എന്നുള്ളതാണ്.

'അപ്രകാരമാണ് നബി ﷺ ഞങ്ങളോട് കൽപിച്ചിരിക്കുന്നത്' എന്ന ഇബ്നു അബ്ബാസ് ﵄ യുടെ പരാമർശത്തിലുള്ള കൽ

**പന എവിടെ? അത് നവവി ﵀ യെ പോലുള്ളവർ മദ്ഹബി നെ പിന്തുണക്കാൻ വേണ്ടി നടത്തിയ വ്യാഖ്യാനങ്ങളിലല്ലല്ലോ അന്വേഷിക്കേണ്ടത്. ഹദീസ് സമാഹാരങ്ങളിൽ അതുണ്ടായിരിക്കും, തീർച്ച. അക്കാര്യം പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുമുണ്ട്. ശൗകാനി ﵀ യുടെ വിശദീകരണം കൂടി കാണാം:**

(واعلم) أن الحجة إنما هي في المرفوع من رواية ابن عباس لا في اجتهاده الذي فهم عنه الناس والمشار إليه بقوله: هكذا أمرنا رسول الله ﷺ، هو قوله: «فلا نزال نصوم حتى نكمل ثلاثين» والأمر الكائن من رسول الله ﷺ هو ما أخرجه الشيخان وغيرهما بلفظ: «لا تصوموا حتى تروا الهلال، ولا تفطروا حتى تروه، فإن غم عليكم فأكملوا العدة ثلاثين». وهذا لا يختص بأهل ناحية على جهة الانفراد، بل هو خطاب لكل من يصلح له من المسلمين. [الشوكاني في نيل الأوطار)

**അറിയുക! ഇബ്നു അബ്ബാസ് ﵄ യുടെ റിപ്പോർട്ടിൽ നബി ﷺ യിലേക്ക് ചേർത്തു പറഞ്ഞ കാര്യമേതാണോ അതിലാണ് തെളിവ് കുടികൊള്ളുന്നത്. അല്ലാതെ അദ്ദേഹത്തിന്റെ ഇജ്തിഹാദ് എന്ന് ജനം മനസ്സിലാക്കിയ 'ഇപ്രകാരമാണ് നബി ﷺ ഞങ്ങളോട് കൽപിച്ചത്' എന്ന വാക്യത്തിന്റെ സൂചനയിലല്ല തെളിവുള്ളത്. മറിച്ച്, 'ഞങ്ങൾ മുപ്പത് പൂർത്തീകരിക്കുന്നതു വരെ നോമ്പ് തുടരും' എന്ന അദ്ദേഹത്തിന്റെ വചനത്തിലാണ് തെളിവുള്ളത്. നബി ﷺ യിൽനിന്നുള്ള കൽപന എന്നത് ഇമാം ബുഖാരിയും മുസ്‌ലിമും മറ്റു മുഹദ്ദിസുകളും ഉദ്ധരിച്ച വചനത്തിലുമാണുള്ളത്: «പിറവി കാണുന്നതു വരെ നിങ്ങൾ നോമ്പ് തുടങ്ങരുത്. പിറവി കാണുന്നത് വരെ നിങ്ങൾ നോമ്പ് ഉപേക്ഷിക്കുകയുമരുത്. (29ന്) പിറവി മൂടപ്പെട്ടു പോയാൽ നിങ്ങൾ 30 എണ്ണം പൂർത്തീകരിക്കുക.» ഇത് ഒരു ഭാഗത്തുള്ളവർക്ക് മാത്രം പ്രത്യേകമായുള്ള കൽപനയല്ല. മറിച്ച്, മുസ്‌ലിംക**

ളിൽപെട്ടവർ എന്ന് പറയാവുന്ന എല്ലാവരോടുമുള്ള അഭിസം ബോധനയാണത്. (ശൗകാനി | നൈലുൽ ഔത്വാർ)

കൂടാതെ, സൂക്ഷ്മതയും അവഗാഹവുമുള്ള പണ്ഡിതന്മാർ (الْمُحَقِّقُون) അങ്ങനെയാണ് അതിനെ വിശദീകരിച്ചിട്ടുള്ളതും. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ, ശൌകാനി, സ്വിദ്ദീഖ് ഹസൻ ഖാൻ, ഇമാം അൽബാനി ﵏ തുടങ്ങി നിരവധി മഹാര ഥന്മാരായ പണ്ഡിതന്മാർ ഇക്കാര്യം വിശദമായി തന്നെ ഉപന്യ സിച്ചിട്ടുണ്ട്. ഉദാഹരണത്തിന് വേണ്ടി സ്വിദ്ദീഖ് ഹസൻ ഖാൻ ﵀ യെ തന്നെ ഉദ്ധരിക്കട്ടെ:

لأنه لم يصرح ابن عباس بأن النبي ﷺ أمرهم بأن لا يعملوا برؤية غيرهم من أهل الأقطار، بل أراد ابن عباس أنه أمرهم بإكمال الثلاثين أو يروه، ظنا منه أن المراد بالرؤية رؤية أهل المحل وهذا خطأ في الاستدلال أوقع الناس في الخبط والخلط حتى تفرقوا في ذلك على ثمانية مذاهب. [صديق حسن خان في الروضة الندية شرح الدرر البهية]

കാരണം, നബി ﷺ അവരോട് മറ്റു ഭൂപ്രദേശങ്ങളിലുള്ളവരു ടെ കാഴ്ച കൊണ്ട് കർമ്മങ്ങൾ ചെയ്യരുതെന്ന് നിർദ്ദേശിച്ചതാ യി ഇബ്നു അബ്ബാസ് ﵄ ഇവിടെ വ്യക്തമാക്കിയിട്ടില്ല. മറിച്ച് ഇബ്നു അബ്ബാസ് ﵄ വിവക്ഷിക്കുന്നത്, നബി ﷺ അവരോട് നിർദ്ദേശിച്ചത് (അവർക്ക് പിറവിയെ കുറിച്ചുള്ള വിവരം യഥാ സമയം കിട്ടാതെ പോയാൽ അവർക്ക് 29 തികയുമ്പോൾ) കാ ണുകയോ അല്ലെങ്കിൽ 30 പൂർത്തീകരിക്കുകയോ ചെയ്യണമെ ന്നാണ്. കാഴ്ച കൊണ്ടുള്ള ഇവിടുത്തെ ഉദ്ദേശ്യം പ്രാദേശിക മായ കാഴ്ചയാണെന്ന ഊഹത്തിൽനിന്നാണ് മറിച്ചുള്ള പക്ഷം ഉടലെടുത്തത്. ഇത് തെളിവ് പിടിച്ചതിൽ സംഭവിച്ച പിശകാ ണ്. അത് ജനങ്ങൾ ഇരുട്ടിൽ തപ്പാനും ആശയക്കുഴപ്പത്തിലക പ്പെടാനും ഇടയാക്കി. അങ്ങനെ ഇക്കാര്യത്തിൽ അവർ എട്ടു വി

ഭാഗങ്ങളായി ഭിന്നിച്ചു. (സ്വിദ്ദീഖ് ഹസൻ ഖാൻ | അർറൗളത്തുന്നദിയ്യഃ ശർഹു അദ്ദുററിൽ ബഹിയ്യഃ)

മനുഷ്യ-ജിന്ന് വർഗ്ഗങ്ങൾക്ക് മൊത്തം അന്ത്യനാൾ വരേക്കുമുള്ള ദീനാണ് ഇസ്‌ലാം. അത് ഒരു അന്തർദേശീയ പ്രബോധനമാണ്. അതുകൊണ്ട് തന്നെ സാർവകാലികവും സാർവലൗകികവും സാർവജനീനവുമായ നിയമാവലികളാണ് ഇസ്‌ലാമിലുള്ളത്. ഇസ്‌ലാം മുന്നോട്ടു വെക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളും നിയമാവലികളും ഏതുകാലത്തും അനായാസം നടപ്പിലാക്കാവുന്ന വിധമാണ് ക്രമീകരിച്ചിരിക്കുന്നതും. മുൻകാലങ്ങളെ അപേക്ഷിച്ച്, വാർത്താവിനിമയോപാധികൾ ഏറെ പുരോഗമിച്ച ആധുനിക യുഗത്തിൽ ലോകം മുഴുക്കെ ഒരു ചെറുഗ്രാമം കണക്കെ പരസ്പര ബന്ധിതമായി അടുത്തു നിൽക്കുന്നു. ലോകത്ത് എവിടേക്കും നിമിഷനേരം കൊണ്ട് വിവരങ്ങൾ കൈമാറുക എന്നത് ഇന്ന് ഒരു പ്രശ്നമേയല്ല. ഇക്കാലത്ത് മുസ്‌ലിം ഭരണാധികാരികൾക്ക് ശർഇന്റെ നിയമങ്ങളും ലക്ഷ്യങ്ങളും നൂറുശതമാനം പാലിച്ചുകൊണ്ടു തന്നെ ഹിലാൽ വിഷയത്തിൽ സാർവലൗകിമായ ഐക്യം സാധിപ്പിച്ചെടുക്കുക എന്നത് ഒട്ടും ബുദ്ധിമുട്ടുള്ള കാര്യമല്ല. അല്ലാഹു അതിനു തുണക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഇവ്വിഷയകമായി ഇമാം അൽബാനി ﵀ നടത്തിയ ഒരു നിരീക്ഷണം ഏറെ പ്രസക്തമാണ്. അത് ചുവടെ കൊടുക്കാം:

ولا يعارضه حديث ابن عباس لأمور ذكرها الشوكاني ﵀، ولعل الأقوى أن يقال: إن حديث ابن عباس ورد فيمن صام على رؤية بلده، ثم بلغه في أثناء رمضان أنهم رأوا الهلال في بلد آخر قبله بيوم، ففي هذه الحالة يستمر في الصيام مع أهل بلده حتى يكملوا ثلاثين، أو يروا هلالهم، وبذلك يزول الإشكال ويبقى حديث أبي هريرة وغيره على عمومه، يشمل كل من بلغه رؤيته

الهلال من أي بلد أو إقليم من غير تحديد مسافة أصلا، كما قال ابن تيمية في الفتاوى، (٢٥/١٠٧)، وهذا أمر متيسر اليوم للغاية كما هو معلوم، ولكنه يتطلب شيئا من اهتمام الدول الإسلامية حتى تجعله حقيقة واقعية إن شاء الله تبارك وتعالى. [الألباني في تمام المنة]

ശൗകാനി ﵀ വിശദീകരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ മാസപ്പിറവി എവിടെ കണ്ടാലും അത് ഭൂലോകത്തുള്ളവർക്കെല്ലാം ബാധകമാണെന്നതിന് ഇബ്നു അബ്ബാസ് ﵄ ന്റെ ഹദീസ് എതിരാവുന്നില്ല. ഇക്കാര്യത്തിൽ പറയപ്പെടേണ്ട ഏറ്റവും പ്രബലമായ കാര്യം ഇതാണ്: ഇബ്നു അബ്ബാസ് ﵄ ന്റെ ഹദീസ് സ്വന്തം നാട്ടിലെ കാഴ്ചയുടെ അടിസ്ഥാനത്തിൽ നോമ്പ് പിടിക്കുകയും പിന്നീട് മറ്റൊരു നാട്ടിൽ ഒരു ദിവസം മുമ്പ് പിറവി കണ്ട വിവരം റമളാൻ മാസം അവസാനിക്കുന്നതിനു മുമ്പ് ലഭിക്കുകയും ചെയ്തവന്റെ കാര്യത്തിലുള്ളതാണ്. ഈ അവസ്ഥയിൽ തന്റെ നാട്ടുകാരോടൊപ്പം ആരംഭിച്ച നോമ്പ് മുപ്പത് തികയുന്നത് വരെ തുടരുക. അല്ലെങ്കിൽ 29ന് മാസപ്പിറവി കാണുക. ഇതോടെ എല്ലാ സംശയങ്ങളും നീങ്ങിക്കിട്ടും. കൂടാതെ, അബൂഹുറയ്റഃ ﵁ യിൽനിന്നും മറ്റും ഉദ്ധരിക്കപ്പെടുന്ന ഹദീസ് അതിന്റെ പൊതുവായ അർത്ഥത്തിലും വ്യാപകത്വത്തിലും നിലനിൽക്കുകയും ചെയ്യും. പിറവി ഏതെങ്കിലും ഒരു നാട്ടിലോ മേഖലയിലോ കണ്ടാൽ ദൂരപരിധി ഒട്ടുമേ നോക്കാതെ ആ വിവരം ലഭിക്കുന്ന എല്ലാവരെയും അത് ഉൾക്കൊള്ളുകയും ചെയ്യും. അങ്ങനെയാണ് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ ﵀ യും പറഞ്ഞിരിക്കുന്നത്. എല്ലാവർക്കും അറിയാവുന്ന പോലെ, ഇക്കാലത്ത് അത് അതീവ ലളിതമായ കാര്യമാണ് താനും. എങ്കിലും അത് ഒരു യാഥാർത്ഥ്യമായി പുലർന്നു കാണണമെങ്കിൽ അല്ലാഹുവിന്റെ അനുമതിയോടെ ഇസ്ലാമിക രാജ്യങ്ങളുടെ ഒരു കരുതലും ശ്രദ്ധയും ആവശ്യമാണ്. (അൽബാനി | തമാമുൽ മിന്നഃ)

## പ്രാദേശികമായ കാഴ്ച: വൈരുദ്ധ്യങ്ങളും പൊരുത്തക്കേടുകളും

ശാഫിഈ മദ്ഹബിലെ പിൽക്കാലക്കാരായ ഫുഖഹാക്കൾ നബിവചനങ്ങളിൽ വന്ന ഈ കാഴ്ചയുടെ വിവക്ഷ പ്രാദേശികമായ കാഴ്ചയാണെന്ന് തെറ്റിദ്ധരിച്ചു. തദടിസ്ഥാനത്തിൽ മറ്റു പ്രദേശക്കാരുടെ കാഴ്ച സ്വീകരിക്കാൻ പാടില്ലെന്ന് വെച്ചു. മറ്റു പ്രദേശക്കാർ എന്നു പറയുമ്പോൾ അതിന്റെ ദൂരപരിധി എത്രയാണ്? ആ ദൂരപരിധി ആരാണ് നിശ്ചയിച്ചത്? അതിനു പ്രമാണ രേഖകളിൽ എന്തു തെളിവാണുള്ളത്? ഇതിനൊന്നും യാതൊരു ഉത്തരവും പറയാൻ അവർക്ക് സാധിച്ചതുമില്ല.

ശാഫിഈ മദ്ഹബിലെ പ്രഗത്ഭ പണ്ഡിതനായ നവവി ﵀ ക്ക് മദ്ഹബിന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നതിലുള്ള നിസ്തുലമായ പങ്ക് സുവിദിതമാണ്. ഫിഖ്ഹിൽ മാത്രമല്ല ഹദീസ് വിജ്ഞാനീയങ്ങളിലും നല്ല വ്യുൽപത്തിയുള്ള പണ്ഡിതനായിരുന്നു അദ്ദേഹം. ഇമാം മുസ്‌ലിം ﵀ യുടെ സ്വഹീഹിന് അദ്ദേഹം എഴുതിയ വ്യാഖ്യാനം വളരെ പ്രസിദ്ധമാണല്ലോ. അതിൽ മുകളിൽ വിശദീകരിച്ച കുറൈബിന്റെ ഹദീസിന് ശാഫിഈ മദ്ഹബിന്റെ പക്ഷത്തുനിന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനം പണ്ഡിതലോകത്ത് തന്നെ വലിയ ആശയക്കുഴപ്പങ്ങൾക്ക് കാരണമായിട്ടുണ്ട്. നടേ ഉദ്ധരിച്ച സ്വിദ്ദീഖ് ഹസൻ ഖാൻ ﵀ യുടെ വിശദീകരണത്തിൽ വിരൽ ചൂണ്ടുന്നത് ഈ യാഥാർത്ഥ്യത്തിലേക്കാണ്. അതിനാൽ നവവി ﵀ കുറൈബിന്റെ ഹദീസിനു നൽകിയ വിശദീകരണം ഒന്നു പരിശോധനാ വിധേയമാക്കേണ്ടതുണ്ട്.

(بَابُ بَيَانِ أَنَّ لِكُلِّ بَلَدٍ رُؤْيَتَهُمْ وَأَنَّهُمْ إِذَا رَأَوُا الْهِلَالَ بِبَلَدٍ لَا يَثْبُتُ حُكْمُهُ لِمَا بَعُدَ عَنْهُمْ) فِيهِ حَدِيثُ كُرَيْبٍ عَنِ ابن عَبَّاسٍ، وَهُوَ ظَاهِرُ الدَّلَالَةِ لِلتَّرْجَمَةِ، وَالصَّحِيحُ عِنْدَ أَصْحَابِنَا أَنَّ الرُّؤْيَةَ لَا تَعُمُّ النَّاسَ، بَلْ تَخْتَصُّ بِمَنْ قَرُبَ عَلَى

مَسَافَةٍ لَا تُقْصَرُ فِيهَا الصَّلَاةُ، وَقِيلَ إِنِ اتَّفَقَ الْمَطْلَعُ لَزِمَهُمْ، وَقِيلَ إِنِ اتَّفَقَ الْإِقْلِيمُ وَإِلَّا فَلَا، وَقَالَ بَعْضُ أَصْحَابِنَا: تَعُمُّ الرُّؤْيَةُ فِي مَوْضِعٍ جَمِيعَ أَهْلِ الْأَرْضِ، فَعَلَى هَذَا نَقُولُ: إِنَّمَا لَمْ يعمل ابن عَبَّاسٍ بِخَبَرِ كُرَيْبٍ لِأَنَّهُ شَهَادَةٌ، فَلَا تَثْبُتُ بِوَاحِدٍ، لَكِنَّ ظَاهِرَ حَدِيثِهِ أَنَّهُ لَمْ يَرُدَّهُ لِهَذَا، وَإِنَّمَا رَدَّهُ لِأَنَّ الرُّؤْيَةَ لَمْ يَثْبُتْ حُكْمُهَا فِي حَقِّ الْبَعِيدِ. [النَّوَوِيُّ فِي شَرْحِ مُسْلِمٍ]

**ഓരോ നാട്ടുകാർക്കും അവരവരുടെ കാഴ്ച വേണമെന്നതും, ഒരു നാട്ടിൽ മാസപ്പിറവി കണ്ടാൽ ദൂരെയുള്ളവർക്കതിന്റെ വിധി ബാധകമാകില്ല എന്നതും വിശദീകരിക്കുന്ന അധ്യായം.**

ഈ വിഷയത്തിൽ ഇബ്ന അബ്ബാസ് ﵄ ൽനിന്ന് കുറൈബ് നിവേദനം ചെയ്യുന്ന ഒരു ഹദീസുണ്ട്. അത് തലവാചകത്തിൽ പറഞ്ഞ കാര്യം സ്പഷ്ടമായി തന്നെ തെളിയിക്കുന്നതുമാണ്. മദ്ഹബിലുള്ള നമ്മുടെ കൂട്ടാളികൾ ഏറ്റവും സ്വഹീഹായി കാണുന്ന അഭിപ്രായം ഒരു സ്ഥലത്തെ കാഴ്ച മുഴുജനങ്ങൾക്കും ബാധകമാവില്ല എന്നതാണ്. മറിച്ച്, നമസ്കാരം ചുരുക്കാൻ പറ്റാത്ത അത്രയും ദൂരപരിധിയിലുള്ളവർക്ക് മാത്രമേ അത് ബാധകമാവുകയുള്ളു. ഒരേ ഉദയമേഖല പങ്കിടുന്നവർക്കെല്ലാം അത് ബാധകമാകും എന്ന് ഒരു പക്ഷം വേറെയുമുണ്ട്. ഒരേ ഭൂഖണ്ഡത്തിലുള്ളവർക്കെല്ലാം ഒരു കാഴ്ച ബാധകമാകും, അല്ലാത്തവർക്ക് ബാധകമാകുകയുമില്ല എന്നൊരു പക്ഷവും വേറെയുണ്ട്. നമ്മുടെ മറ്റു ചില കൂട്ടാളികൾ പറഞ്ഞത് ഒരു സ്ഥലത്തുള്ള കാഴ്ച ഭൂലോകത്തുള്ളവർക്കെല്ലാം ബാധകമാകും എന്നാണ്. ഈ അഭിപ്രായം അനുസരിച്ച്, ഇബ്ന അബ്ബാസ് ﵄ കുറൈബ് നൽകിയ വിവരം അനുസരിച്ച് പ്രവർത്തിക്കാതിരുന്നത് അത് സാക്ഷ്യമായതിനാലാണ് എന്ന് നാം പറയേണ്ടിവരും. കാരണം സാക്ഷ്യം ഒരു വ്യക്തിയെ കൊണ്ട് സ്ഥാപിതമാവില്ല. പക്ഷെ, ഹദീസ് വ്യക്തമായി അറിയിക്കുന്നത് അക്കാരണത്താ

ലല്ല അദ്ദേഹം അത് തള്ളിയത് എന്നാണ്. മറിച്ച്, ആ കാഴ്ചയുടെ വിധി ദൂരദിക്കുകളിലുള്ളവർക്ക് ബാധകമാകുകയില്ല എന്നതു കൊണ്ടാണ്. (നവവി | ശർഹു മുസ്‌ലിം)

ഈ വ്യാഖ്യാനത്തിലുള്ള ന്യൂനതകൾ വളരെ പ്രകടമാണ്. അത് വായനക്കാർക്ക് പോലും വ്യക്തമായി മനസ്സിലാക്കാനാവും. എങ്കിലും അവയിൽ മുഖ്യമായത് ഇവിടെ സംഗ്രഹിക്കാം:

- ഹദീസ് വ്യാഖ്യാനിക്കുമ്പോൾ പാലിച്ചിരിക്കേണ്ട തത്വങ്ങളും മര്യാദകളും ഇവിടെ നവവി ﵀ പാലിക്കുകയുണ്ടായില്ല.
- ശാഫിഈ മദ്ഹബിന വേണ്ടി പക്ഷം പിടിക്കുകയും, മദ്ഹബിന്റെ പക്ഷത്തുനിന്ന് ഹദീസ് വ്യാഖ്യാനിക്കുകയും, തങ്ങളുടെ പക്ഷം ന്യായീകരിക്കാൻ ഹദീസിനെ ഉപയോഗപ്പെടുത്തുകയുമാണ് ചെയ്തത്.
- ഇക്കാര്യത്തിൽ വന്നിട്ടുള്ള മറ്റു ഹദീസുകൾ അദ്ദേഹം പരിഗണിച്ചില്ല.
- «പിറവി കണ്ടാൽ നിങ്ങൾ നോമ്പ് പിടിക്കുക, പിറവി കണ്ടാൽ നിങ്ങൾ നോമ്പ് ഉപേക്ഷിച്ച് പെരുന്നാൾ ആഘോഷിക്കുക» എന്ന ഹദീസിന്റെ അഭിസംബോധന ലോകത്തുള്ള മുഴുവൻ മുസ്‌ലിംകളെയും ഉൾക്കൊള്ളുന്നു. അത് പൊതുവാണ്. ഈ വ്യാഖ്യാനത്തിലൂടെ അതിന്റെ വ്യാപകത്വവും വിശാലതയും മതിയായ തെളിവില്ലാതെ അദ്ദേഹം റദ്ദുചെയ്യുകയാണുണ്ടായിട്ടുള്ളത്.
- നബി ﷺ യും സ്വഹാബികളും 29ന് പിറവി കാണാത്തതിനാൽ 30 പൂർത്തീകരിച്ച ദിവസം വൈകുന്നേര സമയത്ത് ഒരു വർത്തക സംഘം വരികയും, അവർ തലേദിവസം പിറവി കണ്ടതായി സാക്ഷി പറയുകയും, അവിടുന്ന് ആ സാക്ഷ്യം സ്വീകരിച്ച് നോമ്പ് മുറിക്കുകയും അനുചരന്മാരെ കൊണ്ട് നോമ്പ് മുറിപ്പിക്കുകയും ചെയ്ത സംഭവം വിശദീക

രിക്കുന്ന ഹദീസുർ റക്ബ് (حَدِيثُ الرَّكْبِ) അദ്ദേഹം പരിഗണിച്ചില്ല. അത് നവവി ﵀ യുടെ വ്യാഖ്യാനത്തിനുള്ള വ്യക്തമായ ഖണ്ഡനമാണ്.

- ഈ വിഷയത്തിൽ കുറൈബിന്റെ ഹദീസടക്കമുള്ള പ്രമാണ രേഖകളുടെ പ്രഥമ സ്വീകർത്താക്കളും പ്രയോക്താക്കളുമായ സ്വഹാബത്തിന്റെ ഗ്രാഹ്യവും ഈ ഹദീസ് വ്യാഖ്യാനത്തിൽ അദ്ദേഹം സ്വീകരിച്ചില്ല. സച്ചരിതരായ സലഫുകളുടെ ധാരണയെ തള്ളുന്ന വ്യാഖ്യാനങ്ങൾ അബദ്ധമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ.
- കുറൈബിന്റെ ഹദീസിന് നവവി ﵀ ക്ക് മുമ്പ് കഴിഞ്ഞു പോയ പ്രഗത്ഭരും സൂക്ഷ്മദൃക്കുകളുമായ മുഹദ്ദിസുകൾ നൽകിയ വ്യാഖ്യാനങ്ങളൊന്നും അദ്ദേഹം പരിഗണിച്ചില്ല.
- കുറൈബിന്റെ ഹദീസിലുള്ളത് മാസപ്പിറവി സംബന്ധിച്ച് സമയം തെറ്റി കിട്ടുന്ന വിവരങ്ങളോട് എങ്ങനെ പ്രതിവർത്തിക്കണം എന്നുള്ളതാണ്. ഈ പ്രമേയം അദ്ദേഹം സാധ്യതാ വിഷയമായിപ്പോലും കാണുകയോ ചർച്ചക്കെടുക്കുകയോ ചെയ്തില്ല.
- പ്രാദേശികമായ കാഴ്ച വേണം, അത് നമസ്കാരം ചുരുക്കാത്തത്ര ദൂരപരിധിയിലുള്ളവർക്കേ ബാധകമാകൂ എന്ന നിലപാട് സ്വീകരിച്ചപ്പോൾ മേൽ ദൂരപരിധിക്കുള്ള തെളിവുകളൊന്നും അദ്ദേഹത്തിന് ഹാജരാക്കാനായില്ല.
- ഇമാം ശാഫിഈ ﵀ യുടെ ഒരു പാട് അഭിപ്രായങ്ങൾ ഹദീസിനോട് യോജിക്കുന്നില്ലെന്ന കാരണത്താൽ തള്ളാറുള്ളവർ തന്നെ നവവി ﵀ യുടെ തെറ്റായ ഒരു വ്യാഖ്യാനത്തിൽ പൂണ്ടു പിടിക്കുന്നതിലുള്ള വൈരുദ്ധ്യത്തെ കുറിച്ച് ആരും മിണ്ടുന്നില്ല.

- ശാഫിഈ, നവവി ﵀ പോലുള്ളവർ പണ്ഡിതന്മാരും മുജ്തഹിദുകളുമാണ്. അവർക്ക് ഇജ്തിഹാദിലുള്ള പിഴവ് പൊറുത്ത് കിട്ടാവുന്നതും, അവരുടെ പരിശ്രമങ്ങൾക്ക് ഒരു പ്രതിഫലം ലഭിച്ചേക്കാവുന്നതുമാണ്. പക്ഷെ, പിന്നീട് വരുന്നവർ മറിച്ചുള്ള തെളിവു കണ്ടാൽ അത് സ്വീകരിക്കുകയാണ് വേണ്ടത്. അതാണ് വിവേകത്തിന്റെ മാർഗ്ഗം.

- വിദൂര നാടുകളിൽ പിറവി കണ്ട വിവരം യഥാസമയം ലഭിക്കാത്ത സന്ദർഭത്തിൽ ഓരോ നാട്ടുകാരും എന്തു ചെയ്യണം? കുറൈബിന്റെ ഹദീസ് പ്രകാരം അവരവരുടെ നാടുകളിൽ 29ന് പിറവി കണ്ടാൽ അതനുസരിച്ചും അല്ലാത്ത പക്ഷം മുപ്പത് പൂർത്തീകരിച്ചും മുന്നോട്ടു പോകണം. പല മുഹദ്ദിസുകളും ഫുഖഹാക്കളും ഈ വസ്തുത വിശദീകരിച്ചിട്ടുള്ളതാണ്. നവവി ﵀ യുടെ തെറ്റായ വ്യാഖ്യാനം വന്നപ്പോൾ പലരും ആശയക്കുഴപ്പത്തിൽ അകപ്പെട്ടു. ഓരോ നാട്ടുകാരും അവരുടെ നാട്ടിലെ കാഴ്ച അവലംബിക്കണം എന്നതിലേക്ക് മറ്റു പ്രദേശങ്ങളിലെ കാഴ്ച സ്വീകരിക്കാൻ പാടില്ലെന്ന നവവിയൻ ആശയം കൂട്ടിച്ചേർക്കാൻ തുടങ്ങി. ഉദാഹരണമായി, തിർമുദിയുടെ തലവാചകം: بَابُ مَا جَاءَ لِكُلِّ أَهْلِ بَلَدٍ رُؤْيَتُهُمْ (ഓരോ നാട്ടുകാർക്കും അവരുടെ കാഴ്ച എന്നതു സംബന്ധിച്ച് വന്നത് വിശദീകരിക്കുന്ന അധ്യായം). ഇതു പോലുള്ള പരാമർശങ്ങളിലേക്ക് നവവി ﵀ യുടെ തെറ്റായ വ്യാഖ്യാനം وَأَنَّهُمْ إِذَا رَأَوُا الْهِلَالَ بِبَلَدٍ لَا يَثْبُتُ حُكْمُهُ لِمَا بَعُدَ عَنْهُمْ (ഒരു നാട്ടിൽ മാസപ്പിറവി കണ്ടാൽ ദൂരെയുള്ളവർക്കതിന്റെ വിധി ബാധകമാകില്ല) എന്നതു കൂടി കൂട്ടിച്ചേർത്ത് വിശദീകരിക്കാൻ തുടങ്ങി. മറ്റു നാടുകളിലെ കാഴ്ച യഥാസമയം കിട്ടിയില്ലെങ്കിൽ എന്ന നിബന്ധന മറക്കുകയോ മറച്ചുപിടിക്കുകയോ ചെയ്യുകയുമുണ്ടായി.

- നവവി ﵀, നടേ സൂചിപ്പിച്ച പോലെ ഹദീസ് വിജ്ഞാനീ

യങ്ങളിൽ കൂടി അവഗാഹമുള്ള പണ്ഡിതനാകയാൽ ശാഫിഈ മദ്ഹബിനപ്പുറം അഹ്ലുസ്സുന്നഃയുടെ പല കോണുകളെയും കൂടി അദ്ദേഹത്തിന്റെ തെറ്റായ ഈ വ്യാഖ്യാനം സ്വാധീനിക്കാൻ ഇടയായി.

ചുരുക്കത്തിൽ, കുറൈബിന്റെ ഹദീസ് നോമ്പിനും പെരുന്നാളിനും പ്രാദേശികമായ കാഴ്ച തന്നെ വേണം എന്നതിനുള്ള തെളിവല്ല. അതിൽ നബി ﷺ അങ്ങനെ നിർദ്ദേശിച്ചതായി എവിടെയും പറയുന്നില്ല. ഇബ്നു അബ്ബാസ് رضي الله عنهما അങ്ങനെ മനസ്സിലാക്കിയതായും അതിലില്ല. അതിന്റെ വ്യാഖ്യാനങ്ങളിൽ പണ്ഡിതന്മാരാരും അങ്ങനെ പറഞ്ഞിട്ടുമില്ല.

ആകെയുള്ളത് ശാഫിഈ മദ്ഹബിന്റെ നിലപാട് ന്യായീകരിക്കാൻ വേണ്ടി നവവി رحمه الله പറയുന്ന തെറ്റായ വ്യാഖ്യാനവും അതിന്റെ ആവർത്തനങ്ങളും മാത്രമാണ്. ശാഫിഈ മദ്ഹബിന്റെ നിലപാടും നവവി رحمه اللهയുടെ വ്യാഖ്യാനവും പ്രമാണങ്ങളിൽ വന്ന മറ്റു രേഖകളുമായി ഒത്തുപോകുന്നതല്ല. ആകയാൽ നോമ്പും പെരുന്നാളും തീരുമാനിക്കാൻ പ്രാദേശികമായ കാഴ്ച തന്നെ വേണം എന്നതിന് ഈ സംഭവം ഉയർത്തിക്കാണിക്കുന്നത് ഒന്നുകിൽ ശുദ്ധമായ അബദ്ധമാണ്, അല്ലെങ്കിൽ കടുത്ത പക്ഷപാതമാണ് എന്ന് കരുതാനേ നിവൃത്തിയുള്ളു.

## പിറവി കണ്ടാൽ എന്തു ചെയ്യണം?

ഇസ്ലാമിൽ വൈയക്തികവും സാമൂഹികവുമായ ആചാരാനുഷ്ഠാനങ്ങളുണ്ട്. നോമ്പ്, പെരുന്നാൾ, അറഫഃ, ഹജ്ജ് പോലുള്ളവ സാമൂഹികമായ ആചാരങ്ങളാണ്. അവ വ്യക്തികൾക്ക് തനിച്ച് ചെയ്യാവുന്ന കാര്യങ്ങളല്ല. അവയുടെ സാമൂഹികമായ മാനങ്ങൾ ഉൾക്കൊണ്ടും നടപടിക്രമങ്ങൾ പാലിച്ചും മാത്രമേ മുന്നോട്ട് പോകാവൂ. പിറവി, മാസം എന്നിവയെ കുറിച്ചുള്ള അടിസ്ഥാന വിഭാവനകൾ തന്നെ ഇക്കാര്യം വ്യക്തമാ

ക്കുന്നതാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ ﵀ യുടെ ഒരു നിരീക്ഷണം താഴെ കൊടുക്കാം:

وَالْهلالُ اسْمٌ لِمَا يُسْتَهَلُّ بِهِ؛ أَىْ يُعْلَنُ بِهِ وَيُجْهَرُ بِهِ، فَإِذَا طَلَعَ فِى السَّمَاءِ وَلَمْ يَعْرِفْهُ النَّاسُ وَيَسْتَهِلُّوا لَمْ يَكُنْ هِلَالًا، وَكَذَا الشَّهْرُ مَأْخُوذٌ مِنَ الشُّهْرَةِ، فَإِنْ لَمْ يَشْتَهِرْ بَيْنَ النَّاسِ لَمْ يَكُنِ الشَّهْرُ قَدْ دَخَلَ. [ابْنُ تَيْمِيَةَ فِى مَجْمُوعِ فَتَاوِيهِ]

ഹിലാൽ എന്ന പദം പ്രഖ്യാപിക്കപ്പെടുന്ന ഒരു കാര്യത്തെ കുറിച്ച് വ്യവഹരിക്കാനുള്ള നാമമാണ്. അഥവാ പിറവി പരസ്യപ്പെടുത്തപ്പെടുകയും ഉച്ചൈസ്തരം പ്രഖ്യാപിക്കപ്പെടുകയും വേണം. ആകാശത്തിൽ ഉദയം ചെയ്തു, പക്ഷെ ജനം അറിയുകയോ പ്രഖ്യാപിക്കുകയോ ചെയ്തില്ലെങ്കിൽ അത് ഹിലാൽ ആവില്ല. അതുപോലെ ശഹ്ർ (മാസം) എന്നത് പ്രസിദ്ധി എന്നർത്ഥം വരുന്ന ശുഹ്റത്തിൽനിന്ന് നിഷ്പാദനം ചെയ്യപ്പെട്ടതാണ്. ജനങ്ങൾക്കിടയിൽ പ്രചാരത്തിൽ വന്നില്ലെങ്കിൽ മാസം ആരംഭിച്ചതായി കണക്കാക്കുകയുമില്ല. (ഇബ്നു തൈമിയ്യഃ ഫാതാവായിൽ രേഖപ്പെടുത്തിയത്)

ആകയാൽ പിറവി കണ്ടാൽ അത് പ്രഖ്യാപിക്കപ്പെടുകയും ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കപ്പെടുകയും വേണം. അതിന് സാമൂഹികമായ അംഗീകാരം ലഭിക്കണം. അല്ലാതെ വൈയക്തികമായ തലത്തിൽ പരിമിതപ്പെടുത്താവുന്ന കാര്യമല്ല ഹിലാൽ.

## നോമ്പും പെരുന്നാളും തനിച്ച് ചെയ്യാമോ?

ഹിലാലിനെ കുറിച്ചുള്ള ഒരു സാമ്പ്രദായികമായ കാഴ്ചപ്പാടാണ് മുകളിൽ പറഞ്ഞത്. ശർഇൽ അതിനെ കുറിച്ച് എന്ത് പറയുന്നു എന്നതാണല്ലോ നാം പരിശോധിക്കേണ്ടത്. നോമ്പും പെരുന്നാളും സാമൂഹികമായ ആചാരമാണ്. അവ വ്യക്തിപരമായിട്ടല്ല ആചരിക്കേണ്ടത് എന്നതു തന്നെയാണ് ശർഇന്റെയും വിട്ടുവീഴ്ചയില്ലാത്ത നിപലാട്. അത് തനിച്ച് ചെയ്ത സം

ഭവങ്ങൾ ഇസ്‌ലാമിക ചരിത്രത്തിലില്ല. അങ്ങനെയുള്ള പ്രവണതകൾ ഉണ്ടാകുമ്പോഴെല്ലാം ഭരണാധികാരികൾ അത് മുളയിലേ നുള്ളിക്കളയുകയാണ് ചെയ്തിട്ടുള്ളത്. രണ്ടാം ഖലീഫഃ ഉമർ ﵁ തന്നെ അതിനു മുതിർന്ന ഒരു വ്യക്തിയെ ശാസിച്ചത് രേഖകളിൽ കാണാം. നോമ്പും പെരുന്നാളും സമൂഹത്തോടൊപ്പമേ ആചരിക്കാവൂ എന്ന് പറയുന്ന ചില രേഖകൾ കാണുക:

بَابُ مَا جَاءَ فِي أَنَّ الْفِطْرَ يَوْمَ تُفْطِرُونَ، وَالأَضْحَى يَوْمَ تُضَحُّونَ.

عَنْ أَبِي هُرَيْرَةَ، أَنّ النَّبِيَّ ﷺ قَالَ: الصَّوْمُ يَوْمَ تَصُومُونَ، وَالفِطْرُ يَوْمَ تُفْطِرُونَ، وَالأَضْحَى يَوْمَ تُضَحّونَ. هَذَا حَدِيثٌ حَسَنٌ غَرِيبٌ، وَفَسّرَ بَعْضُ أَهْلِ العِلْمِ هَذَا الحَدِيثَ، فَقَالَ: إِنّمَا مَعْنَى هَذَا أَنّ الصّوْمَ وَالفِطْرَ مَعَ الجَمَاعَةِ وَعُظْمِ النّاسِ. [التِّرْمِذِيُّ فِي سُنَنِهِ وَصَحَّحَهُ الْأَلْبَانِيُّ]

ഫിത്വ്ർ നിങ്ങൾ ചെറിയ പെരുന്നാൾ ആഘോഷിക്കുന്ന ദിവസവും, അദ്ഹാ നിങ്ങൾ വലിയ പെരുന്നാൾ ആഘോഷിക്കുന്ന ദിവസവുമാണ് എന്ന കാര്യത്തിൽ വന്ന (രേഖകളെ) കുറിച്ചുള്ള അധ്യായം.

അബൂ ഹുറയ്‌റഃ ﵁ നിവേദനം. നിശ്ചയമായും നബി ﷺ പറഞ്ഞിരിക്കുന്നു: «നോമ്പ് നിങ്ങൾ നോമ്പ് പിടിക്കുന്ന ദിവസമാണ്. ഫിത്വ്ർ നിങ്ങൾ ചെറിയ പെരുന്നാൾ ആഘോഷിക്കുന്ന ദിവസവും, അദ്ഹാ നിങ്ങൾ ബലിപെരുന്നാൾ ആഘോഷിക്കുന്ന ദിവസവുമാണ്.» ഇത് ഒരു പരമ്പരയിലൂടെ മാത്രം ഉദ്ധരിക്കപ്പെട്ട ഭേദപ്പെട്ട ഹദീസാണ്. ചില പണ്ഡിതന്മാർ ഇതിനു വ്യാഖ്യാനം നൽകിയിട്ടുണ്ട്: അതിന്റെ വിവക്ഷ നോമ്പും പെരുന്നാളും ആചരിക്കേണ്ടത് അൽ ജമാഅഃയുടെ കൂടെ, ബഹുജനങ്ങളോടൊപ്പമായിരിക്കണം. (തിർമുദി സുനനിൽ ഉദ്ധരിച്ചത്)

ഇതേ കാര്യം അബൂ ദാവൂദ്, ഇബ്നു മാജഃ, ദാറഖുത്വ്നി

പോലുള്ളവരും സ്വീകാര്യ യോഗ്യമായ നിവേദക പരമ്പരകളി ലൂടെ ഉദ്ധരിച്ചിട്ടുണ്ട്.

## അൽ ജമാഅഃ/ബഹുജനം: വിവക്ഷയെന്ത്?

നോമ്പിന്റെയും പെരുന്നാളിന്റെയും കാര്യം വിശദീകരിക്കു ന്ന സന്ദർഭങ്ങളിൽ വിവിധ ഹദീസുകളിലും മറ്റു രേഖകളിലും പ്രയോഗിക്കപ്പെട്ടു കാണുന്ന അൽ ജമാഅഃ/അന്നാസ്/ഉള്മു ന്നാസ്/അസ്സവാദ്/അസ്സവാദുൽ അഅ്ളം പോലുള്ള സംജ്ഞ കളുടെ വിവക്ഷയെന്താണ്? ബൈഅത്ത് ചെയ്യപ്പെട്ട ഭരണാ ധികാരിയും ബൈഅത്ത് നൽകിയ പ്രജകളും ചേർന്ന സമ്പൂർ ണ്ണ മുസ്ലിം സമൂഹത്തെ കുറിക്കാനാണ് മേൽ സംജ്ഞകൾ പ്ര യോഗിക്കാറുള്ളത്. നിയമാനുസൃതം ജനങ്ങളെ നിയന്ത്രിക്കാൻ അധികാരം ലഭിച്ച ഒരു ഭരണാധികാരി തലപ്പത്തുണ്ടെങ്കിലേ മുസ്ലിം സമൂഹത്തെ മുഴുവനായി ഒരു ചരടിൽ കോർത്തിണ ക്കാൻ കഴിയൂ. അപ്രകാരം ഭരണാധികാരിയും ഭരണീയരും ചേർ ന്ന മുസ്ലിം സമൂഹത്തിനാണ് അൽ ജമാഅഃ എന്ന് പറയുന്ന ത്. ഐക്യത്തിലും ഒരുമയിലും പുലരുന്ന സമൂഹം എന്നതത്രെ അതിന്റെ ഭാഷാർത്ഥം. അതേ അർത്ഥത്തിലാണ് മുകളിൽ സൂ ചിപ്പിച്ച മറ്റു പദങ്ങളും ഈ സന്ദർഭത്തിൽ ഉപയോഗിച്ചിട്ടുള്ളത്.

അധികാരപൂർവ്വം നിയന്ത്രിക്കാൻ ഒരു ഭരണകർത്താവ് തല പ്പത്തില്ലെങ്കിൽ അവിടെ ഭിന്നതയും കക്ഷിത്വവുമാണ് വാഴുക. അത്തരം സാഹചര്യങ്ങളിൽ മുസ്ലിംകൾ പല കക്ഷികളായി തിരിയുകയും ഓരോ കക്ഷിയും തങ്ങളാണ് അൽ ജമാഅഃ എന്ന് വാദിക്കുകയും ചെയ്യും. തങ്ങളുടെ കൈവശമുള്ള ഭിന്നത യിലും കക്ഷിത്വത്തിലും അവർ ചാരിതാർത്ഥ്യം കൊള്ളുകയും ചെയ്യും. യഥാർത്ഥത്തിൽ അപ്പോൾ അവിടെ ഐക്യമല്ല, ഭിന്ന തയും കക്ഷിത്വവുമാണുണ്ടാകുക. അതിനാൽ ഭിന്നിച്ചും കല ഹിച്ചും നിൽക്കുന്ന കക്ഷികളോടൊപ്പമല്ല, മുസ്ലിംകളെ മൊ ത്തമായി ഏകീകരിക്കാൻ നിയമപരമായി അധികാരവും കഴിവു

മുള്ള ഭരണകർത്താവിനെയും അദ്ദേഹത്തിന് ബൈഅത്ത് നൽകിയ ഭരണീയരെയും ഉൾക്കൊള്ളുന്ന അൽ ജമാഅഃയോടൊപ്പമാണ് നോമ്പും പെരുന്നാളും ആചരിക്കേണ്ടത്. ഈ വസ്തുത സ്വീകാര്യയോഗ്യമായ ഹദീസുകളിലും അവയുടെ ആധികാരിക വ്യാഖ്യാനങ്ങളിലും പണ്ഡിതന്മാരുടെ വിശദീകരണങ്ങളിലും സംശയത്തിനിടം നൽകാത്ത വിധം വ്യക്തമായി രേഖപ്പെട്ടു കിടപ്പുണ്ട്. ഉദാഹരണങ്ങൾ കാണുക:

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللهِ ﷺ: «الْفِطْرُ يَوْمَ تُفْطِرُونَ، وَالْأَضْحَى يَوْمَ تُضَحّونَ» [ابْنُ مَاجه فِي سُنَنِهِ وَصَحّحَهُ الْأَلْبَانِي]

അബൂ ഹുറയ്റഃ ﵁ നിവേദനം. നബി ﷺ പറയുന്നു: «ഫിത്വ്ർ നിങ്ങൾ ചെറിയ പെരുന്നാൾ ആഘോഷിക്കുന്ന ദിവസവും, അദ്ഹാ നിങ്ങൾ ബലിപെരുന്നാൾ ആഘോഷിക്കുന്ന ദിവസവുമാണ്. (ഇബ്നു മാജഃ സുനനിൽ ഉദ്ധരിച്ചത്)

അബുൽ ഹസൻ അസ്സിന്ദി ﵀ മേൽ ഹദീസിനു നൽകിയ പ്രസക്തമായ ഒരു അടിക്കുറിപ്പുണ്ട്. അതുകൂടി വായിക്കുക:

قَوْلُهُ: (الْفِطْرُ يَوْمَ تُفْطِرُونَ)، وَفِي رِوَايَةِ التِّرْمِذِيِّ: «الصَّوْمُ يَوْمَ تَصُومُونَ» وَالظَّاهِرُ أَنَّ مَعْنَاهُ أَنَّ هَذِهِ الْأُمُورَ لَيْسَ لِلْآحَادِ فِيهَا دَخْلٌ، وَلَيْسَ لَهُمُ التَّفَرُّدُ فِيهَا، بَلِ الْأَمْرُ فِيهَا إِلَى الْإِمَامِ وَالْجَمَاعَةِ، وَيَجِبُ عَلَى الْآحَادِ اتِّبَاعُهُمْ لِلْإِمَامِ وَالْجَمَاعَةِ، وَعَلَى هَذَا فَإِذَا رَأَى أَحَدٌ الْهِلَالَ وَرَدَّ الْإِمَامُ شَهَادَتَهُ يَنْبَغِي أَنْ لَا يَثْبُتَ فِي حَقِّهِ شَيْءٌ مِنْ هَذِهِ الْأُمُورِ، وَيَجِبُ عَلَيْهِ أَنْ يَتْبَعَ الْجَمَاعَةَ فِي ذَلِكَ. [أَبُو الْحَسَنِ السِّنْدِيُّ فِي حَاشِيَتِهِ عَلَى سُنَنِ ابْنِ مَاجه]

നബി ﷺ യുടെ വചനം: «ഫിത്വ്ർ നിങ്ങൾ ചെറിയ പെരുന്നാൾ ആഘോഷിക്കുന്ന ദിവസമാണ്», തിർമുദിയുടെ റിപ്പോർട്ടിൽ «നോമ്പ് നിങ്ങൾ നോമ്പ് പിടിക്കുന്ന ദിവസമാണ്» എന്നു കൂ

ടിയുണ്ട്. അതിന്റെ വിവക്ഷ വ്യക്തവും പ്രമുഖവുമായ പക്ഷമനു സരിച്ച് ഇപ്രകാരമാണ്: ഇത്തരം കാര്യങ്ങളിൽ വ്യക്തികൾക്ക് യാതൊരു സ്വാധീനവുമില്ല; അവർക്കതിൽ തനിച്ച് നിൽക്കാനും പാടില്ല. മറിച്ച്, ഇത്തരം കാര്യങ്ങൾ ഭരണാധികാരിയിലേക്കും പ്രജകളിലേക്കുമാണ് എത്തുക. വ്യക്തികൾക്കതിൽ ഭരണാധികാരിയെയും പ്രജകളെയും പിൻപറ്റൽ നിർബ്ബന്ധമാണ്. തദടിസ്ഥാനത്തിൽ ഒരാൾ പിറവി കാണുകയും ഭരണാധികാരി അയാളുടെ സാക്ഷ്യം തള്ളുകയും ചെയ്താൽ അദ്ദേഹത്തിന് മാത്രമായി ഈ വക കാര്യങ്ങളൊന്നും തന്നെ സ്ഥിരപ്പെടില്ല. അദ്ദേഹത്തിന് (ഭരണാധികാരിയും പ്രജകളും അടങ്ങുന്ന) അൽ ജമാഅഃയെ പിന്തുടരൽ നിർബ്ബന്ധവുമാണ്. (സിന്ദി സുനനു ഇബ്നു മാജഃക്ക് എഴുതിയ ഹാശിയഃയിൽനിന്ന്)

മേൽ ഹദിസും അതിനു അബുൽ ഹസൻ അസ്സിന്ദി ﵀ നൽകിയ വിശദീകരണവും ഒരു ഉദാഹരണമായി എടുത്തുകൊടുത്തതാണ്. സമാനമായ രേഖകൾ ആധികാരിക സ്രോതസ്സുകളിൽ തന്നെ ധാരാളമുണ്ട്.

## ആരാണ് മാസപ്പിറവി ഉറപ്പിക്കേണ്ടത്?

ഒരു വ്യക്തി പിറവി കണ്ടാൽ അക്കാര്യം അറിയിക്കേണ്ടതും, ആ സാക്ഷ്യം പരിശോധിച്ച് ഉറപ്പുവരുത്തി പ്രഖ്യാപിക്കേണ്ടതും മുസ്‌ലികളുടെ മേൽ അല്ലാഹു അധികാരം നൽകി, അവരുടെ കാര്യം ഏൽപിച്ച കൈകാര്യകർത്താക്കളായ ഭരണാധികാരികളാണ്. മുകളിൽ ഉദ്ധരിച്ചതും അല്ലാത്തതുമായ ഹദീസുകളിൽ നിന്ന് സച്ചരിതരായ ഉത്തമ തലമുറക്കാർ അങ്ങനെയാണ് മനസ്സിലാക്കി പ്രവർത്തിച്ചു പോന്നിട്ടുള്ളത്.

وَكَانَ الشَّعْبِيُّ وَالنَّخَعِيُّ يَقُولَانِ: لَا يَصُومُ أَحَدٌ إِلَّا مَعَ جَمَاعَةِ النَّاسِ، وَقَالَ الْحَسَنُ وَابْنُ سِيرِينَ: يَفْعَلُ النَّاسُ مَا يَفْعَلُ إِمَامُهُمْ، قَالَ أَبُو عُمَرَ: قَدْ أَجْمَعُوا

عَلَى أَنَّ الْجَمَاعَةَ لَوْ أَخْطَأَتِ الْهِلَالَ فِي ذِي الْحِجَّةِ، فَوَقَفَتْ بِعَرَفَةَ فِي الْيَوْمِ الْعَاشِرِ إِنَّ ذَلِكَ يُجْزِئُهَا، فَكَذَلِكَ الْفِطْرُ وَالْأَضْحَى، وَاللَّهُ أَعْلَمُ. [ابْنُ عَبْدِ الْبَرِّ فِي التَّمْهِيدِ]

ഇമാം ശഅ്ബിയും നഖ്ഇയും ﵄ പറയാറുണ്ടായിരുന്നത് ഒരാളും ബഹുജനങ്ങളുടെ കൂടെയല്ലാതെ നോമ്പ് എടുക്കരുത് എന്നാണ്. ഹസനും ഇബ്ന സീരീനും ﵄ പറഞ്ഞത്, ജനങ്ങൾ അവരുടെ ഭരണകർത്താവ് ചെയ്യുന്നതാണ് ചെയ്യേണ്ടതെന്നാണ്. അബൂ ഉമർ (ഇബ്ന അബ്ദിൽ ബർ) ﵀ പറയുന്നു: ദുൽഹിജ്ജഃ മാസത്തിന്റെ പിറവി കാണുന്നതിൽ അവർക്ക് അബദ്ധം സംഭവിച്ചു. അങ്ങനെ ദുൽഹിജ്ജഃ പത്തിനാണ് അറഫഃയിൽ നിന്നതെങ്കിലും അതവർക്ക് മതിയാകും. അതു പോലെ തന്നെയാണ് രണ്ടു പെരുന്നാളുകളുടെ കാര്യവും. (ഇബ്ന അബ്ദിൽ ബർ | അത്തംഹീദ്)

പിറവി നോക്കാനുള്ള അവകാശം മുസ്ലിമായ ഏതൊരു വ്യക്തിയുടേതുമാണ്. യോഗ്യനാണെങ്കിൽ സാക്ഷ്യം സ്വീകരിക്കപ്പെടും. ഇല്ലെങ്കിൽ തള്ളപ്പെടും. പിറവി കണ്ട വിവരം അറിയിക്കേണ്ടത് ഭരണാധികാരിയെയാണ്. ഭരണാധികാരി സാക്ഷ്യം പരിശോധിച്ച് ഉറപ്പുവരുത്തുകയും സ്വീകാര്യമാണെങ്കിൽ പിറവി കണ്ട വിവരം പ്രഖ്യാപിക്കുകയും ചെയ്യണം. ഭരണാധികാരിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരാൾക്കും നോമ്പിന്റെയും പെരുന്നാളിന്റെയും കാര്യത്തിൽ തീരുമാനമെടുക്കാനാവില്ല. മറിച്ചുള്ള ഏകപക്ഷീയമോ വൈയക്തികമോ ആയ യാതൊരു നടപടിയും ശർഅ് അംഗീകരിക്കുന്നില്ല. താഴെ കൊടുക്കുന്ന സംഭവം ഇക്കാര്യം സുതരാം വ്യക്തമാക്കുന്നു:

وَقَدْ رُوِيَ أَنَّ رَجُلَيْنِ فِي زَمَنِ عُمَرَ بْنِ الْخَطَّابِ ﵁ رَأَيَا هِلَالَ شَوَّالٍ فَأَفْطَرَ أَحَدُهُمَا وَلَمْ يُفْطِرْ الْآخَرُ، فَلَمَّا بَلَغَ ذَلِكَ عُمَرَ قَالَ: لِلَّذِي أَفْطَرَ لَوْلَا صَاحِبُك

لَأَوْجَعْتُك ضَرْبًا، وَالسَّبَبُ فِى ذَلِكَ أَنَّ الْفِطْرَ يَوْمَ يُفْطِرُ النَّاسُ، وَهُوَ يَوْمُ الْعِيدِ.
[ابْنُ تَيْمِيَةَ فِى مَجْمُوعِ فَتَاوِيهِ]

ഉമർ ﵁ ന്റെ കാലത്ത് രണ്ടാളുകൾ ശവ്വാൽ മാസപ്പിറവി കണ്ടത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ഒരാൾ നോമ്പു മുറിച്ചു. അപരൻ മുറിച്ചതുമില്ല. അത് ഉമർ ﵁ അറിഞ്ഞപ്പോൾ നോമ്പ് മുറിച്ച വ്യക്തിയോട് ഇപ്രകാരം പറഞ്ഞു: "നിന്റെ കൂട്ടാളി ഇല്ലായിരുന്നുവെങ്കിൽ നിന്നെ ഞാൻ അടിച്ച് വേദനിപ്പിക്കുമായിരുന്നു." അതിനുള്ള കാരണം, ഫിത്വ്ർ നടത്തേണ്ടത് ജനങ്ങൾ ചെറിയ പെരുന്നാൾ ആഘോഷിക്കുന്ന ദിവസമാണ്. അന്നാണ് പെരുന്നാൾ ദിനം. (ഇബ്നു തൈമിയ്യഃ ഫതാവായിൽ രേഖപ്പെടുത്തിയത്)

ഉമർ ﵁ വിന്റെ മേൽ നടപടിയിൽ എല്ലാം വ്യക്തമാണ്. പിറവി കണ്ടാൽ അത് ഭരണാധികാരിയെ അറിയിക്കണം. ഭരണാധികാരി സാക്ഷ്യം പരിശോധിച്ച് ഉറപ്പു വരുത്തുകയും മാസം കണ്ട വിവരം പ്രഖ്യാപിക്കുകയും ചെയ്യാതെ ഒരാൾക്കും സ്വന്തം നിലയിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ പാടില്ല. സാമൂഹിക മാനങ്ങൾ ഉൾക്കൊണ്ടും നടപടിക്രമങ്ങൾ പൂർത്തീകരിച്ചുമല്ലാതെ വ്യക്തികൾക്കും കക്ഷികൾക്കും അവരവരുടെ സ്വന്തം നിലയിൽ കാര്യങ്ങൾ തീരുമാനിക്കാൻ അവകാശമില്ല. അത് മുസ്ലിം ഐക്യത്തിന് തുരങ്കം വെക്കുകയേയുള്ളൂ. അത് സമുദായത്തിൽ കൂടുതൽ ഭിന്നതകൾക്കും കക്ഷിവഴക്കുകൾക്കും വഴിമരുന്നിടുകയും ചെയ്യും. അതാണല്ലോ ഇന്നു നാം അനുഭവിക്കുന്നതും.

മേൽ വസ്തുതക്ക് അടിവരയിടുന്നതാണ് കേരളീയ മുസ്ലിം സമൂഹത്തിന്റെ സമകാലിക സാഹചര്യങ്ങൾ. പിറവി കണ്ട സാക്ഷ്യം പരിശോധിക്കാനും അത് പ്രഖ്യാപിക്കാനും അധികാരമില്ലാത്ത വ്യക്തികളും ഗ്രൂപ്പുകളും കാഴ്ചയെ അടിസ്ഥാനമാക്കി

യും അല്ലാതെയും തോന്നിയ പോലെ നോമ്പും പെരുന്നാളും പ്രഖ്യാപിക്കുന്നു. അതിനുള്ള അധികാരം (mandate) ആരാണ് അവർക്ക് നൽകിയതെന്ന ഒരു ചോദ്യം പോലും ഒരു കോണിൽ നിന്നും ഉയരുന്നില്ല. അതിനു കാരണം ഈ കുളിമുറിയിൽ എല്ലാവരും സമമായതു കൊണ്ടാണോ എന്നു പോലും തോന്നിപ്പോവുകയാണ്. ഏതായാലും അത് മുസ്ലിം ഐക്യത്തിനേൽപ്പിക്കുന്ന ആഘാതം ചെറുതല്ല. ഓരോ വർഷവും കൃത്രിമമായ ഒരോരോ പരിഹാരവുമായി അവർ വീണ്ടും വരും. അതൊരു പരിഹാരമാകാതെ, പുതിയൊരു പ്രശ്നമായി സമൂഹത്തിൽ അവശേഷിക്കും. അങ്ങനെ ധ്രുവീകരണത്തിന്റെ ചുഴിയിൽ കൂടുതൽ കൂടുതൽ നാം ആണ്ടു പോകും. അല്ലാഹു അധികാരം നൽകിയിട്ടില്ലാത്ത, ബൈഅത്തിലൂടെ പ്രജകളുടെ വിശ്വാസമാർജ്ജിച്ചിട്ടില്ലാത്ത ആരു തന്നെ രംഗത്തു വന്നാലും മുസ്ലിം സമൂഹം ഒന്നടങ്കം അവരെ സ്വീകരിക്കില്ല. അത് ഒരു പുതിയ പിളർപ്പായി, ഭിന്നതയായി സമൂഹത്തെ ക്ഷയിപ്പിച്ചു കൊണ്ടിരിക്കുകയേയുള്ളു.

ഇതിന് ശർഇന്റെ പരിഹാരമെന്താണ്? അല്ലാഹു അധികാരം നൽകിയിട്ടില്ലാത്ത, ജനങ്ങൾ ബൈഅത്ത് ചെയ്ത് ചുമതല ഏറ്റെടുത്തിട്ടില്ലാത്ത ആരും മാസപ്പിറവി തീരുമാനിക്കാൻ മുതിരരുത്. മുസ്ലിം ഐക്യത്തിൽ ഏറ്റവും എളിമയാർന്ന താൽപര്യമെങ്കിലും ഉള്ളവരാരും പുതിയ ഒരു ഭിന്നതക്ക് കാരണമാകാതെ മാറിനിൽക്കാനുള്ള മര്യാദ കാണിക്കണം. കൂടാതെ, വ്യാജമായ അവകാശവാദവുമായി വരുന്നവനെ എല്ലാവരും ഒരുമിച്ച് തള്ളിക്കളയണം. സമൂഹത്തിൽ സ്വാധീന ശക്തിയുള്ള പ്രമാണിമാർക്ക് ഇതിൽ പലതും ചെയ്യാനുണ്ട്.

## ഭരണാധികാരിയില്ലെങ്കിൽ എന്ത് ചെയ്യും?

നമുക്ക് ഇവിടെ മുസ്ലിം ഭരണാധികാരിയില്ലല്ലോ. ഭരണാധികാരി ഉണ്ടായിട്ടേ നോമ്പും പെരുന്നാളും ആചരിക്കേണ്ടതു

ള്ളു? ഇതായിരിക്കും അധികപേരുടെയും ആദ്യപ്രതികരണം. വിഷയത്തെ വൈകാരികമായി സമീപിക്കാതെ, സമചിത്തതയോടെ ശർഇന്റെ കൽപനകളിലേക്ക് മടങ്ങുക നാം. അതിൽ മതിയായ വിശദീകരണമുണ്ട്. പ്രായോഗികമായ പരിഹാരമുണ്ട്. അത് സ്വീകരിക്കാനുള്ള സത്യസന്ധതയും ഹൃദയവിശാലതയും നാം കൈക്കൊണ്ടാൽ മതി. സംഘടനാ പക്ഷപാതം കൊണ്ട് ആന്ധ്യം ബാധിച്ചിട്ടില്ലാത്ത കണ്ണുകൾക്കും മനസ്സുകൾക്കും അതിൽ മുന്നോട്ടു പോകാനുള്ള വെളിച്ചം കണ്ടെത്താനാകും.

പ്രാഥമികമായി വേണ്ടത്, ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ ഒറ്റ സമുദായമാണെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളാൻ ഓരോ മുസ്‌ലിമും സന്നദ്ധമാകണം എന്നതാണ്. നോമ്പ്, പെരുന്നാൾ പോലുള്ള സാമൂഹികമായ ആചാര വിശേഷങ്ങളിൽ ഈ ഐക്യം പ്രതിഫലിച്ചു കാണണം എന്ന നിർബ്ബന്ധ ബുദ്ധി കൂടി വേണം. അതിനായി അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുകയും, വഹ്‌യിൽ നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കുകയുമാണ് വേണ്ടത്. അഥവാ, പിറവി കാണുന്നതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം നോമ്പും പെരുന്നാളും തീരുമാനിക്കേണ്ടത്. അതു പോലെ, കാഴ്ചയുടെ കാര്യത്തിൽ ഹദീസുകളിൽ നിർദ്ദേശിക്കപ്പെട്ട സാർവലൗകികത അംഗീകരിക്കണം. തെറ്റായി കടത്തിക്കൂട്ടിയ പ്രാദേശികവാദവും കക്ഷിപിടുത്തവും വെടിയണം. പിറവി ലോകത്ത് എവിടെ കണ്ടാലും ഒരു മുസ്‌ലിം ഭരണാധികാരി പരിശോധിച്ച് ഉറപ്പുവരുത്തി പ്രഖ്യാപിച്ചാൽ ആ വിവരം യഥാസമയം കിട്ടുന്നുവെങ്കിൽ അത് സ്വീകരിച്ചു പ്രവർത്തിക്കണം. അങ്ങനെ ഒറ്റക്കു നിൽക്കാതെ, സങ്കുചിതമായ പ്രാദേശിക വാദത്തിന്റെയും കക്ഷിത്വത്തിന്റെയും ഭാഗമാകാതെ, സർവ്വലോക മുസ്‌ലിം ഐക്യത്തിൽ അണിനിരക്കണം. ഇതാണ് ശർഇന്റെ വിധി.

ആശയ വിനിമയോപാധികളിലുണ്ടായിട്ടുള്ള സാങ്കേതിക

മികവ് ഇന്ന് ഇക്കാര്യത്തിൽ നമുക്ക് വലിയൊരനുഗ്രഹമാണ്. പിറവി കാണുന്നതും, ഒരു മുസ്‌ലിം ഭരണാധികാരി ആ സാക്ഷ്യം പരിശോധിച്ച് ഉറപ്പുവരുത്തി ഹിലാൽ പ്രഖ്യാപിക്കുന്നതും തത്സമയം തന്നെ ലോകത്തിന്റെ മുക്കുമൂലകളിൽ എത്തിക്കുക എന്നത് ഇന്ന് നമുക്ക് ഒട്ടും ബുദ്ധിമുട്ടുള്ള കാര്യമല്ല.

പ്രശ്നത്തിന്റെ കാതൽ മറ്റൊന്നാണ്. ഒരു നന്മയും പുലരാൻ അനുവദിക്കാത്ത അമിതമായ സംഘടനാ ബോധവും കക്ഷിത്വവുമാണ് ഇവിടെയും വില്ലൻ. സംഘടനാ ജീവികൾക്ക് സംഘടനാ താൽപര്യമാണ് വലുത്. അതു കഴിഞ്ഞേ സത്യമുള്ളൂ, ശർഅ് ഉള്ളൂ, അല്ലാഹുവിന്റെ ദീൻ ഉള്ളൂ. അതിനർത്ഥം അവർ ഐക്യത്തെ കുറിച്ച് സംസാരിക്കില്ല എന്നല്ല. അത് മനസ്സിൽ തട്ടാത്ത നാവിൻ പുറത്ത് ഒഴുകി നടക്കുന്ന പൊയ്‌വാക്കു മാത്രമാണ്. '0' വട്ടത്തിലുള്ള ഒരു ചെറു പ്രദേശത്തെ നൂറായിരം ഗ്രൂപ്പുകളിലൊന്നിനു വേണ്ടി കക്ഷിപിടിക്കുകയും എന്നിട്ട് ആഗോള മുസ്‌ലിം ഐക്യത്തെ കുറിച്ച് വലിയ വായിൽ സംസാരിക്കുകയും ചെയ്യുന്നവർ സ്വയം വിഡ്ഢികളാവുകയാണ്. സംഘടനകളുടെയും ഗ്രൂപ്പുകളുടെയും കക്ഷിതാൽപര്യങ്ങൾ മാറ്റിവെച്ച് ശർഇന്റെ കൽപനകൾക്കു കീഴ്‌പ്പെടണം. ഇമാം അൽബാനി ﵀ യുടെ വാക്കുകൾ ശ്രദ്ധിക്കൂ:

ففي الحديث أن المسلم إذا أدرك مثل هذا الوضع فعليه حينذاك ألا يتحزب ولا يتكتل مع أي جماعة أو مع أي فرقة ما دام أنه لا توجد الجماعة التي عليها إمام مبايع للمسلمين. [الألباني في سلسلة الهدى والنور رقم الشريط ٢٠٠]

ഈ ഹദീസിലുള്ളത്, ഇതുപോലുള്ള അവസ്ഥ ഒരു മുസ്‌ലിമിന് എത്തിയാൽ, ഒരു ജമാഅത്തും അവരുടെ മേൽ ബൈഅത്ത് ചെയ്യപ്പെട്ട ഇമാമും മുസ്‌ലിംകൾക്കില്ലാത്ത കാലത്തോളം അവൻ ഒരു സംഘടനയിലും ചേരാൻ പാടില്ല. ഏതെങ്കിലും കക്ഷികളുടെയോ വിഭാഗങ്ങളുടെയോ കൂടെ ഒരു ബ്ലോക്കാ

യി നിൽക്കാനും പാടില്ല എന്നാണ്. (അൽബാനി | സിൽസില ത്തുൽ ഹുദാ വന്നൂർ, കാസറ്റ് നമ്പർ 200)

കേരളത്തിലുള്ള മുസ്‌ലികളെല്ലാവരും ഏകോപിച്ച് ഒരേ ദിവസം നോമ്പോ പെരുന്നാളോ ആചരിക്കാൻ തീരുമാനിച്ചാൽ എന്തു ചെയ്യണം? അവരുടെ കൂടെ നിൽക്കണോ അതോ ഭര ണാധികാരിയെ തേടിപ്പോകണോ? സ്ഥിരമായി കേൾക്കാറുള്ള ഒരു പരിഹാസമാണിത്. തീർത്തും നിരർത്ഥകവും സാങ്കൽപിക വുമായ കാര്യം. ജനങ്ങളെ നിയന്ത്രിക്കാൻ നിയമപരമായി അധി കാരമുള്ള ഒരു ഭരണാധികാരിയില്ലെങ്കിൽ എല്ലാവരും ഒരു കാ ര്യത്തിൽ യോജിക്കുക എന്നത് ഉണ്ടാവില്ല. അവർ ഭിന്നിക്കും, അതുറപ്പാണ്. അതാണ് പ്രസിദ്ധമായ ഹദീസു ഹുദൈഫഃ ﵁ നൽകുന്ന പാഠങ്ങളിലൊന്ന്. അതിനാൽ ഇത്തരം സാങ്കൽപിക കാര്യങ്ങളിൽ തല പുകയ്ക്കാനില്ല. അതിനു മാത്രം ആയുർ ദൈർഘ്യം നൽകപ്പെട്ടിട്ടുമില്ല. ഒരു ഭരണാധികാരിയുടെ പ്രഖ്യാ പനം അംഗീകരിച്ച് മുസ്‌ലിം ലോകത്തോടൊപ്പം നിൽക്കുക എന്നതു മാത്രമാണ് ശർഅ് നൽകുന്ന ഉത്തരം.

എന്നാൽ ഐക്യത്തിന്റെ കാര്യത്തിൽ കേരളീയർ അത്ര ത്തോളം ഉണർന്ന് പ്രവർത്തിക്കുമെന്ന് സങ്കൽപിക്കുന്നവർക്ക്, സത്യമംഗീകരിക്കുന്ന കാര്യത്തിൽ കൂടി ഒരു സങ്കൽപനം നട ത്താമായിരുന്നില്ലേ? അവർ ഒന്നടങ്കം ഒരു ഭരണാധികാരിയുടെ പ്രഖ്യാപനം അംഗീകരിച്ച് മുസ്‌ലിം ലോകത്തോടൊപ്പം നിന്നാ ലോ എന്നു കൂടി ചോദിക്കാമായിരുന്നു. എങ്കിൽ ആ സങ്കൽപ നത്തിന് സത്യത്തിന്റെ ഒരു ചൂരും ചുവയുമെങ്കിലും ഉണ്ടാകുമാ യിരുന്നു.

ഇതു പോലെ, ആശയക്കുഴപ്പമുണ്ടാക്കാൻ വേണ്ടി മാത്രം നടത്തുന്ന ഒരു യമണ്ടൻ പ്രചാരവേലയാണ് ഇവർ സൗദിയെ പിന്തുടരുന്നവരാണെന്നത്. പിറവി സംബന്ധിച്ച ഈ ചർച്ച യിൽ ഒരിടത്തും സൗദിയെ പിന്തുടരുന്ന കാര്യം പറഞ്ഞിട്ടില്ല.

മറിച്ച് മറ്റു രാജ്യങ്ങളിൽ കണ്ട കാഴ്ച സമയത്ത് ലഭിച്ചാൽ അവർക്കും ബാധകമാണെന്ന് പറഞ്ഞിട്ടുണ്ട് താനം. ഉത്തരാധികാരികളായ ഖുലഫാക്കളുടെ കാലത്തും തുടർന്നും ദൂരദിക്കുകളിൽനിന്ന് വരുന്ന ഹാജിമാരോട് അവരുടെ നാട്ടിൽ പിറവി കണ്ടതിനെ കുറിച്ച് ആരായുകയും അത് സ്വീകരിച്ച് അറഫാദിനം നിശ്ചയിക്കുകയും ചെയ്യുന്ന രീതിയാണ് മുൻകാലത്ത് നിലനിന്നിരുന്നത്. ഇക്കാര്യം കാര്യം നടേ ചുണ്ടിക്കാണിച്ചിട്ടുള്ളതാണ്.

പിറവി നോക്കുന്ന കാര്യത്തിൽ ഇന്ന് സൗദി അറേബ്യ പുലർത്തുന്ന ശ്രദ്ധയും സൂക്ഷ്മതയും വളരെ വലുതാണ്. അവർ വഹിക്കുന്ന നേതൃപരമായ പങ്ക് ആർക്കും നിഷേധിക്കാനമാവില്ല. അതുപോലെ കാര്യക്ഷമമായ ഒരു നടപടി മറ്റൊരു രാജ്യത്തും നടക്കുന്നില്ല. അതുകൊണ്ടു തന്നെയാണ് പിറവിക്കാര്യത്തിൽ മിക്ക അറബ്-മുസ്ലിം രാജ്യങ്ങളും ലോകത്തെങ്ങുമുള്ള മുസ്ലിം ന്യൂനപക്ഷങ്ങളും സൗദിയുടെ തീരുമാനത്തിന് കാതോർക്കുന്നത്. അത് സ്വാഭാവികമാണ്.

കൂടാതെ, ഹജ്ജിന്റെ കർമ്മങ്ങൾ നടക്കുന്നത് മക്കയിലാണ്. ബലിപെരുന്നാളുമായി ബന്ധപ്പെട്ട അനുഷ്ഠാന മുറകളുടെയെല്ലാം അടിസ്ഥാനം ബലിയാണ്. അതും അവിടെ തന്നെയാണ് നടക്കുന്നത്. ഇതരം മുസ്ലിം പട്ടണങ്ങൾ ഇക്കാര്യത്തിൽ മക്കയെ പിന്തുടരുകയാണ് ചെയ്യുന്നത്. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ ﷺ ഇക്കാര്യം വിശദീകരിക്കുന്നുണ്ട്. അതു കൂടി കാണുക:

أَنَّ الذَّبْحَ بِالْمَشَاعِرِ أَصْلٌ، وَبَقِيَّةُ الْأَمْصَارِ تَبَعٌ لِمَكَّةَ، وَلِهَذَا كَانَ عِيدُ النَّحْرِ الْعِيدَ الْأَكْبَرَ، وَيَوْمُ النَّحْرِ يَوْمَ الْحَجِّ الْأَكْبَرِ، لِأَنَّهُ يَجْتَمِعُ فِيهِ عِيدُ الْمَكَانِ وَالزَّمَانِ. [ابْنُ تَيْمِيَةَ فِى مَجْمُوعِ فَتَاوِيهِ]

മക്കയിലെ പുണ്യഭൂമിയിൽ വെച്ചുള്ള അറവാണ് അടിസ്ഥാനം.

മറ്റു പട്ടണങ്ങളെല്ലാം ഇക്കാര്യത്തിൽ മക്കയെ പിന്തുടരുകയാണ് ചെയ്യുന്നത്. അതു കൊണ്ടാണ് ബലിയറുത്ത് നടത്തുന്ന പെരുന്നാൾ വലിയ പെരുന്നാളായതും, അറവിന്റെ ദിവസം ഹജ്ജിന്റെ മഹാദിനമായതും. കാരണം, അതിൽ സ്ഥല-കാലങ്ങളുടെ ആഘോഷങ്ങൾ സംഗമിക്കുന്നു. (ഇബ്ന തൈമിയ്യഃ ഫതാവായിൽ രേഖപ്പെടുത്തിയത്)

സംശയരോഗം പരത്തുന്ന വക്രമനസ്സുകൾ ഉയർത്തിവിടുന്ന മറ്റൊരു പ്രശ്നം, മക്കയുടെ എതിർ ദിശയിൽ സ്ഥിതിചെയ്യുന്ന നാടുകളിലുള്ളവർക്ക് എങ്ങനെയാണ് ഹാജിമാർ അറഫഃയിൽ നിൽക്കുന്ന സമയത്ത് തന്നെ അറഫാ നോമ്പ് പിടിക്കാൻ കഴിയുക എന്നുള്ളതാണ്. ശുദ്ധമായ ഒരു അസംബന്ധം മാത്രമാണിത്. രണ്ടു കാര്യങ്ങൾ ഓർക്കുക:

ഒന്ന്: ഹാജിമാർ അറഫയിൽ നിൽക്കുന്ന സമയത്തു തന്നെ അറഫാ നോമ്പ് പിടിക്കണമെന്നതിന് പ്രമാണങ്ങളുടെ പിൻബലമില്ല. അഹ്ലുസ്സുന്നത്തിൽപെട്ട ആരും അങ്ങനെ പറഞ്ഞിട്ടുമില്ല. പരിഗണനീയമായ പണ്ഡിതാഭിപ്രായങ്ങൾ പോലുമില്ല. അത് ഒട്ടും പ്രായോഗികവുമല്ല. മറിച്ച്, അറഫാ ദിവസം ഒന്നേയുള്ളു. അത് ദുൽഹിജ്ജഃ ഒമ്പതിനാണ്. ദുൽഹിജ്ജഃ ഒമ്പത് പറമ്പും പ്രദേശവും നാടും മാറുന്നതിനുസരിച്ച് മാറുന്ന ഒന്നല്ല. ഇതാണ് ഇമാമുകളുടെയും മുഹഖിഖുകളായ പണ്ഡിതന്മാരുടെയും പക്ഷം.

രണ്ട്: മക്ക മനുഷ്യാധിവാസ കേന്ദ്രങ്ങളുടെ മധ്യത്തിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ നിന്ന് കിഴക്കോട്ട് 12 മണിക്കൂറും, പടിഞ്ഞാറോട്ട് 12 മണിക്കൂറും ചേരുന്നതാണ് ഭൂമിയിലെ ഒരു ദിവസം. അതു കൊണ്ട് തന്നെ, ലോകത്തിന്റെ ഏത് കോണിൽ വസിക്കുന്നവനും അറഫാ ദിവസം തന്നെ അറഫാ നോമ്പ് പിടിക്കാൻ കഴിയും. അറഫാ ദിനം നോമ്പ് നോൽക്കാനാണ് ഹദീസുകളിൽ കൽപനയുള്ളത്. ഹാജിമാർ അറഫഃയിൽ നിൽക്കുന്ന സമയത്തല്ല. ദിവസക്കണക്ക് പറയുമ്പോൾ സമയക്കണക്ക്

പറയുന്നതു കൊണ്ടാണ് ഈ ആശയക്കുഴപ്പമുണ്ടാകുന്നത്.

ഇനി നാം യാചിക്കുക! അല്ലാഹുവിനോട്, അവനോട് മാത്രം. സത്യം മനസ്സിലാക്കാനും അത് അംഗീകരിക്കാനുമുള്ള തൗഫീഖ് നൽകണേ, റഹ്മാനേ, ആമീൻ.

## വാൽക്കഷ്ണം

മുസ്ലിം ലോകത്ത് ജീവിച്ചിരിക്കുന്നവരും മരിച്ചു പോയവരുമായ സലഫി പണ്ഡിതന്മാരിൽ ചിലർ പ്രാദേശികമായ കാഴ്ച വേണം എന്ന അഭിപ്രായക്കാരാണല്ലോ? ഓരോ നാട്ടുകാരും അവിടുത്തെ കാഴ്ചയെയാണ് അവലംബിക്കേണ്ടത് എന്നാണല്ലോ അവർ പറയുന്നത്? അവരും മൻഹജിൽ പിഴച്ചോ?

ലളിതമാണ് ചോദ്യം. അൽപം നിരീക്ഷണ പാടവവും വിശകലന ശേഷിയുമുണ്ടെങ്കിൽ അല്ലാഹുവിന്റെ അനുമതിയോടെ അതിനുള്ള ഉത്തരം ഈ ലഘുലേഖയിൽനിന്ന് തന്നെ സ്വയം മനസ്സിലാക്കാവുന്നതേയുള്ളു.

ചോദ്യത്തിൽ സൂചിപ്പിച്ചതു പോലെ, ആധുനികരായ ചില സലഫി പണ്ഡിതന്മാരും അല്ലാത്തവരും ഓരോ നാട്ടുകാരും അവരവരുടെ കാഴ്ചയെയാണ് അവലംബിക്കേണ്ടത് എന്ന് പറഞ്ഞിട്ടുണ്ട്. ചിലരെങ്കിലും മറ്റു നാടുകളിലെ കാഴ്ച സ്വീകരിക്കാവതല്ലെന്നു വ്യക്തമായി പറഞ്ഞിട്ടുമുണ്ട്. അതു കൊണ്ട് മാത്രം അവർ മൻഹജിൽനിന്ന് പുറത്തു പോകുന്നില്ല. കാരണം ഈ പ്രശ്നത്തിൽ മതവിധി കണ്ടെത്താൻ അവർ മൻഹജിനു വിരുദ്ധമായ രീതി അവലംബിച്ചിട്ടില്ല. മറിച്ച്, തീർത്തും മൻഹജിന് അനുരൂപമായിട്ടാണ് അവർ നീങ്ങിയത്. ഓരോ കാര്യവും സൂക്ഷ്മമായി തന്നെ നമുക്ക് വിശകലനം ചെയ്യാം:

1. വഹ്യിന്റെ രണ്ടു പ്രകാരങ്ങളായ ഖുർആനിൽനിന്നും സുന്നത്തിൽനിന്നും മാത്രമായിരുന്നു ഈ വിഷയത്തിൽ അവർ അറിവും തെളിവും സ്വീകരിച്ചത്.

2. ഈ പ്രശ്നത്തിൽ ബുദ്ധിക്കും യുക്തിക്കും പ്രമാണരേഖ കളെക്കാൾ അവർ മുൻഗണന കൽപിച്ചിട്ടില്ല.
3. ഇവ്വിഷയകമായി വന്ന പ്രമാണവാക്യങ്ങൾ സലഫുകളുടെ ഗ്രാഹ്യമനുസരിച്ച് മാത്രം വായിക്കുകയും മനസ്സിലാക്കുക യും വ്യാഖ്യാനിക്കുകയും പ്രയോഗവത്ക്കരിക്കുകയും ചെ യ്യണം എന്നതു തന്നെയായിരുന്നു അവരുടെ നിലപാട്.
4. ഈ മസ്അലഃയിലും മറ്റു വിഷയങ്ങളിലെന്ന പോലെ അറിയാത്ത കാര്യങ്ങൾ യോഗ്യരായ പണ്ഡിതന്മാരിലേക്ക് മടക്കുകയും അവരിൽനിന്ന് അറിവ് തേടുകയും ചെയ്യുക എന്ന നിലപാട് തന്നെയാണ് അവർക്കുള്ളത്.
5. ജീവിതത്തിലെ മുഴുപ്രശ്നങ്ങളിലുമെന്ന പോലെ ഈ കാ ര്യത്തിലും അല്ലാഹുവിന്റെയും റസൂലിന്റെയും ശാസന കൾ ചോദ്യം ചെയ്യാതെ, വിസമ്മതമില്ലാതെ, വിമ്മിട്ടമില്ലാ തെ സ്വീകരിക്കുകയും അവയ്ക്ക് സർവഥാ കീഴ്പ്പെടുകയും ചെയ്യുക എന്നതാണ് അവരുടെ ഉറച്ച നിലപാട്.
6. ഈ മസ്അലഃയിലും അവർ സമർപ്പണത്തിന്റെയും വിന യത്തിന്റെയും വഴിവിട്ട് തർക്കങ്ങളിലേക്കും സംവാദങ്ങളി ലേക്കും പോയിട്ടില്ല.
7. കക്ഷിതാൽപര്യത്തിലോ മറ്റേതെങ്കിലും തരത്തിലുള്ള ഭി ന്നതയിലോ അവർക്ക് പങ്കില്ല. ഈ വിഷയത്തിലും മു സ്ലിംകളെ ഒറ്റ സമുദായമായി കാണുകയും, അല്ലാഹു വിന്റെ പാശം മുറുകെ പിടിക്കുക എന്ന അടിത്തറയിൽ മുസ്ലിം ഐക്യത്തിനു വേണ്ടി നിലകൊള്ളുകയുമാണ വർ ചെയ്തിട്ടുള്ളത്.

പിറവി കാണുന്ന വിഷയത്തിൽ മുകളിൽ പറഞ്ഞ ഏഴു കാര്യങ്ങളിലും അവർ സച്ചരിതരായ സലഫുകളുടെ മാർ ഗ്ഗം അതേപടി പിന്തുടരുകയും അതിലേക്ക് ജനങ്ങള ക്ഷ

ണിക്കുകയും ചെയ്തു. അതിനാൽ അവർ മൻഹജിൽ പിഴച്ചു എന്ന് പറയാനാവില്ല. വിവരംകെട്ട ഒരു അക്രമിയല്ലാതെ അവരെ കുറിച്ച് അങ്ങനെ ആരോപിക്കുകയുമില്ല.

8. ഈ മസ്അലഃയുടെ മതവിധി കണ്ടെത്തുന്നതിൽ അവർക്ക് നോട്ടപ്പിശക് സംഭവിച്ചത് എവിടെയാണ്? അതുകൂടി നമുക്ക് പരിശോധിക്കാം. ദൂരദിക്കുകളിൽ പിറവി കണ്ട വിവരം നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാതെ പോയാൽ ഓരോ നാട്ടിലും അവിടുത്തെ കാഴ്ചയെ അടിസ്ഥാനമാക്കിയാണ് അവിടുത്തെ ഭരണാധികാരികൾ തീരുമാനം കൈക്കൊള്ളേണ്ടത്. അഥവാ അവരുടെ നാട്ടിൽ 29ന് പിറവി കണ്ടാൽ അതനുസരിച്ചും, കാണത്ത പക്ഷം 30 പൂർത്തീകരിച്ചും മുന്നോട്ടു പോകണം. ദൂരദിക്കുകളിൽ ഒരു ദിവസം നേരത്തെ കണ്ട വിവരം മാസം അവസാനിക്കുന്നതിനിടക്ക് ലഭിച്ചാൽ അത് പരിഗണിക്കേണ്ടതില്ല. കുറൈബിന്റെ ഹദീസ് നൽകുന്ന ഈ ശരിയായ പാഠവും അവർ ഉൾക്കൊണ്ടു. അതിലും അവർക്ക് പിശക് സംഭവിച്ചിട്ടില്ല. അതു കൊണ്ടാണ് സൗദി അറേബ്യയിലും മറ്റു പല മുസ്ലിം നാടുകളിലും നമസ്കാരം ചുരുക്കി നമസ്കാരിക്കാവുന്നത്ര അകലങ്ങളിൽ പരന്നു കിടക്കുന്ന, ചന്ദ്രന്റെ വ്യത്യസ്ത ഉദയമേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പ്രദേശങ്ങളിലെല്ലാം ഒരേ ദിവസം നോമ്പും പെരുന്നാളും ആചരിക്കുന്നത്. നവവി ﵀ പറഞ്ഞ പ്രാദേശികമായ കാഴ്ച തന്നെ വേണം എന്ന അഭിപ്രായം അവിടങ്ങളിലൊന്നും നടപ്പിലാക്കുന്ന സ്ഥിതി വിശേഷമില്ല.

9. എന്നാൽ കുറൈബിന്റെ ഹദീസിന നവവി ﵀ നൽകിയ തെറ്റായ വ്യാഖ്യാനം ചിലരെ അൽപസ്വൽപം ആശയക്കുഴപ്പത്തിലാക്കി. അഥവാ ഓരോരോ നാട്ടുകാരും അവരവരുടെ നാട്ടിലെ കാഴ്ച അവലംബിക്കണം എന്നതിലേക്ക്

മറ്റു പ്രദേശങ്ങളിലെ കാഴ്ച സ്വീകരിക്കാൻ പാടില്ലെന്ന നവവിയൻ വീക്ഷണം കൂടി ചിലർ കൂട്ടിച്ചേർക്കുന്ന സ്ഥിതിയുണ്ടായി. അതേ പോലെ, മറ്റു നാടുകളിലെ കാഴ്ച യഥാസമയം കിട്ടിയില്ലെങ്കിൽ എന്ന നിബന്ധന ചിലപ്പോഴൊക്കെ അവർ വിസ്മരിക്കുന്ന അവസ്ഥയുമുണ്ടായി. ഈ കലർപ്പും പതർച്ചയും നവവി ﷺ ക്കു ശേഷം വന്ന ചില പണ്ഡിതന്മാരെ ബാധിച്ചു എന്നത് സത്യമാണ്. ഇക്കാര്യം സ്വിദ്ദീഖ് ഹസൻ ഖാൻ ﷺ തന്റെ അർറൗളത്തുന്നദിയ്യഃ ശർഹു അദ്ദുററിൽ ബഹിയ്യഃ എന്ന കൃതിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഈ ലഘുലേഖയിൽ തന്നെ നടേ ഉദ്ധരിച്ചിട്ടുള്ളതുമാണ്. ഇത് ആധുനക സലഫി പണ്ഡിതന്മാരിൽ ചിലരെയും വ്യത്യസ്ത അളവിൽ സ്വാധീനിച്ചിട്ടുണ്ട്. ഇതു മാത്രമാണ് അവർക്ക് സംഭവിച്ച പിശക്. അതിനെ കുറിച്ച് മൻഹജിൽ പിഴച്ചു എന്ന് പറയാൻ ഒരു നിർവ്വാഹവുമില്ല.

**10.** അഹ്ലുസ്സുന്നഃയിൽപെട്ട ഏതൊരാളും മതപരമായ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ പിന്തുടരേണ്ട മൻഹജിലും മാർഗ്ഗരീതികളിലും അവർക്ക് ഒരു വ്യതിയാനവും സംഭവിച്ചിട്ടില്ല. മറിച്ച്, പിറവി കാണുന്ന മസ്അലഃയുടെ വിശദാംശങ്ങളുമായി ബന്ധപ്പെട്ട ഒരു തെളിവിന്റെ വ്യാഖ്യാനത്തിൽ ചെറിയൊരു നോട്ടപ്പിശക് മാത്രമേ അവർക്ക് സംഭവിച്ചിട്ടുള്ളു. മൻഹജിലുള്ള വ്യതിയാനവും മസ്അലഃയിലുള്ള പിഴവും രണ്ടും രണ്ടു തന്നെ.

ദീനിന്റെയും മൻഹജിന്റെയും ഇത്തരം വിശദാംശങ്ങളിലേക്ക് അല്ലാഹു നമ്മുടെ മനസ്സ് തുറന്നിടാൻ കാരണക്കാരാക്കിയത് അവരെ തന്നെയാണ്. അവർ പഠിപ്പിച്ചു തന്ന അറിവിന്റെയും വെളിവിന്റെയും അടിസ്ഥാനത്തിലാണ് നമുക്ക് ഇത് പറയാനും വിശദീകരിക്കാനുമുള്ള കരുത്ത് ലഭിച്ചത്. സ്ഖലിതങ്ങൾ സംഭവിക്കാതിരിക്കാൻ ആരും മലക്കുകളല്ലല്ലോ. അതി

**നാൽ അല്ലാഹു അവരുടെയും നമ്മുടെയും വീഴ്ചകൾ പൊറുക്കുകയും നന്മകൾ സ്വീകരിക്കുകയും ചെയ്യട്ടെ, ആമീൻ.**

جزى الله علماءنا ومشائخنا عنا وعن المسلمين خير ما يجزى به عالم عن أمته، وجمعنا وإياهم في جنات النعيم، إنه سميع قريب مجيب.

അൽഹുദാ സലഫി ചാരിറ്റബിൾ ട്രസ്റ്റ്, കായക്കൊടി